www.viswasasamrakshakan.org

# വിശ്വാസസംരക്ഷകൻ

യാക്കോബായ സുറിയാനി ക്രിസ്ത്യാനികളുടെ പ്രസിദ്ധീകരണം

Vol. 1 Special Issue February 2007

## മഹാപരിശുദ്ധനായ ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവാ തിരുമനസ്സിന്റെ 75–ാം ദുക്റോനാ പെരുന്നാൾ



*With Prayers*

**Thengumtharayil Family, Ranni**



# JACOBITE SYRIAN CHRISTIAN CHURCH

**(UNDER THE HOLY SEE OF ANTIOCH AND ALL THE EAST)**

**BASELIUS THOMAS I CATHOLICOSE & METROPOLITAN TRUSTEE**

**PATRIARCHAL CENTRE**

**PUTHENCRUZ, ERANAKULAM**



വിശ്വാസസംരക്ഷകൻ ചീഫ് എഡിറ്റർ ബിബി എബ്രാഹാമിന് കർത്താവിൽ വാഴ്വ്

മഹാപരിശുദ്ധനായ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവ തിരുമനസ്സിലെ 75-ാം ദുക്റോന പെരുന്നാളിനോടനുബന്ധിച്ച് വിശ്വാസസംരക്ഷകൻ ഒരു പ്രത്യേക പതിപ്പ് പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ നാം സന്തോഷിക്കുന്നു. സത്യവിശ്വാസത്തിനുവേണ്ടി സ്വന്തം ജീവൻ നൽകിയ പ്രധാനാചാര്യനാണ് ബാവ. ഇന്നത്തെ പോലെ യാത്രാ സൗകര്യങ്ങളൊന്നുമില്ലാത്ത കാലത്ത് വളരെ ത്യാഗങ്ങൾ സഹിച്ചാണ് പരി. പിതാവ് ഇവിടെ എഴുന്നെള്ളിയത്. മലങ്കരയിൽ ശ്വാശ്വത സമാധാനം ഉണ്ടാകുവാൻ അവിടുന്ന് വളരെ ആഗ്രഹിച്ചു. പരി. പിതാവ് ആഗ്രഹിച്ച സമാധാനം പരിശുദ്ധ സഭയിൽ സംജാതമാകുവാൻ പ്രാർത്ഥിക്കാം. ആ പുണ്യപിതാവിന്റെ ഓർമ്മ, എന്നെന്നും സത്യവിശ്വാസത്തിൽ നിലനിൽക്കുവാൻ നമുക്ക് പ്രചോദനമാണ്. ലോകത്തിലേറ്റവും ദൈർഘ്യമേറിയ യാത്രയാണ് മഞ്ഞനിക്കരയിലേത്. പരിശുദ്ധന്റെ കബറിങ്കൽ നാനാജാതി മതസ്ഥർ വന്ന് അനുഗ്രഹം പ്രാപിക്കുന്നു. വിശ്വാസസംരക്ഷകൻ പ്രസദ്ധീകരണത്തിന്റെ പ്രവർത്തകരെ നാം അനുമോദിക്കുന്നു. സഭയുടെ വിശ്വാസസത്യങ്ങൾ ജനങ്ങളിലെത്തിക്കുവാൻ ഇതിന് കഴിയുന്നുണ്ട്.

ദൈവം അനുഗ്രഹിക്കട്ടെ

ഒപ്പ്


ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്ക, മെത്രാപ്പോലീത്തൻ ട്രസ്റ്റി



അഭി. എബ്രഹാം മോർ സേവേറിയോസ്




അഭി. യൂഹാനോൻ മോർ ഫീലക്സിനോസ്



അഭി. ഗീവർഗീസ് മോർ പോളികർപ്പോസ്



അഭി. തോമസ് മോർ തീമോത്തിയോസ്



അഭി. ജോസഫ് മോർ ഗ്രിഗോറിയോസ്



അഭി. കുറിയാക്കോസ് മോർ യൂലിയോസ്



അഭി. മാത്യൂസ് മോർ ഈവാനിയോസ്



അഭി. ഗീവർഗീസ് മോർ ദിവന്നാസിയോസ്



അഭി. യൂഹാനോൻ മോർ മിലിത്തിയോസ്



അഭി. കുറിയാക്കോസ് മോർ ദിയസ്കോറോസ്



അഭി. ഗീവർഗീസ് മോർ അത്തനാത്തിയോസ്



അഭി. ഡോ. കുറിയാക്കോസ് മോർ തെയോഫിലോസ്



അഭി. യൽദോ മോർ തീത്തോസ്



ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ്



അഭി. മാത്യൂസ് മോർ തേവോദോസിയോസ്



അഭി. പത്രോസ് മോർ ഒസ്താത്തിയോസ്



അഭി. മാത്യൂസ് മോർ അപ്രേം




അഭി. കുറിയാക്കോസ് മോർ യൗസേബിയോസ്




അഭി. ഡോ. ഗീവർഗീസ് മോർ കൂറിലോസ്



അഭി. മർക്കോസ് മോർ ക്രിസോസ്റ്റമോസ്



അഭി. ഏലിയാസ് മോർ അത്തനാസ്യോസ്



അഭി. കുറിയാക്കോസ് മോർ ഗ്രിഗോറിയോസ്



സഭാവൈദീകട്രസ്റ്റി വന്ദ്യ കണിയാംപറമ്പിൽ കുര്യൻ കോറെപ്പിസ്കോപ്പ



ബാർ ഈത്തോ കാശീറോ ജോർജ് മാത്യു തെക്കേത്തലയ്ക്കൽ



ബാർ ഈത്തോ മഹീറോ തമ്പു ജോർജ് തുകലൻ (സഭാ സെക്രട്ടറി)

**Editorial Board**

Very. Rev. Kuriakose Corepiscopa Moolayil (Chairman)
Rev. Fr. Kuriakose T. Abraham
Thomas Daniel (Reji), Cheppaud
Chev. K.O. Mathew, Konkara
Dr. Thomas Joseph
Prof. A.P. Eltho, Appackal
Prof. T.C. Thomas Thandasseril

Nibu M. John Chennithala
John Philip Kottapparampil
Biju Kurian Mathew
Manoj Mathew, Aryadanpakkal
C.K. Joy
Aju Mathew Mundackal (Circulation)
Chev.P.V. John, Punnamattom (Manager)
Bibby Abraham Kadavumbhagom
(Chief Editor)

Internet Edition Owned and supported by http://www. moradaistudycentre.cjb.net Cheeranchira, Changanacherry 686106 India

**Advisory Board**
Chairman: Thampu George Thukalan (Sabha Secretary)
Cammander George Mathew Thekkethalackal (Sabha Trusty)
Prof. Chev. M.A. Paulose

Chev. K.V. Paulose
Dr.K.C. Rajan
Chev. P.K. Paulose Kooran
Ommachen Venkadathu
Chev. Moncy Vavachen
Rev.Dn. Dr. Paul Samuel
Dr. Sinu P. John
Baby Gleeson Zacharia
Chev. Thomas Abraham
Babu Maracheril, Babu Jacob Nadayil

*Best Compliments.....*





**Congregation Members of**

**ST. MARY'S JACOBITE MOVEMENT**

**(SAMAJAM - Central),**

**Riyadh, Saudi Arabia**

*Best Compliments.....*





**Parish Members of**

**ST. GEORGE JACOBITE SYRIAN ORTHODOX CHURCH,**

**Cheppaud, Niranam Diocese**

**http://stgeorgecheppaud.org**

# പരിശുദ്ധനായ പാത്രിയർക്കീസ് ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ ബാവ (1867 – 1932)

Fr. K.M. Rajan M.Sc., M.Ed., Ph.D.

പരിശുദ്ധനായ ഏലിയാസ് തൃതീയൻ ബാവ 1867 ഒക്ടോബർ 13-ാം തീയതി മർദ്ദീനിൽ ജനിച്ചു. ഷാക്കീർ കുടുംബത്തിൽ വന്ദ്യ എബ്രഹാം കോറെപ്പിസ്കോപ്പായുടെയും മറിയാമിന്റെയും രണ്ടാമത്തെ മകനായി ജനിച്ച ബാവ, നാസിറി (ജയാളി) എന്ന പേരിലാണ് ആദ്യം അറിയപ്പെട്ടത് (ജോൺ, 1982).

പരിശുദ്ധ ബാവായ്ക്ക് 4 സഹോദരന്മാരും 3 സഹോദരിമാരും ഉണ്ടായിരുന്നു. മാതാവിന്റെ മരണശേഷം മൂത്ത സഹോദരി ഹെലീനയാണ് ബാവായെ വളർത്തിയത്. ജ്യേഷ്ഠ സഹോദരനായ ജോസഫിന്റെ മകൻ സഖറിയ, ബാവായുടെ സെക്രട്ടറി എന്ന നിലയിൽ ബാവായോടൊപ്പം മലങ്കരയിൽ വന്നിരുന്നു. ഇളയ സഹോദരനായ അപ്രേം, മൂസലിലെ ഒരു മെഡിക്കൽ ഡോക്ടറായിരുന്നു.

പരി. ബാവായുടെ പ്രാഥമിക വിദ്യാഭ്യാസം മർദ്ദീനിൽ തന്നെയായിരുന്നു. ബാലനായ നാസിറി കുർക്കുമ ദയറായിലെ ഒരു സ്ഥിരം സന്ദർശകനായിരുന്നു. ഇടക്കാലത്ത് ഒരു സർക്കാർ ആഫീസിൽ ജോലി നോക്കിയെങ്കിലും മൂന്നുമാസത്തിന് ശേഷം ജോലി രാജിവച്ചു.

പരിശുദ്ധനായ പത്രോസ് തൃതീയൻ ബാവ നാസിറിയെ കുറിച്ചറിഞ്ഞപ്പോൾ 40 പരിശുദ്ധന്മാരുടെ നാമത്തിലുള്ള സ്കൂളിൽ ചേർന്ന് ദൈവശാസ്ത്ര വിഷയങ്ങൾ പഠിക്കുന്നതിന് നിർദ്ദേശിച്ചു. ഏറ്റവും സമർത്ഥനായ ഒരു വിദ്യാർത്ഥി ആയിരുന്നു നാസിറി.

1887 ൽ (20 വയസ്സുള്ളപ്പോൾ) പരിശുദ്ധ പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവായിൽ നിന്നും ശെമ്മാശുപട്ടം സ്വീകരിച്ചു. പിന്നീട് ഏലിയാസ് എന്ന പേരിൽ അറിയപ്പെട്ടു. 1888 ൽ ഏലിയാസ് ശെമ്മാശനെ ശർവോയൊ റമ്പാനാക്കി. തുടർന്ന് അന്ത്യോഖ്യാ സിംഹാസന ആസ്ഥാനമായ കുർക്കുമ ദയറായിൽ താമസിച്ച് പഠനം പൂർത്തിയാക്കി. 1892 ൽ പരിശുദ്ധനായ പത്രോസ് തൃതീയൻ ബാവായിൽനിന്ന് കശീശ്ശ പട്ടം സ്വീകരിച്ചു. പരിശുദ്ധ ബാവായുടെ സ്വകാര്യ കാര്യദർശിയെന്ന നിലയിൽ ചുമതലകൾ നിറവേറ്റിയ ഏലിയാസ് കശീശ്ശ മർദ്ദീനിന് അടുത്തുള്ള ആമീദ് (ഡയർബക്കർ) മഹാ ഇടവകയുടെ ചുമതലകൾ കുറച്ചുനാൾ നിർവ്വഹിച്ചു. പരിശുദ്ധ പത്രോസ് തൃതീയൻ ബാവ (മുളന്തുരുത്തി സുന്നഹദോസ് 1876 ൽ വിളിച്ചു ചേർത്ത ബാവ) 1894 ൽ കാലം ചെയ്തപ്പോൾ ആമീദിലെ ചുമതലകൾ വിട്ട് ഏലിയാസ് കശീശ്ശ കുർക്കുമ ദയറായിലേയ്ക്ക് തിരിച്ചുവന്നു.

1895 ൽ പരിശുദ്ധനായ അബ്ദുൾ മ്ശിഹ പാത്രിയർക്കീസ് ബാവ ഷെരിയായിലേയും 1899 ൽ തുറബ്ദീനിലുള്ള (ടർക്കി) മിദിയാത്തിലെയും ഭദ്രാസന ഇടവകകളിൽ ഉണ്ടായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഏലിയാസ് കശീശ്ശായെ നിയോഗിച്ചു.

അന്നത്തെ തുർക്കി ഗവൺമെന്റ് അർമ്മേനിയൻ ക്രിസ്ത്യാനികളെ പീഡിപ്പിച്ചുകൊണ്ടിരുന്നപ്പോൾ എഴായിരത്തിലധികം അർമ്മേനിയൻ ക്രിസ്ത്യാനികൾക്ക് വി. കുര്യാക്കോസിന്റെ ദയറായിൽ അഭയം നൽകിയത് ഏലിയാസ് കശീശ്ശയായിരുന്നു. അർമ്മേനിയൻ ക്രിസ്ത്യാനികൾക്ക് ചെയ്തു കൊടുത്ത സഹായങ്ങൾ ഏറെ പ്രശംസിക്കപ്പെട്ടു.

പിന്നീട് കുറിയാക്കോസ് ദയറായുടെയും കുർക്കുമ ദയറായുടെയും തലവനായി അദ്ദേഹം നിയമിതനായി. ആ കാലഘട്ടത്തിൽ സ്ഥലങ്ങൾ വാങ്ങുകയും സ്കൂളുകൾ, പള്ളികൾ, ആശുപത്രികൾ എന്നിവ പണിയുകയും ചെയ്തു. ഏലിയാസ് കശീശ്ശായുടെ പ്രവർത്തനങ്ങൾ മൂലം ടർക്കിയിൽ അദ്ദേഹം പ്രസിദ്ധനാകുകയും ചെയ്തു.

41 വയസുള്ളപ്പോൾ (1908 ൽ) പരിശുദ്ധ അബ്ദുള്ള രണ്ടാമൻ പാത്രിയർക്കീസ് ബാവ ഏലിയാസ് കശീശ്ശായെ ഈവാനിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിച്ചു. മോർ ഈവാനിയോസ് ഏലിയാസ് ബാവ ഡയർബക്കർ ഭദ്രാസനത്തിന്റെ ചുമതലകൾ (1908-1911) നിർവ്വഹിച്ചു (ആർത്താറ്റ് കുന്നംകുളം സിംഹാസനപള്ളിയിൽ കബറടങ്ങിയിരിക്കുന്ന പരിശുദ്ധ ഒസ്താത്തിയോസ് സ്ലീബാ ബാവ, ഈവാനിയോസ് മെത്രാപ്പോലീത്തയോടൊപ്പമാണ് പട്ടമേറ്റത്). 1912 ൽ മൂസലിന്റെ മെത്രാപ്പോലീത്തയായി നിയമിതനായി.

1915 നവംബർ 26 -ാം തീയതി അബ്ദുള്ള ദ്വിതീയൻ പാത്രിയർക്കീസ് ബാവ കാലം ചെയ്തതിനെത്തുടർന്ന് മോർ ഈവാനിയോസ് ഏലിയാസ് മെത്രാപ്പോലീത്ത പാത്രിയർക്കീസായി തെരഞ്ഞെടുക്കപ്പെട്ടു. 1917 ൽ പാത്രിയർക്കാ സ്ഥാനാരോഹണം നടന്നു. തുർക്കി സുൽത്താനായ മുഹമ്മദ് റഷീദ്, പരിശുദ്ധനായ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ ബാവായ്ക്ക് ഫർമാൻ (അധികാരപത്രം) കൊടുത്തു. 1919 ൽ പരിശുദ്ധനായ ബാവ ടർക്കിയുടെ അന്നത്തെ തലസ്ഥാനമായ കോൺസ്റ്റാന്റിനോപ്പിൾ സന്ദർശിക്കുകയും ടർക്കി സുൽത്താൻ, പരിശുദ്ധ ബാവായ്ക്ക്, ഇസ്മാനിയ മെഡൽ സമ്മാനിക്കുകയും ചെയ്തു. 1922 ൽ യെരുശലേമിൽ എഴുന്നള്ളി ഏതാനും മാസങ്ങൾ താമസിച്ചു. ഈ കാലഘട്ടത്തിലാണ് ടർക്കിയിൽ ആഭ്യന്തര കലാപം ഉണ്ടായത്. തുടർന്ന് രാജഭരണം മാറി ജനാധിപത്യ ഭരണക്രമമനുസരിച്ച് ഗാസി മുസ്തഫാ കെമാൻ പാഷ അധികാരത്തിലെത്തി.

പരിശുദ്ധ ബാവ യേരുശലേമിൽ ഒരു മുദ്രാലയം സ്ഥാപിക്കുകയും അവിടെനിന്ന് അറബിയിലും സുറിയാനിയിലും മാസികകളും ആഴ്ചപതിപ്പുകളും പ്രസദ്ധീകരിക്കുന്നതിന് ആരംഭിക്കുകയും ചെയ്തു. 1923 ൽ മോർ യൂലിയോസ് ഏലിയാസ് മെത്രാപ്പോലീത്തയെ (അന്ത്യോഖ്യാ സിംഹാസന പ്രതിനിധി) വാഴിച്ചു.1927 ൽ (നവംബർ 11) മലങ്കര സഭയ്ക്കുവേണ്ടി പരിശുദ്ധ ബാവ വാഴിച്ച മെത്രാപ്പോലീത്തന്മാരാണ് ക്നാനായ സമുദായത്തിന്റെ മോർ ദിയസ്കോറോസ് തോമസ് മലങ്കരയുടെ ഗർജ്ജിക്കുന്ന സിംഹമെന്നറിയപ്പെട്ട പുണ്യശ്ലോകനായ മീഖായേൽ മാർ ദിവന്നാസ്യോസ് എന്നിവർ.

മലങ്കരസഭയിലെ കക്ഷി വഴക്കിന് പരിഹാരം കാണുന്നതിനായി പരിശുദ്ധ പാത്രിയർക്കീസ് ബാവ മലങ്കരയിൽ എഴുന്നള്ളുകയോ ഒരു പ്രതിനിധിയെ അയയ്ക്കുകയോ ചെയ്യണമെന്നപേക്ഷിച്ചുകൊണ്ട് അന്നത്തെ ഇൻഡ്യൻ വൈസ്രോയി ഉർവ്വിൻ പ്രഭു 1930 ഡിസംബർ 1 ന് പരിശുദ്ധ ബാവായ്ക്ക് ഒരു ക്ഷണക്കത്തയച്ചു. പരിശുദ്ധ ബാവ ചില ഉപാധികളോടെ ക്ഷണക്കത്ത് സ്വീകരിച്ചുകൊണ്ട് ഡിസംബർ 15 ന് മറുപടി അയച്ചു.

ഹൃദ്രോഗ ബാധിതനായിരുന്ന പരി. ബാവ ഇൻഡ്യയിലേയ്ക്ക് യാത്ര ചെയ്യുന്നത് അഭിലഷണീയമല്ലെന്ന് ഡോക്ടർമാർ ഉപദേശിച്ചു. 75 വയസുണ്ടായിരുന്ന മൂത്ത സഹോദരിയും പരിശുദ്ധ ബാവ യാത്ര ചെയ്യരുതെന്ന് കണ്ണീരോടെ അപേക്ഷിച്ചു. പരിശുദ്ധ ബാവായുടെ മറുപടി ശ്രദ്ധേയമായിരുന്നു. "നാം ഇവിടെ തന്നെ താമസിച്ചാലും ഒരു ദിവസം മരിക്കും നാം ഇൻഡ്യയിലായിരിക്കുമ്പോൾ മരിച്ചെന്ന് വരാം. നാം മലങ്കരയിലെ നമ്മുടെ മക്കൾക്കുവേണ്ടി നമ്മുടെ ജീവനെ ബലികഴിക്കുന്നു".

പരിശുദ്ധ ബാവ 1931 ഫെബ്രുവരി ആറാം തീയതി മൂസലിൽ നിന്ന് യാത്ര തിരിച്ചു. യാത്രയിൽ മോർ ക്ലിമീസ് യൂഹാനോൻ അബ്ബാച്ചി മെത്രാപ്പോലീത്ത, വന്ദ്യ കുറിയാക്കോസ് റമ്പാച്ചൻ (പിന്നിട് മോർ ഒസ്താത്തിയോസ് കുറിയാക്കോസ്), വന്ദ്യ യേശു ശമുവേൽ റമ്പാച്ചൻ (പിന്നീട് അമേരിക്കയിലെ ആർച്ച് ബിഷപ്പ് മോർ അത്താനാസിയോസ് യേശു ശമുവേൽ), സെക്രട്ടറി സഖറിയ ഷാക്കീർ, പരിഭാഷകനായ ഏലിയാസ് ഖദൂരി വക്കിൽ എന്നിവർ ബാവായെ അനുഗമിച്ചു.

പരി. ബാവായും സംഘ വും 1931 ഫെബ്രുവരി 28 ന് ബസ്രാ തുറമുഖത്ത് നിന്നും 'വാർസോവോ' എന്ന കപ്പലിൽ ഇൻഡ്യയിലേയ്ക്ക് യാത്ര തിരിച്ചു. 1931 മാർച്ച് 5 ന് കറാച്ചിയിൽ കപ്പലിറങ്ങി. ബാവായെ സ്വീകരിക്കുന്നതിന് അന്നത്തെ അന്ത്യോഖ്യാ പ്രതിനിധി മോർ യൂലിയോസ് ഏലിയാസ് ബാവ, ആലുവായിലെ മോർ അത്തനാസിയോസ് വലിയ തിരുമേനി എന്നിവരും, കശീശ്ശന്മാരും ശെമ്മാശന്മാരും വിശ്വാസികളും എത്തിയിരുന്നു. പരി. ബാവ 1931 മാർച്ച് 6-ാം തീയതി കറാച്ചിയിൽ നിന്ന് ട്രെയിൻ മാർഗ്ഗം യാത്ര ചെയ്ത് 8-ാം തീയതി ഡൽഹിയിലെത്തി വൈസ്രോയിയെ സന്ദർശിച്ചു. 12-ാം തീയതി മദ്രാസിലെത്തി ഗവർണർ, സർ ജോർജ് സ്റ്റാലിയെ സന്ദർശിച്ച്, മാർച്ച് 21 ന് ആലുവായിലെത്തി. 1931 മാർച്ച് 22-ാം തീയതി ആലുവ തൃക്കുന്നത്ത് സെമിനാരി പള്ളിയിൽ ബാവ വി. ബലിയർപ്പിച്ചു.



മലങ്കരയിലെ നിരവധി പള്ളികൾ സന്ദർശിച്ച ബാവ 1931 ലെ കഷ്ടാനുഭവ ശുശ്രൂഷകൾ കരിങ്ങാച്ചിറ പള്ളിയിൽ നിർവ്വഹിച്ചു. 1931 ജൂലൈ 5 ന് കുറുപ്പുംപടി പള്ളിയിൽ പള്ളിപ്രതിപുരുഷയോഗം ചേർന്നു. പാണമ്പടി പള്ളി ഒന്നിലധികം തവണ സന്ദർശിക്കുകയും 2 മാസത്തിലധികം അവിടെ താമസിക്കുകയും ചെയ്തു. 1932 ലെ ദനഹാ ശുശ്രൂഷകൾ പാക്കിൽ പള്ളിയിലാണ് നിർവ്വഹിച്ചത്.

1932 ഫെബ്രുവരി 11-ാം തീയതി മഞ്ഞനിക്കര മാർ സ്തേഫാനോസ് പള്ളിയിലെ ക്ഷണപ്രകാരം അവിടെ എത്തി. സമാധാന ശ്രമങ്ങൾ ഫലപ്രാപ്തിയിലെത്താത്തതിലുള്ള മന:ക്ലേശത്താലും യാത്രാക്ലേശത്താലും പരിശുദ്ധ ബാവ ക്ഷീണിതനായി.

കല്ലിശേരി പള്ളിയിൽ നിന്നും ഓമല്ലൂർ പള്ളിയിലേയ്ക്കുള്ള യാത്രയിലും ഓമല്ലൂരിലും ബഹു.ഇലവിനാമണ്ണിൽ കുറിയാക്കോസ് കശീശ്ശ വിപുലമായ സ്വീകരണ ക്രമീകരണങ്ങളാണ് ചെയ്തിരുന്നത്. മഞ്ഞനിക്കരയിലെത്തിയ ബാവ, 'ഇവിടുത്തെ താമസം നമുക്ക് വളരെ സുഖമായി തോന്നുന്നു. ഇവിടെ സ്ഥിരമായി താമസിച്ചാൽ കൊള്ളാമെന്ന് നാം ആഗ്രഹിക്കുന്നുവെന്ന് കൽപിച്ചു.' ഫെബ്രുവരി 12-ാം തീയതി പരി. ബാവായെ സന്ദർശിക്കാനെത്തിയ പട്ടക്കാരോട് 'ഇന്ന് നിങ്ങളാരും പോകരുത്. രണ്ടുദിവസം എന്നോടുകൂടെ താമസിക്കരുതോ' എന്ന് കൽപിച്ചു. അന്നു വൈകിട്ട് മെത്രാപ്പോലീത്തന്മാർ താമസിക്കുന്ന പള്ളിക്ക് വടക്കുവശത്തുള്ള ഷെഡിൽ കന്തിലായുടെ (തൈലാഭിഷേക ശുശ്രൂഷയുടെ) പല ഭാഗങ്ങളും ചൊല്ലി കേൾപ്പിക്കുകയും, നിദ്ര പ്രാപിക്കുന്നവരെ സംബന്ധിച്ച് പരാമർശിക്കുകയും ചെയ്തു.


ഫെബ്രുവരി 13-ാം തീയതി ശനിയാഴ്ച ബാവ കൽപിച്ച പ്രകാരം മോർ ക്ലിമീസ് യൂഹാനോൻ അബ്ബാച്ചി, വി. കുർബ്ബാന അർപ്പിച്ചു. പരിശുദ്ധ ബാവ വിശുദ്ധ കുർബ്ബാന മദ്ധ്യേ പ്രസംഗിച്ചു. മദ്ധ്യാഹ്ന പ്രാർത്ഥനയ്ക്ക് ശേഷം ഭക്ഷണം കഴിച്ചു. പിന്നീട് പതിവുതെറ്റിക്കാതെ ഡയറിയെഴുതുവാനാരംഭിച്ചു. ഡയറി എഴുതുന്നതിനിടയിൽ ഒരു പദത്തെക്കുറിച്ച് സംശയനിവാരണം വരുത്തുന്നതിനായി നിഘണ്ടു ആവശ്യപ്പെട്ടു. ഡയറി എഴുതി കഴിഞ്ഞ് ഉലാത്തുമ്പോൾ തലവേദന തോന്നി "എന്റെ തല എന്റെ തല" എന്നിങ്ങനെ പറഞ്ഞു. റമ്പാച്ചന്മാർ അടുത്തെത്തിയപ്പോൾ കുഴയുന്നതുപോലെ തോന്നിയതിനാൽ താങ്ങി മെത്തയിൽ കിടത്തി. പരിശുദ്ധ ബാവ നിത്യതയിലേയ്ക്ക് യാത്രയായി. അപ്പോൾ ഉച്ച കഴിഞ്ഞ് രണ്ടര മണിയായിരുന്നു.

പരിശുദ്ധ ബാവായുടെ കബറടക്ക സ്ഥലത്തെക്കുറിച്ച് പല അഭിപ്രായങ്ങളുമുണ്ടായെങ്കിലും സ്തേഫാനോസ് പള്ളിക്ക് വടക്കുവശത്തുള്ള സ്ഥലം അന്ത്യോഖ്യാ സിംഹാനത്തിലേക്കെഴുതി അവിടെ കബർ പണിതു. ഫെബ്രുവരി 14-ാം തീയതി പരിശുദ്ധന്റെ കബറടക്ക ശുശ്രൂഷ നടന്നു.

പരിശുദ്ധ ഇഗ്നാത്തിയോസ് സഖാ പ്രഥമൻ ബാവായുടെ കൽപനപ്രകാരം (E265/87) മഞ്ഞനിക്കര ബാവായുടെ പേര് വി. കുർബ്ബാനയിലെ അഞ്ചാം തുബ്ദേനിൽ ചേർത്തു. ഈ പരിശുദ്ധന്റെ കബറിടം സ്ഥിതി ചെയ്യുന്നതിനോട് ചേർന്ന് പരിശുദ്ധ ഇഗ്നാത്തിയോസ് നൂറോനൊയുടെ നാമത്തിൽ പള്ളി പണികഴിപ്പിച്ചു. ഈ പരിശുദ്ധന്റെ ഓർമ്മപെരുന്നാൾ ഫെബ്രുവരി 13-ാം തീയതി സഭ ആഘോഷിക്കുന്നു.


**In Loving Memories**





Annamma Varkey    Varghese Varkey

Punnamattom, Velloor, Pampady

# മഞ്ഞനിക്കര കാൽനടതീർത്ഥയാത്രാ സമൂഹം

**ഷെവ. പി.വി. ജോൺ പുന്നമറ്റം**

നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ അപ്പസ്തോല തലവനായ പരി. പത്രോസിനാൽ സ്ഥാപിതമായ പരി. അന്ത്യോഖ്യാ സിംഹാസനത്തിൽ ഭാഗ്യമോടെ വാണരുളിയ പരി. ഏലിയാസ് തൃതീയൻ ബാവാ തിരുമനസ്സുകൊണ്ട് സ്വർഗ്ഗീയ ഊർശ്ലേമിലേയ്ക്ക് എടുക്കപ്പെട്ടിട്ട് 75 വർഷങ്ങൾ പൂർത്തിയാകുന്ന ഈ ദിനങ്ങളിൽ പരി. പിതാവിന്റെ മഹാ വലിയ മദ്ധ്യസ്ഥതയിലഭയപ്പെട്ടുകൊണ്ട് മഞ്ഞനിക്കര തീർത്ഥയാത്രാ സമൂഹത്തിന്റെ ചുരുങ്ങിയ ചരിത്രം രേഖപ്പെടുത്തുമ്പോൾ പലരുടെയും വീക്ഷണത്തിൽ അപാകതകൾ കണ്ടുവെന്ന് വരാം. 75 വർഷങ്ങൾക്കപ്പുറം ഇതൊരു ചരിത്രമാകുമ്പോൾ, അവ രേഖപ്പെടുത്തുന്നവർക്കുതകട്ടെ എന്നുള്ള ചിന്തയിൽ ആരാലും ഒന്നുംതന്നെ എഴുതപ്പെടാത്തതുകൊണ്ട് അപാകതകൾ സ്വഭാവികമാണല്ലോ.

1933 ഫെബ്രുവരി മാസം 12 -ാം തീയതി വൈകുന്നേരം സന്ധ്യാപ്രാർത്ഥനയ്ക്ക് മുമ്പായി പരി. സഭയുടെ പല ഭാഗങ്ങളിൽനിന്നും കുറെ ആളുകൾ കാൽനടയായി പരി. ബാവ തിരുമനസ്സിലെ കബറിങ്കൽ എത്തിച്ചേർന്നു. ഇതിൽ പ്രധാനമായും കൊള്ളിനാൽ ശ്രീ. വി.എം. പീറ്ററിന്റെയും ഇളയിടത്ത് ശ്രീ. കുട്ടപ്പന്റെയും നേതൃത്വത്തിൽ മണീടിൽ നിന്നും 100 പേർ ചേർന്ന് ആരംഭിച്ചതാണ് ഇന്ന് ഏറ്റവും ശക്തമായി തീർന്നിരിക്കുന്ന വടക്കൻമേഖല മഞ്ഞനിക്കര കാൽനട തീർത്ഥയാത്ര. ഈ തീർത്ഥയാത്ര കോട്ടയത്ത് എത്തിച്ചേർന്നപ്പോൾ കുമരകത്തു നിന്നും കുറെ ആളുകൾ ഇവരോട് ചേർന്ന് യാത്ര ചെയ്തു. പള്ളം, പാക്കിൽ എന്നിവടങ്ങളിൽ നിന്നും തീർത്ഥാടകർ അന്ന് ടി. യാത്രയോട് ചേർന്ന് പോയിരുന്നതായും മനസ്സിലാക്കുന്നു. പിന്നീടുള്ളതായ വർഷങ്ങളിലും പരി. മോറോന്റെ കബറിങ്കലേയ്ക്ക് നടന്നുപോകുന്നതിന് ധാരാളം ആളുകൾ തയ്യാറായി. എന്നാൽ ഇന്നത്തേതുപോലെ തീർത്ഥയാത്രയായി വരുന്ന അളുകൾക്ക് ഭക്ഷണമോ ദാഹജലമോ കിട്ടുക എളുപ്പമല്ലായിരുന്നു. നടന്നുപോകുന്ന ഓരോ ഗ്രൂപ്പും തങ്ങൾക്ക് ആവശ്യമായ സാധനങ്ങൾ കൊണ്ടുപോകുകയും സൗകര്യപ്രദമായ സ്ഥാനങ്ങൾ കണ്ടുപിടിച്ച് ആഹാരം സ്വയം പാകം ചെയ്ത് കഴിക്കുകയും ആയിരുന്നു. കുറെ വർഷങ്ങൾ പിന്നിട്ടപ്പോൾ കബറിങ്കൽ എത്തിയ തീർത്ഥാടകരുടെ ഉദ്ദിഷ്ട കാര്യങ്ങൾ സാധിക്കുന്നത് മനസ്സിലാക്കിയ വിശ്വാസികൾ ഇടവക പള്ളികൾ കേന്ദ്രീകരിച്ച് ഗ്രൂപ്പുകളായി തീർത്ഥയാത്രയായി പോകുവാൻ തുടങ്ങി. ഇപ്രകാരം അനവധി സ്ഥലങ്ങളിൽനിന്നും കാൽനട തീർത്ഥാടകർ ഗ്രൂപ്പുകളായി പോകുന്നത് തികച്ചും അഭംഗിയ്ക്ക് ഇടയാകുന്നത് മനസ്സിലാക്കിയ ബഹു. പള്ളിച്ചിറ ഫിലിപ്പച്ചൻ അത് നല്ല ഉദ്ദേശത്തോടെ ഈ ഗ്രൂപ്പുകളെ ഏകോപിച്ച് ഒന്നിച്ച് ഒരു തീർത്ഥയാത്രയി പോകുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തു. അങ്ങനെ ഈ തീർത്ഥയാത്രയ്ക്ക് ഒരു കെട്ടും മട്ടും ഉണ്ടായി. ഇപ്രകാരം ക്രമീകൃതമായ തീർത്ഥയാത്രയ്ക്ക് വിവിധ പള്ളികളുടെയും സംഘടനകളുടെയും വ്യക്തികളുടെയും മറ്റും വകയായി സ്വീകരണങ്ങളും സൽക്കാരങ്ങളും നൽകുന്നതിന് ആവശ്യമായ കാര്യങ്ങൾ ഡോ. പി. റ്റി. തോമസ് പാലാമ്പടവും ഷെവ. റ്റി.പി. ഫിലിപ്പോസ് തെക്കേതലക്കലും ചേർന്ന് ക്രമീകരിക്കുകയും അങ്ങനെ തീർത്ഥാടകർ ഒരുസ്ഥലത്തും ഭക്ഷണസാധനങ്ങൾ കൊണ്ടുപോകുകയോ പാകം ചെയ്യുകയോ ചെയ്യേണ്ട ആവശ്യമില്ലാതാവുകയും ചെയ്തു. ഇക്കാലത്ത് തീർത്ഥയാത്രയുടെ നടത്തിപ്പിനായി ഒരു സെൻട്രൽ കമ്മിറ്റി രൂപം പ്രാപിക്കുകയും ആ കമ്മിറ്റിയുടെ ചുമതലയിൽ കാര്യങ്ങൾ നടത്തുന്നതിനായി കമ്മിറ്റി അംഗങ്ങൾ ആത്മാർത്ഥമായി പ്രവർത്തിക്കുകയും ചെയ്തു. ആകമ്മിറ്റിയുടെ പ്രസിഡന്റായി ഡോ. പി. റ്റി. തോമസ് പാലാമ്പടവും സെക്രട്ടറിയായി റവ. ഫാ. ഫിലിപ്പ് വള്ളിച്ചിറയും ലീഡർ ജനറൽ ശ്രീ. റ്റി.വി. തര്യൻ കണ്ടൻചിറയുമായിരുന്നു. തുടർന്നുള്ള എല്ലാ വർഷങ്ങളിലും ശ്രീ. റ്റി. വി. തര്യൻ നിര്യാതനാവുന്നതുവരെയും ജനുവരി 26 -ാം തീയതിയോടുകൂടി ആ വർഷത്തെ പ്രോഗ്രാം അടങ്ങുന്ന നോട്ടീസുമായി വടക്കൻ പ്രദേശത്തെത്തി, നോട്ടീസുകൾ പള്ളികൾ കേന്ദ്രീകരിച്ച് വിതരണം നടത്തി തീർത്ഥാടകരെ സംഘടിപ്പിക്കുകയും പള്ളിച്ചിറ അച്ചന്റെയും കരിമ്പനത്തറയിൽ ബഹു. എബ്രഹാം അച്ചന്റെയും നേതൃത്വത്തിൽ കോട്ടയത്തുനിന്നും ഒരു ജീപ്പിൽ പോയി. ആ വാഹനം അലങ്കരിച്ച് പരി. പിതാവിന്റെ ഫോട്ടോയും അതിൽ ഉറപ്പിച്ച് മണീട് സെന്റ് കുര്യാക്കോസ് ദൈവാലയം കേന്ദ്രീകരിച്ച് തീർത്ഥയാത്ര തീർത്ഥയാത്ര ആരംഭിക്കുകയായി. ഈ തീർതഥയാത്ര കടന്നുവരുന്നതായ സ്ഥലങ്ങളിൽ എല്ലാം തന്നെ ജാതിമതഭേതമില്ലാതെ സ്വീകരണ സൽക്കാരങ്ങൾ ലഭിക്കുന്നത് തീർത്ഥയാത്രയ്ക്ക് ഹൃദ്യമായിരുന്നു. നോമ്പോടും പ്രാർത്ഥനയോടും അച്ചടക്കത്തോടും കൂടി കടന്നുപോകുന്ന ഈ തീർത്ഥയാത്ര ആ പോകുന്ന നാടിനും നാട്ടാർക്കും അനുഗ്രഹമായി മാറിയിരിക്കുന്നു. അതുകൊണ്ടുതന്നെ ഇതിനെ വി. യാത്രയായി എല്ലാവരും ദർശിക്കുകയും ആ രീതിയിൽ എല്ലാ വിഭാഗം ജനഹൃദയങ്ങളിലും തീർത്ഥയാത്ര സ്ഥാനം പിടിക്കുകയും ചെയ്തു. മാത്രമല്ല വിശുദ്ധിയോടും ത്യാഗത്തോടും കൂടി നടന്നു ചെല്ലുന്ന തീർത്ഥാടകരുടെ ഉദ്ദിഷ്ട കാര്യങ്ങൾ പരി. മോറോന്റെ മദ്ധ്യസ്ഥതയാൽ ഓരോ വർഷവും കൂടുതൽ കൂടുതൽ അനുഭവപ്പെടുന്നത് മുഖാന്തരമായി ഈ തീർത്ഥയാത്രയിൽ പങ്കെടുക്കുവാൻ നാനാജാതി മതസ്ഥരായ ആളുകൾ ഒരു നേർച്ചയായി കടന്നുവരുന്നു. ഇന്നും കൈകുഞ്ഞുങ്ങളുമായി വെയിലും മഞ്ഞുമേറ്റ് രാത്രിയും പകലും നടന്ന് മഞ്ഞനിക്കരയിലേയ്ക്ക് പോകുന്ന തീർത്ഥാടകർ പരി. മോറോന്റെ നാമത്തിൽ അഭയപ്പെടുന്നതിനാൽ വഴിയിലെ തടസ്സങ്ങളോ ബുദ്ധിമുട്ടുകളോ ഒന്നും പ്രശ്നമല്ലാതെ വിശ്വസപൂർവ്വം സംബന്ധിക്കുന്നു. നാടുനീളെ ഈ തീർത്ഥാടകർക്ക് ലഭിക്കുന്നതായ പ്രോത്സാഹനം എല്ലാം പരിശുദ്ധന്റെ അനുഗ്രഹമാരിയുടെ ഭാഗങ്ങൾ മാത്രം. രോഗസൗഖ്യം, തൊഴിൽ ഇല്ലാതെ അലയുന്നവർക്ക് തെഴിൽ, വിവാഹ തടസ്സങ്ങൾ മാറുക, സാമ്പത്തിക പുരോഗതി, കാണാതായവയെ കണ്ടെത്തുക തുടങ്ങി ഓരോ വർഷവും കബറിൽ എത്തിച്ചേരുന്നവരുടെ അനുഭവസാക്ഷ്യങ്ങൾ രേഖപ്പെടുത്തിയാൽ അത് വിപുലമായ അനുഭവങ്ങളുടെ ഒരു സമാഹാ

ശേഷം 6 –ാം പേജിൽ

### ശ്രേഷ്ഠ കാതോലിക്ക ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവ



ഏകദേശം 50 വർഷക്കാലം അന്ത്യോഖ്യാ സിംഹാസനവുമായുള്ള ബന്ധത്തിൽ പരി. സഭയെ നയിച്ച ബാവ ഈ തീർത്ഥയാത്രയെ ഏറെ സ്നേഹിക്കുകയും തീർത്ഥാടകർക്ക് സൗകര്യങ്ങൾ ക്രമീകരിക്കുന്നതിൽ ശ്രദ്ധിക്കുകയും ചെയ്ത പുണ്യവാനായിരുന്നു. ബാവായുടെ ഉദ്ബോധനങ്ങൾ തീർത്ഥാടകർക്ക് ഏറെ ആശയും ആവേശവും നൽകുന്നവയായിരുന്നു.

### അഭി. പെരുമ്പള്ളി തിരുമേനി



മലങ്കരയുടെ മാണിക്യമെന്ന് അറിയപ്പെട്ടിരുന്ന തിരുമനസ്സ് തീർത്ഥാടക സമൂഹത്തിന്റെ പ്രഥമ മെത്രാപ്പോലീത്ത ആണ്. തീർത്ഥയാത്രയുടെ ഓജസ്സും തേജസ്സുമായിരുന്നു അഭി. തിരുമനസ്സ്. തീർത്ഥാടക സമൂഹവാർഷികങ്ങളിലെ തിരുനസ്സിലെ പ്രസംഗങ്ങൾ തീർത്ഥാടകരുടെ മനം കുളിർപ്പിക്കുന്നവ ആയിരുന്നു.

### ശ്രേഷ്ഠ ബസേലിയോസ് തോമസ് ബാവ തിരുമേനി




പരി. സഭയുടെ നിലനിൽപിനും അന്ത്യോഖ്യാ വിശ്വാസത്തിന്റെ പൂർണ്ണതയ്ക്കുമായി ജീവിതം ഉഴിഞ്ഞു വച്ചിരിക്കുന്ന ബാവ തിരുമേനിയെ തീർത്ഥാടക സമൂഹം എല്ലാമെല്ലാമായി കരുതുകയും ആ തൃപ്പാദങ്ങളിൽ വിനയത്തോടെ ആയുരാരോഗ്യങ്ങൾ സമർപ്പിക്കുകയും ചെയ്യുന്നു.

### അഭി. യാക്കോബ് മോർ യൂലിയോസ് തിരുമേനി



ബഹളമോ ആർപ്പുവിളികളോ ഒന്നും ഇഷ്ടപ്പെടാതെ മഞ്ഞനിക്കര ദയറായിൽ പ്രാർത്ഥനാ ജീവിതം നയിച്ച ഒരു മുനിശ്രേഷ്ഠനാണ് തിരുമേനി. മഞ്ഞനിക്കര തീർത്ഥാടകസമൂഹത്തെ ഏറെ സ്നേഹിക്കുകയും വാത്സല്യക്കുകയും ചെയ്തിരുന്നു.

### അഭി. കുറിയാക്കോസ് മോർ കൂറിലോസ് തിരുമേനി



മഞ്ഞനിക്കര തീർത്ഥാടകർ തെക്കൻ ഭദ്രാസനങ്ങളുടെ അതിർത്തിയിൽ എത്തിച്ചേർന്നാൽ അവർ മഞ്ഞനിക്കര ദയറായിൽ നിന്നും മടങ്ങുന്നതുവരെയും രാത്രിയും പകലും അവരുടെ ക്ഷേമത്തിനായി എല്ലാ ഭാഗത്തും ഓടി നടന്ന് ശ്രുശ്രൂഷകൾ ചെയ്ത പുണ്യശ്ലോകനായ തിരുമേനിയെ ഏറെ വികാരനിർഭരങ്ങളായ ഓർമ്മകളോടെ അനുസ്മരിക്കുന്നു. തിരുവല്ല, ആറമുള, സന്തോഷ് മുക്ക്, ചീക്കനാൽ, പത്തനംതിട്ട, ഓമല്ലൂർ എന്നീ പ്രദേശങ്ങളിലെല്ലാം തീർത്ഥാടകരോടൊപ്പം തിരുമേനി ഉണ്ടായിരുന്നു ആ നല്ല നാളുകളിൽ.

### അഭി. ബന്യാമിൻ മോർ ഒസ്താനിയോസ് തിരുമേനി



മഞ്ഞനിക്കര പെരുന്നാൾ എല്ലാ തരത്തിലും എല്ലാ വിധത്തിലും ഏറ്റവും വിപുലമായും ആരംഭിച്ചത് തിരുമേനിയുടെ ഭരണകാലത്താണ്. തീർത്ഥാടക സമൂഹവുമായി പൂർണ്ണമായും സഹകരിച്ചും എന്നാൽ ദയറായുടെ മേൽക്കോയ്മ നിലനിർത്തിയും മുഖം നോക്കാതെ എല്ലാവരോടും സഹകരിച്ചും പോന്ന പുണ്യശ്ലോകനായ തിരുമേനി സഭയ്ക്ക് ഒരു ആശയും ആവേശവുമായിരുന്നു. വിശ്വാസത്തിന്റെ ചാവേർ തന്നെയായിരുന്നു തിരുമേനി.

### വന്ദ്യ കരിമ്പനത്തറയിൽ എബ്രഹാം കോറെപ്പിസ്കോപ്പ



മണർകാട് പള്ളി സഹ വികാരി, തീർത്ഥാടക സമൂഹം ജനറൽ സെക്രട്ടറി, പരിശുദ്ധ സഭയിലെ പ്രഗൽഭനായ വൈദീക ശ്രേഷ്ഠൻ എന്നീ നിലകളിലെല്ലാം നല്ല പ്രവർത്തനങ്ങൾ കാഴ്ച വെച്ചിട്ടുണ്ട്. തീർത്ഥയാത്രയുടെ വളർച്ചയ്ക്ക് ആവശ്യമായ കാര്യങ്ങളെല്ലാം ക്രമീകരിക്കുന്നതിൽ എന്നും മുൻപന്തിയിൽ തന്നെ. സമൂഹം എന്നും സ്മരിക്കുന്ന വ്യക്തികളിൽ പ്രാധാന്യം അർഹിക്കുന്നു.

### ഡോ. പി.റ്റി. തോമസ് പാലാമ്പടം



പരി. സഭയിൽ അനിഷേധ്യമായ നേതൃത്വം വഹിച്ചിരുന്ന ഒരു മഹത് വ്യക്തിയാണ് ഡോ. പി.റ്റി. തോമസ് പാലാമ്പടം. മരണം വരെയും സ്വന്തം കൈയ്യിൽനിന്നും പണം ചിലവാക്കി സഭയുടെ വിശ്വാസസത്യങ്ങൾ ഉറപ്പിക്കുന്നതിലേയ്ക്കായി കേസുകൾ നടത്തി. പരി. സിംഹാസനവുമായുള്ള അദ്ദേഹത്തിന്റെ ബന്ധം എല്ലാവർക്കും മാതൃകയാണ്. തീർത്ഥാടക സമൂഹത്തിന്റെ പ്രസിഡന്റ് എന്ന നിലയിൽ വളരെക്കാലം പ്രവർത്തിച്ചിട്ടുണ്ട്.

# മഞ്ഞനിക്കര കാൽനട തീർത്ഥയാത്രാ സമൂഹം.... തുടർച്ച

രമായി മാറുമായിരുന്നു. എന്നാൽ പരി. സഭ അതിനെ പ്രോത്സാഹിപ്പിക്കുന്നില്ലാത്തതിനാൽ ഇതിൽ 99 ശതമാനവും ആരും അറിയുന്നില്ല എന്നുള്ളതാണ് ശരി. ഈ തീർത്ഥാടകർ കോട്ടയത്തെ നീലിമംഗലം പള്ളിയിൽ എത്തുമ്പോൾ ഇടവകാംഗങ്ങളും നാട്ടുകാരും ചേർന്ന് അവരെ സ്വീകരിക്കുകയും വളരെ ഗംഭീരമായ രീതിയിൽതന്നെ ഭക്ഷണം നൽകുകയും ചെയ്യുന്നു. അവിടെ നിന്നും കോട്ടയം സിംഹാസനപള്ളി, ചിങ്ങവനം, തിരുവല്ല, ആറമുള, ചീക്കനാൽ എന്നിവടങ്ങളിലെല്ലാം തീർത്ഥാടകർക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും ലഭിക്കുന്നു. അങ്ങനെ നാലഞ്ചുദിവസങ്ങൾകൊണ്ട് കാൽനടയായി കബറിങ്കൽ തീർത്ഥാടകർ എത്തിച്ചേരുമ്പോൾ അവിടെ സന്ധ്യാപ്രാർത്ഥനയും തുടർന്ന് അഖണ്ഡപ്രാർത്ഥനായജ്ഞവും നടക്കുന്നു. ഫെബ്രുവരി 13-ാം തീയതി പ്രഭാതത്തിൽ വി. കുർബ്ബാനയിൽ സംബന്ധിച്ച് അനുഗ്രഹം പ്രാപിച്ച് തീർത്ഥാടകർ മടങ്ങിപോവുകയും ചെയ്യുന്നു. 1956 ൽ ഡോ. പി.റ്റി. തോമസ് നിര്യാതനായപ്പോൾ ഷെവ. റ്റി. പി. ഫിലിപ്പോസ് സമൂഹത്തിന്റെ പ്രസിഡന്റായി ചുമതലയേറ്റു. അതുപോലെ പള്ളിച്ചിറ അച്ചൻ മറുവിഭാഗവുമായി ചേർന്നപ്പോൾ ജന. സെക്രട്ടറിയായി ബഹു. കരിമ്പനത്തറയിൽ എബ്രഹാം കോറെപ്പിസ്കോപ്പയും ചുമതല ഏറ്റു. ഇവരുടെ സേവനങ്ങൾ തീർത്ഥാടകസമൂഹത്തിന് ഒരുകാലത്തും വിസ്മരിക്കുവാൻ സാധിക്കുകയില്ല. അതുപോലെ തന്നെ കുഴികണ്ടത്തിൽ ശ്രീമതി തങ്കമ്മ പോളിനെയും കല്ലുപറമ്പിൽ മാത്തച്ചനെയും മഞ്ഞനിക്കര തീർത്ഥാടക സമൂഹം ഉള്ളിടത്തോളം കാലം സ്മരിക്കപ്പെടും.

1970 കളിൽ പരി. സഭയിൽ വിശ്വാസപരമായ പ്രശ്നങ്ങൾ ഉടലെടുത്തപ്പോൾ അന്ത്യോഖ്യാ വിശ്വാസം നിലനിർത്തുവാൻ വിശ്വാസികൾ തീവ്രതയോടെ തയ്യാറായത് ഈ തീർത്ഥയാത്രയുടെ ഭാവത്തിന് മാറ്റം വരുത്തി. ലോകത്തിലെ ഏറ്റവും ദൈർഘ്യമേറിയതും ഏറ്റവും കൂടുതൽ ആളുകൾ പങ്കെടുക്കുന്ന കാൽനട തീർത്ഥയാത്രയായി ഇത് മാറിയിരിക്കുന്നു. മലങ്കരയുടെ മാണിക്യമായ പെരുമ്പള്ളിൽ ഡോ. ഗീവറുഗീസ് മോർ ഗ്രിഗോറിയോസ് തിരുമേനിയും, മലങ്കരയുടെ രണ്ടാം യാക്കോബ് ബുർദോനോ ആയിരിക്കുന്ന ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ ബാവായും തെക്കൻ ഭദ്രാസനങ്ങളുടെ അഭിവന്ദ്യനായ കുറിയാക്കോസ് മോർ കൂറിലോസ് തിരുമേനിയും പട്ടമേറ്റുവന്നതോടുകൂടി ഈ തീർത്ഥയാത്രയ്ക്ക് അത്ഭുതപൂർവ്വമായ വളർച്ചയുണ്ടായി. കാലം ചെയ്ത ശ്രേഷ്ഠ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവയേയും ഏറെ വിനയത്തോടെ അനുസ്മരിക്കുന്നു. പെരുമ്പള്ളി തിരുമേനിയെ മെത്രാപ്പോലീത്തയായി പരി. യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവ തിരുമനസ്സുകൊണ്ട് നിയമിച്ചതോടുകൂടി തീർത്ഥയാത്ര അതിന്റെ പൂർണ്ണതയിലെത്തി. അങ്ങനെ വി. സഭയുടെ നാനാഭാഗങ്ങളിലുമായി ഈ തീർത്ഥയാത്ര വളർന്നു. മലബാറിൽനിന്ന് ആരംഭിക്കുന്ന യാത്ര കരിങ്ങാചിറ കേന്ദ്രമാക്കിയും മറ്റുപ്രദേശങ്ങളിൽ ഉള്ളവർ മണീട്, കോതമംഗലം എന്നിവടങ്ങൾ കേന്ദ്രമാക്കി വടക്കൻ മേഖലയും, മണർകാട് കേന്ദ്രമാക്കി മദ്ധ്യ മേഖലയും, ചിങ്ങവനം, റാന്നി എന്നീ സ്ഥലങ്ങൾ കേന്ദ്രമാക്കി ക്നാനായ തീർത്ഥാടക സമൂഹവും, കുളനട, മുഖത്തല, കായംകുളം, വള്ളിക്കോട്, കുണ്ടറ എന്നിവടങ്ങൾ കേന്ദ്രമാക്കി തെക്കൻ മേഖലയും, ഇടുക്കി, നെടുംകണ്ടം, പുറ്റടി, കട്ടപ്പന എന്നിവടങ്ങൾ കേന്ദ്രമാക്കി ഹൈറേഞ്ച് മേഖലയുമായി ഇപ്പോൾ തീർത്ഥയാത്ര വിപുലപ്പെട്ടിരിക്കുന്നു. കരിങ്ങാചിറയിൽ നിന്നുള്ള യാത്രയ്ക്ക് വന്ദ്യ കെ.റ്റി. സഖറിയ കോറെപ്പിസ്കോപ്പായുടെ നേതൃത്വം ഒരുനാളും വിസ്മരിക്കാവുന്നതല്ല. മദ്ധ്യമേഖല ആരംഭിക്കുന്നതിന് നേതൃത്വം നൽകിയത് ബഹു. കിഴക്കേടത്ത് കുര്യാക്കോസ് അച്ചനാണ്. തീർത്ഥാടക സമൂഹം ജനറൽ ബോഡിയുടെ തീരുമാനപ്രകാരം അഭി. പെരുമ്പള്ളി തിരുമേനിയുടെ കൽപനയോടെ ഹൈറേഞ്ച് മേലയ്ക്ക് ആരംഭം കുറിക്കുന്നതിന് നേതൃത്വം നൽകിയത് ബലഹീനനായ ഞാൻ തന്നെയാണ്. ഇപ്പോൾ കുറെ വർഷങ്ങളായി വിദേശത്തുനിന്നുപോലും പരി.മോറോന്റെ കബറിങ്കലേയ്ക്ക് തീർത്ഥയാത്രകൾ വന്നുകൊണ്ടിരിക്കുന്നു.

അഭി. പെരുമ്പള്ളി തിരുമേനി കാലം ചെയ്തതിനെ തുടർന്ന് ഇപ്പോഴത്തെ പരി. പാത്രിയർക്കീസ് ബാവ അഭി. ജോസഫ് മോർ ഗ്രിഗോറിയോസ് തിരുമേനിയെ സമൂഹം മെത്രാപ്പോലീത്തയായും, ലീഡർ ജനറൽ ശ്രീ. റ്റി. വി. തര്യൻ നിര്യാതനായപ്പോൾ നോർത്ത് പറവൂർ കുളങ്ങരയിൽ ശ്രീ. കെ.എ. ചെറിയാനെ ലീഡർ ജനറലായും, ഷെവ. റ്റി. പി. ഫിലിപ്പോസ് നിര്യാതനായപ്പോൾ പ്രസിഡന്റായി ഷെവ. ജോൺ ജോൺ പരുവയ്ക്കലും, ഡോ. രാജൻ തോമസ് നിര്യാതനായപ്പോൾ ട്രഷറാറായി ശ്രീ. പി.കെ. സ്കറിയ പടിയറയേയും തൽസ്ഥാനങ്ങളിലേയ്ക്ക് നിയമിച്ചു. 56 വർഷക്കാലമായി സമൂഹം ജനറൽ സെക്രട്ടറിയായിരിക്കുന്ന വന്ദ്യ കരിമ്പനത്തറയിൽ എബ്രഹാം കോറെപ്പിസ്കോപ്പായുടെ സ്തുത്യർഹസേവനം മാനിച്ച് അനാരോഗ്യം മൂലം തൽസ്ഥാനത്തുനിന്നും മാറുന്നതിന് ബഹു. അച്ചൻ ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ മരണം വരെയും അച്ചൻ തന്നെ ആ സ്ഥാനത്ത് തുടരണമെന്ന് തീർത്ഥാടക സമൂഹം ആഗ്രഹിക്കുകയും ചുമതല നിറവേറ്റുന്നതിന് ജോ. സെക്രട്ടറിയായി ഷെവ. പി. വി. ജോൺ പുന്നമറ്റത്തിനെ തെരഞ്ഞെടുത്ത് നിയമിക്കുകയും ചെയ്തു.

മഞ്ഞനിക്കര കാൽനട തീർത്ഥാടകസമൂഹത്തിന്റെ പ്രവർത്തനങ്ങളിൽ കാലം ചെയ്ത അഭി. യാക്കോബ് മോർ യൂലിയോസ്, ബന്യാമിൻ ജോസഫ് മോർ ഒസ്താത്യോസ് എന്നീ തിരുമേനിമാരെ അനുസ്മരിക്കാതിരിക്കുക അസാദ്ധ്യമാണ്. അതുപോലെ തന്നെ ഇലവിനാമണ്ണിൽ അച്ചന്മാരെ പൊതുവെയും ഇപ്പോൾ പ്രത്യേകാൽ ബഹു. മാത്യൂസ് കോറെപ്പിസ്കോപ്പാ ഇലവിനാമണ്ണിലിനെയും അനുസ്മരിക്കുന്നു.

ശേഷം 16-ാം പേജിൽ

### ഷെവ. റ്റി. പി. ഫീലിപ്പോസ്




തീർത്ഥാടക സമൂഹത്തിന്റെ രണ്ടാമത്തെ പ്രസിഡന്റായി പ്രവർത്തിച്ച, നല്ല നേതൃത്വ പാടവമുള്ള വ്യക്തിയായിരുന്നു അദ്ദേഹം. യോജിച്ച സഭയിൽ മാർത്തോമാ സിംഹാസനം ഉയർന്നുവന്നപ്പോൾ അതിനെതിരെ ശബ്ദിക്കുകയും സഭാ മാനേജിംഗ് കമ്മിറ്റിയിൽ നിന്നും വാക്കൗട്ട് നടത്തുകയും ചെയ്ത അന്ത്യോഖ്യാ സിംഹാസന ഭക്തനായിരുന്നു അദ്ദേഹം.

### ഡോ. തര്യൻ തര്യൻ ചീരംചിറ



മഞ്ഞനിക്കര തീർത്ഥാടക സമൂഹത്തിനുവേണ്ടി ജീവിതം ഉഴിഞ്ഞുവച്ച ഒരു വലിയ മനുഷ്യനാണ് ഡോ. റ്റി. വി. തര്യൻ. മഞ്ഞനിക്കരയുമായുള്ള അദ്ദേഹത്തിന്റെ ആത്മബന്ധം എത്രയോ ശ്രേഷ്ഠമാണ്. മഞ്ഞനിക്കര തീർത്ഥാടക സമൂഹത്തെ ഓർക്കുമ്പോൾ മുന്നമെ ഓർമ്മ വരുന്നത് ശ്രീ. തര്യനെയാണ്. അനേകവർഷക്കാലമായി സമൂഹത്തിന്റെ ലീഡർ ജനറലായി സേവനമനുഷ്ടിച്ചു.

### ഡോ. രാജൻ തോമസ്



അനേകവർഷക്കാലം തീർത്ഥാടക സമൂഹത്തിന്റെ ട്രഷററായി സേവനമനുഷ്ടിച്ചിട്ടുണ്ട്. വടക്കൻ മേഖല തീർത്ഥ യാത്രയുടെ ആരംഭം മുതൽ മഞ്ഞനിക്കരയിലെത്തുന്നതുവരെയും മെഡിക്കൽ യൂണിറ്റിന്റെ ചുമതല വഹിച്ച് മരിക്കുന്നതുവരെയും പരി. ബാവായോടുള്ള ഭക്തിമുഖാന്തിരമായി തീർത്ഥാടകർക്ക് ആവശ്യമായ ശുശ്രൂഷകൾ ചെയ്തു. എറണാകുളം സൂനോറോ പള്ളി ഇടവകാംഗമായിരുന്നു.

### ഷെവ. ക്യാപ്റ്റൻ പ്രൊഫ. ഡോ. റ്റി.പി. ജോർജ്



ആലുവ തൃക്കുന്നത്ത് സെമിനാരി പള്ളി ഇടവകാംഗമായി അദ്ദേഹം അനേകവർഷങ്ങളായി മദ്രാസിൽ താമസിച്ചു വരുന്നു. എല്ലാ വർഷവും തീർത്ഥയാത്ര ആരംഭിക്കുമ്പോൾ ഇവിടെ എത്തിച്ചേരുകയും തീർത്ഥാടകർക്ക് ആവശ്യമായ മെഡിക്കൽ യൂണിറ്റിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിച്ച് വരികയും ചെയ്യുന്നു. തീർത്ഥാടക സമൂഹത്തിന്റെ വർക്കിംഗ് പ്രസിഡന്റായി സേവനം അനുഷ്ടിക്കുന്നു.

### ഷെവ. ജോൺ ജോൺ പരുവയ്ക്കൽ



കുമരകം ആറ്റാമംഗലം പള്ളി ഇടവകാംഗമാണ്. ഷെവ. റ്റി. പി. ഫിലിപ്പോസിന്റെ മരണത്തെത്തുടർന്ന് സമൂഹത്തിന്റെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. തീർത്ഥാടക സമൂഹത്തിനുവേണ്ടി നിസ്വാർത്ഥമായ സേവനം അനുഷ്ടിച്ചുവരുന്നു.

### ശ്രീ. കെ.എ. ചെറിയാൻ കുളങ്ങര പുത്തൻവീട്ടിൽ



ശ്രീ. റ്റി. വി. തര്യൻ നിര്യാതനായതിനെത്തുടർന്ന് തീർത്ഥയാത്രയുടെ ലീഡർ ജനറലായി തെരഞ്ഞെടുക്കപ്പെട്ടു. വടക്കൻപറവൂർ സെന്റ് തോമസ് പള്ളി ഇടവകാംഗമാണ്. തീർത്ഥാടക സമൂഹത്തിനുവേണ്ടി നിസ്വാർത്ഥമായ സേവനം അനുഷ്ടിക്കുന്നു.

### ഷെവ. പി.വി. ജോൺ പുന്നമറ്റം



അഖില മലങ്കര തീർത്ഥാടക സമൂഹത്തിന്റെ ജനറൽ ബോഡി, തീർത്ഥയാത്ര ഇല്ലാത്ത സ്ഥലങ്ങളിൽ പ്രവർത്തിക്കുവാൻ തീരുമാനം എടുത്തപ്പോൾ അഭിവന്ദ്യനായ പെരുമ്പള്ളിൽ തിരുമേനിയുടെ കൽപനയോടുകൂടി ഹൈറേഞ്ചിൽ നിന്നും തീർത്ഥയാത്ര ആരംഭിക്കുന്നതിനായി തീർത്ഥാടക സമൂഹത്തിന്റെ ഡെപ്യൂട്ടി ലീഡറായി നിയമിക്കപ്പെട്ടു. ഇപ്പോൾ തീർത്ഥാടക സമൂഹത്തിന്റെ ജോയിന്റ് സെക്രട്ടറിയായും പ്രവർത്തിച്ചുവരുന്നു. സഭാ മാനേജിംഗ് കമ്മിറ്റിയംഗം, അന്ത്യോഖ്യാ വിശ്വാസസംരക്ഷണസമിതി ജനറൽ സെക്രട്ടറി, കോട്ടയം ഭദ്രാസന കൗൺസിൽ അംഗം എന്നീ നിലകളിൽ പ്രവർച്ചിച്ചുവരുന്നു. പരി.ഏലിയാസ് ബാവയുടെ നാമത്തിൽ മലങ്കരയിൽ ആദ്യമായി മുണ്ടക്കയത്ത് ഒരു പള്ളി സ്ഥാപിച്ചു. 1992 ൽ പരി. പാത്രിയർക്കീസ് ബാവയിൽ നിന്ന് മോർ ഏലിയാസ് മെഡലും, 1998 ൽ ഷെവലിയർ സ്ഥാനവും ലഭിച്ചു.

### ട്രഷറാർ ശ്രീ. പി. കെ. സ്കറിയ പടിയറ



തീർത്ഥാടക സമൂഹത്തിന്റെ ട്രഷറാറായിരുന്ന ഡോ. രാജൻ തോമസ് നിര്യാതനായതിനെത്തുടർന്ന് തെരഞ്ഞെടുക്കപ്പെട്ട ശ്രീ. പി.കെ. സ്കറിയ കുമരകം ആറ്റാമംഗലം പള്ളി ഇടവകാഗമാണ്. പടിഞ്ഞാറൻ മേഖലയുടെ സെക്രട്ടറിയായും സേവനം അനുഷ്ടിക്കുന്നു.

### ശ്രീമതി ഏലിശുബ എബ്രഹാം കരിമ്പനത്തറ

മണർകാട് പള്ളി ഇടവകാംഗമാണ്. തീർത്ഥാടകസമൂഹം വനിതാ വിഭാഗത്തിന്റെ ചുമതല നൽകി ഡെപ്യൂട്ടി ലീഡറായി സേവനം അനുഷ്ടിക്കുന്നു. പരി. പാത്രിയർക്കീസ് ബാവയിൽ നിന്ന് സെന്റ് എഫ്രേം മെഡൽ ലഭിച്ചിട്ടുണ്ട്. അഖില മലങ്കര മർത്തമറിയം വനിതാസമാജത്തിന്റെ വൈസ് പ്രസിഡന്റ് ജനറൽ സെക്രട്ടറി എന്നീ നിലകളിലെല്ലാം പ്രശസ്തമായ സേവനം അനുഷ്ടിച്ചിട്ടുണ്ട്.

### ശ്രീമതി തങ്കമ്മ പോൾ

പിറവം കുഴികണ്ടത്തിൽ ശ്രീ. കെ.എം. പോൾ Ex. M.L.A യുടെ ഭാര്യയും പാലാമ്പടം ഡോ. പി.റ്റി. തോമസിന്റെ പുത്രിയുമാണ്. പരി. സഭയുടെ പ്രതിസന്ധി ഘട്ടങ്ങളിൽ എല്ലാം തന്നെ വനിതാവിഭാഗത്തിന് ആവേശം നൽകി പ്രവർത്തിച്ചിട്ടുണ്ട്. ആലുവ ഗേറ്റ് മാർച്ചിന് മുൻപന്തിയിൽ നിലയുറപ്പിച്ചിരുന്നു. തീർത്ഥാടക സമൂഹത്തെ അളവില്ലാതെ സ്നേഹിക്കുകയും ആവശ്യമായ കൈത്താങ്ങൾ നൽകുകയും ചെയ്തിരുന്നു. പിറവം വെട്ടിത്തറ പള്ളി ഇടവകയിലാണ് കബറടക്കിയത്.

**St. Ignathios Pray for us**




**Mathew P. Thomas, Sherly Mathew, Gisha Mathew, Jami Mathew**

**ST. PETERS J.S.O. CHURCH FUJAIRAH**

***Best Compliments from***

**AL Bidiyah Aluminium**



# പരിശുദ്ധ പിതാവ് മലങ്കരയിൽ

**മലങ്കര മൽപാൻ കോറുസോ ദശ്റോറോ ഡോ. കുര്യൻ കോറെപ്പിസ്കോപ്പ കണിയാംപറമ്പിൽ**

മലങ്കരയിൽ സമാധാനത്തിന് എഴുന്നെള്ളിയ ഭാഗ്യസ്മരണാർഹനായ ഏലീയാസ് തൃതീയൻ പാത്രിയർക്കീസ് ബാവ മലങ്കരയിലെ ശ്ലൈഹീക സന്ദർശന വേളയിൽ സന്ദർശിച്ചതായ പള്ളികളും നടത്തിയ സംഭാഷണങ്ങളുടെയും യാത്രകളുടെയും ഒരു ചെറുവിവരണമാണ് താഴെ ചേർക്കുന്നത്.

പീരുമേട് കൊട്ടാരത്തിൽ വിശ്രമിക്കുന്ന റീജന്റ് മഹാറാണിയെ സന്ദർശിക്കുന്നതിന് പരി. പിതാവിന് ക്ഷണം ലഭിച്ചു. 1931 മാർച്ച് 24 -ാം തീയതി കൊട്ടാരത്തിലെത്തി മഹാറാണിയെ സന്ദർശിച്ചു. 1931 മാർച്ച് 27 -ാം തീയതി പരി. പിതാവ് പരിവാരസമേതം കരിങ്ങാശ്രയിലെത്തി. കൊച്ചി മഹാരാജാവ് പ്രത്യേക താൽപര്യം ക്രമീകിച്ച സ്റ്റേറ്റ് കാറിലാണ് പരി. ബാവ സഞ്ചരിച്ചത്. കരിങ്ങാശ്ര പള്ളിയിൽ താമസിക്കുന്ന സമയത്ത് തൃപ്പൂണിത്തറ കൊട്ടാരത്തിലെത്തി കൊച്ചി മഹാരാജാവിനെ സന്ദർശിച്ചു. പരി. പിതാവിന്റെ സന്ദർശനത്തിന് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുന്നതിൽ തൽപരനായ മഹാരാജാവ് ആദരസൂചകമായി രാജമുദ്രയുള്ള സ്വർണ്ണമെഡൽ നൽകി.

വലിയ നോമ്പിൻെറ അന്ത്യഘട്ടമായതിനാൽ കരിങ്ങാശ്രപള്ളിയിലെ ഭക്തജനങ്ങളുടെ അപേക്ഷപ്രകാരം അവിടെ കഷ്ടാനുഭവാഴ്ചയിലെ ശുശ്രൂഷകൾ നടത്തി. ഹാശാ തിങ്കളാഴ്ച നടത്തിയ വാദെദൽ മീനോ ശുശ്രൂഷയ്ക്കും പെസഹാദിനത്തിൽ നടത്തിയ കാൽകഴുകൽ ശുശ്രൂഷയ്ക്കും പങ്കെടുക്കാൻ വലിയ ജനാവലി കരിങ്ങാശ്രയിൽ എത്തിയിരുന്നു.

## സന്ധിസംഭാഷണങ്ങൾ

1106 മേടം ഒന്നിന് തൃക്കുന്നത്ത് സെമിനാരിയിൽ എത്തിയ പരി. പിതാവ് സന്ധിസംഭാഷണങ്ങൾ ആരംഭിച്ചു. മുൻ നിശ്ചയപ്രകാരം ആലുവായിലെത്തിയ മോർ ദിവന്നാസ്യോസ് തിരുമേനി സി.എം.എസ്. ബംഗ്ലാവിലാണ് താമസിച്ചത്. എല്ലാ ദിവസവും കാലത്തും വൈകുന്നേരവുമാണ് സംഭാഷണത്തിന് നിശ്ചയിച്ചിരുന്നത്. മേടം മൂന്നാം തീയതി ചർച്ചകൾ ആരംഭിച്ചു. കാതോലിക്കാ സ്ഥാപനമാണ് സഭാ സമാധാനത്തിനുള്ള മുഖ്യ പ്രതിബന്ധം. “മലങ്കര സഭയ്ക്ക് കാതോലിക്കാ സ്ഥാപനം അപരിത്യാജമാണെന്നും താൻ പ്രതിധാനം വഹിക്കുന്ന കക്ഷി അവരോധിച്ചിട്ടുള്ള കാതോലിക്കായേയും സഹമെത്രാന്മാരെയും സ്വീകരിക്കുന്നെങ്കിൽ മാത്രമെ പ്രശ്നപരിഹാരം ഉണ്ടാകുവെന്ന് മോർ ദിവന്നാസ്യോസ് തിരുമേനി വ്യക്തമാക്കി”.

## ഇടവക സന്ദർശനം

സമാധാന ചർച്ചകൾ ഫലപ്രാപ്തിയിൽ എത്താത്തതുമൂലം ദു:ഖിതനായ പരി. പിതാവ് ശീമയ്ക്ക് മടങ്ങുവാൻ ആഗ്രഹിച്ചു. അതിനു മുമ്പ് മലങ്കരയിലെ പരി. സിംഹാസന ഭക്തരെ സന്ദർശിക്കുന്നതിന് ആഗ്രഹിച്ചു. ഊർജ്ജസ്വലനായ മോർ മിഖായേൽ ദിവന്നാസ്യോസ് തിരുമേനി ഇടവക സന്ദർശനത്തിന് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തു.

## പാണമ്പടിയിൽ

1106 ഇടവം 9-ാം തീയതി പരി. പിതാവ് പാണമ്പടിപള്ളിയിൽ എത്തി. യാത്ര കഴിവതും ആഡംഭര രഹിതമായിരിക്കണമെന്ന് നിർദ്ദേശിച്ചു. എങ്കിലും ഭക്തജനങ്ങൾ ഭക്തിനിർഭരമായ സ്വീകരണമാണ് നൽകിയത്. രണ്ടാഴ്ച പാണംപടി പള്ളിയിൽ പരി. പിതാവ് താമസിച്ചു. ഇടവം 14 ന് കോതമംഗലം മാർത്തോമൻ ചെറിയപള്ളിയിൽ എത്തിയ പരി. പിതാവ് മാർ ബസേലിയോസ് ബാവായുടെ കബറിങ്കൽ ധൂപപ്രാർത്ഥന നടത്തി. പാത്രിയർക്കീസ് കക്ഷിയുടെ സിരാ കേന്ദ്രമായ കോതമംഗലത്ത് സ്നേഹോഷ്മളമായ സ്വീകരണമാണ് ലഭിച്ചത്. മിഥുനം 11 വരെ പരി. പിതാവ് കോതമംഗലം ചെറിയപള്ളിയിൽ താമസിച്ചു. ഈ കാലയളവിൽ സമീപ ദേവാലയങ്ങളും സന്ദർശിച്ചു.

## കുറുപ്പുംപടിയിൽ

കോതമംഗലത്തുനിന്നും മിഥുനം 11 -ാം തീയതി കുറുപ്പുംപടിയിലെത്തി. മലങ്കര സഭാ സമാധാന ചർച്ച ഫലപ്രാപ്തിയിലെത്താത്തത് പരി. പിതാവിന്റെ പിടിവാശിമൂലമാണെന്ന് എതിർകക്ഷികൾ പ്രചരിപ്പിച്ചു.



ദു:ഖിതനായ പരി. പിതാവ് സത്യാവസ്ഥ ബോധ്യപ്പെടുത്താൻ പള്ളി പ്രതിപുരുഷയോഗം കൂടുവാൻ നിശ്ചയിച്ചു. അത് സംബന്ധിച്ച് മിഥുനം 13 ന് പരി. പിതാവ് നൽകിയ കൽപനയിൽ നിന്ന്.

“............. വാത്സല്യ മക്കളെ! നിങ്ങളുടെ സ്നേഹത്തോട് നാം അറിയിക്കുന്നത് എന്തെന്നാൽ:- നിങ്ങൾ ഒരുമിച്ച് കൂടി നമ്മുടെ സഭാ സംബന്ധമായ കാര്യങ്ങളെപ്പറ്റി സംസാരിക്കേണ്ട അത്യാവശ്യം നേരിട്ടിരിക്കകൊണ്ട് നമ്മുടെ മലങ്കരയിലുള്ള പള്ളി പ്രതിപുരുഷന്മാരുടെ പൊതുയോഗം സുറിയാനി കണക്കിൽ ഈ മാസം 23 ന് തിങ്കളാഴ്ച 11 മണിക്ക് കുറുപ്പുംപടി പള്ളിയിൽ കൂടണമെന്ന് നാം നിശ്ചയിച്ചിരിക്കുന്നു. അതിനാൽ ആ പള്ളിയിൽ നിന്നും ഒരു പട്ടക്കാരനേയും രണ്ട് അയ്മേനികളെയും തെരഞ്ഞെടുക്കേണ്ടതുണ്ട്. അവർ ആ യോഗത്തിൽ ഹാജരാകുവാൻ കത്തവണ്ണം പള്ളി ചെലവിന്മേൽ അയച്ചുകൊള്ളണം. സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ നിങ്ങളുടെമേൽ വർദ്ധിച്ചിരിക്കുമാറാകട്ടെ”.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ.....

1931 മിഥുനം 23 ന് കുറുപ്പുംപടി പള്ളിയിൽ നിന്ന്

## കുറുപ്പുംപടി പള്ളി പ്രതിപുരുഷ യോഗം

1106 മിഥുനം 22ന് കുറുപ്പുംപടിപള്ളിയിൽ ചേർന്ന പ്രതിപുരുഷയോഗം മലങ്കര സഭാചരിത്രത്തിലെ ശ്രദ്ധേയമായ സംഭവങ്ങളിലൊന്നാണ്. മോർ ക്ലിമീസ്, മോർ തീമോത്തിയോസ്, മോർ യൂലിയോസ്, മോർ ദിയസ്കോറോസ്, മോർ മിഖായേൽ ദിവന്നാസ്യോസ്, മോർ അത്തനാസ്യോസ് എന്നീ തിരുമേനിമാരും യോഗത്തിൽ സന്നിഹിതരായിരുന്നു. രണ്ട് മണിക്കൂർ ദൈർഘ്യമുള്ള പരി.പിതാവിന്റെ അദ്ധ്യക്ഷപ്രസംഗത്തിലെ ചില ഭാഗങ്ങൾ.

വാത്സല്യ മക്കളെ,

..... ഇവിടെയുള്ള മെത്രാപ്പോലീത്തന്മാരും പട്ടക്കാരും പ്രമാണികളിൽ ചിലരും നമ്മോട് അപേക്ഷിക്കുകയും ഗീവർഗീസ് മോർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തയുടെയും അദ്ദേഹത്തിന്റെ അനുയായികളുടെയും അപേക്ഷപ്രകാരം ബഹു. വൈസ്രോയി ഇർവ്വിൻ പ്രഭു നമ്മോട് ആവശ്യപ്പെടുകയും ചെയ്തപ്പോൾ നിങ്ങളോട് നമുക്കുള്ള അളവറ്റ സ്നേഹവും സമാധാന സ്ഥാപനത്തിലുള്ള അത്യധിക ആകാംഷയും ഹേതുവാൽ നമ്മുടെ രാജ്യത്തിൽ നിന്നും നാം പുറപ്പെട്ട് അനുഗ്രഹീതമായ ഈ നാട്ടിലെത്തി. ഏതുവിധത്തിലും സഭയിൽ സമാധാനം ഉണ്ടാകണമെന്ന അഭിവാഞ്ചയാൽ നമ്മുടെ വാർദ്ധക്യ സഹജമായ ക്ഷീണ പാരവശ്യങ്ങളെയും മാർഗ്ഗക്ലേശങ്ങളെയും അവഗണിച്ച് കപ്പൽ മാർഗ്ഗം കറാച്ചിയിൽ ഇറങ്ങുകയും അവിടെ നിന്ന് ഡൽഹിയിലെത്തി ബഹു. വൈസ്രോയി അവർകളെ സന്ദർശിക്കുകയും ചെയ്തു...... പ്രിയരെ, നിങ്ങൾ സമാധാനത്തെ കാംഷിക്കുന്നുവെങ്കിൽ നമ്മുടെ വചനത്തെ ശ്രവിക്കുവീൻ. മലങ്കരയുടെ സമാധാനത്തിനും ശ്രേയസ്സിന് വേണ്ടിയും ശക്ത്യാനുസരണം വേണ്ടത് പ്രവർത്തിപ്പാൻ നാം തയ്യാറായിരിക്കുന്നു. നിങ്ങൾ നമ്മോട് സഹകരിച്ച് പ്രവർത്തിപ്പീൻ. നിങ്ങളുടെ അദ്ധ്വാനത്തിന് ദൈവം പ്രതിഫലം നൽകും. നമ്മുടെ സഭയിൽ നിന്ന് അകന്നുപോയിരിക്കുന്നവർ തിരികെ വരുന്നതിന് നാം പ്രാർത്ഥിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

കുറുപ്പുംപടി യോഗാനാനന്തരം മിഥുനം 25 ന് പരി. പിതാവ് തൃക്കുന്നത്ത് സെമിനാരിയിലെത്തി. പാത്രിയർക്കീസ് കക്ഷിയുടെ അടിത്തറ ദൃഢപ്പെടുത്തി. ഔഗേൻ മോർ തീമോത്തിയോസ് മെത്രാപ്പോലീത്തായുടെ ക്ഷണപ്രകാരം കർക്കിടകം 7 ന് പരി പിതാവ് കോലഞ്ചേരി പള്ളിയിലെത്തി. ഇവിടെ വിശ്രമിച്ച അവസരത്തിൽ ഹൃദ്രോഗ സംബന്ധമായ അസ്വസ്തതകൾ ഉണ്ടായി. നാട്ടുവൈദ്യന്മാരുടെ ചികിത്സയെ തുടർന്ന് ഏതാനും ദിവങ്ങൾക്കകം സുഖം പ്രാപിച്ചു. കർക്കിടകം 14 ന് മലേകുരിശ് പള്ളിയിലെത്തി. തൃക്കുന്നത്ത് സെമിനാരി യോഗം അനുസരിച്ച് രൂപീകരിച്ച സമുദായ കമ്മിറ്റിയുടെ പ്രഥമയോഗം ആലുവായിലെ വലിയ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ മലേക്കുരിശ് പള്ളിയിൽ കൂടി. സുദീർഘമായ ചർച്ചയ്ക്ക് ശേഷം സമാധാനത്തിന് മെത്രാൻ കക്ഷികളുമായി അവസാന ചർച്ച നടത്തുന്നതിന് ചില ക്രമീകരണങ്ങൾ ചെയ്തു.

## ക്നാനായ സമുദായത്തിന്റെ സ്വീകരണം

1107 ചിങ്ങം 31 ന് ക്നാനായ സമുദായത്തിന്റെ ആഭിമുഖ്യത്തിൽ പരി. പിതാവിന് സ്വീകരണം നൽകി. ചിങ്ങവനത്ത് നൽകിയ സ്വീകരണ സമ്മേളനത്തിൽ ക്നാനായ സമുദായം വകയായി തയ്യാറാക്കിയ മംഗളപത്രം പരി. പിതാവിന് സമർപ്പിച്ചു.

കോട്ടയം, നീലംപേരൂർ, കുറിച്ചി എന്നിവിടങ്ങളിൽ സന്ദർശിച്ച ശേഷം തിരുവനന്തപുരത്ത് എത്തി മഹാറാണി സേതുലക്ഷ്മി ഭായി തമ്പുരാട്ടിയെ സന്ദർശിച്ചു. അവിടെ നിന്നും റാന്നിയിലെത്തി. ഈ യാത്രയിൽ വൃശ്ചികം 6 ന് റാന്നി സെന്റ് തോമസ് വലിയ പള്ളിയിൽ വി. കുർബ്ബാന മദ്ധ്യേ പരി. പിതാവ് വയലാ വി. ഐ ഉണ്ണിട്ടന് കോറൂയോ പട്ടം നൽകി. ഇദ്ദേഹമാണ് ക്നാനായ സമുദായത്തിന്റെ ആത്മീയ മേലദ്ധ്യക്ഷനായി പ്രശോഭിച്ചിരുന്ന എബ്രഹാം മോർ ക്ലിമീസ് വലിയ മെത്രാപ്പോലീത്ത.

## പാണംപടിയിൽ

വൃശ്ചികം 11 ന് റാന്നി പള്ളിയോട് യാത്ര പറഞ്ഞ് തിരുവഞ്ചൂർ പള്ളി സന്ദർശിച്ച ശേഷം വൃശ്ചികം 16 ന് പാണംപടി പള്ളിയിലെത്തി. ദീർഘയാത്രമൂലം ക്ഷീണിതനായ പരി. പിതാവ് രണ്ട് മാസം ഇവിടെ താമസിച്ചു. സഭാ സമാധാന ചർച്ചകൾ വിഫലമായതിനാൽ ഉടനെ ശീമയ്ക്ക് മടങ്ങാൻ നിശ്ചയിച്ചു. അതിന് മുമ്പ് അജഗണങ്ങളുടെ ക്ഷേമത്തെ കരുതി ഭരണഘടന രൂപീകരിക്കുവാൻ നിശ്ചയിച്ചു. പരി. പിതാവിന്റെ കൽപനപ്രകാരം വൃശ്ചികം 17-ാം തീയതി പാണംപടി പള്ളിയിൽ ചേർന്ന യോഗത്തിൽ പരി. പിതാവ് നടത്തിയ പ്രസംഗത്തിന്റെ പ്രസക്ത ഭാഗങ്ങൾ താഴെ ഉദ്ധരിക്കുന്നു.

“നമ്മുടെ പ്രായാധിക്യത്തെയും ദേഹാസ്വാസ്ഥ്യത്തെയും യാത്രാക്ലേശത്തെയും അവഗണിച്ച് നാം മലങ്കരയിൽ എത്തിയത്



മലങ്കര സഭയുടെ സമാധാനത്തെപ്രതിയാണ്. സമാധാന പുനസ്ഥാപനാർത്ഥം നമ്മാൽ കഴിയുന്ന എല്ലാ പരിശ്രമങ്ങളും നാം ചെയ്തു. സമാധാനത്തെ പ്രതി സിംഹാസനത്തിൽ നിന്ന് വിട്ടുകൊടുക്കാവുന്നിടത്തോളം കാര്യങ്ങൾ വിട്ടുകൊടുക്കാമെന്ന് സമ്മതിച്ചു. നമ്മുടെ പക്ഷത്തുനിന്ന് ചെയ്യേണ്ടതായ യാതൊന്നും ഇല്ല. ദിവന്നാസ്യോസ് വഴിപ്പെടുന്ന ഭാവം കാണുന്നില്ല. സമാധാനം കൈവരുന്ന കാര്യം പ്രയാസമായി നമുക്ക് തോന്നുന്നു. നമുക്ക് ഇനി ഈ കാര്യത്തിൽ ഒട്ടും ആശയില്ല. മലങ്കര സഭാ ഭരണത്തിനായി ചില വ്യവസ്ഥകൾ തയ്യാറാക്കിയത് വായിച്ചു കേൾപ്പിക്കാം. അവയെപ്പറ്റി നിങ്ങളുടെ അഭിപ്രായം അറിയണം. നാം സഭയുടെ ക്ഷേമത്തിനായി നമുക്ക് ചെയ്യാനുള്ളതെല്ലാം ചെയ്തു. ഉടനെ ശീമയ്ക്ക് പോകണമെന്ന് ഉദ്ദേശിക്കുന്നു. ഇത് നമ്മുടെ യാത്രപറച്ചിലാണെന്ന് കരുതികൊള്ളണം. നമുക്ക് ഇനി നിങ്ങളോട് യാത്ര പറയുവാൻ മറ്റൊരവസരം കിട്ടുമെന്ന് തോന്നുന്നില്ല. നാം മരണമടഞ്ഞാലും നമ്മുടെ ആത്മാവ് നിങ്ങളുടെ ഐക്യം കാണുവാൻ കാത്തിരിക്കുന്നു. നിങ്ങളെ ഏവരേയും ദൈവം അനുഗ്രഹിക്കട്ടെ”. പരി. പിതാവിന്റെ വികാരഭരിതമായ പ്രസംഗം കഴിഞ്ഞപ്പോൾ ഇലവനാമണ്ണിൽ കുര്യാക്കോസ് കശീശ്ശ ഇപ്രകാരം പറഞ്ഞു. “എതിർ കക്ഷികൾ വഴിപ്പെടാത്തതുകൊണ്ട് പരി. പിതാവ് ഉടനെ ശീമയ്ക്ക് തിരിച്ചെഴുന്നെള്ളുന്നത് വലിയ സങ്കടമാണ്. പരി. സിംഹാസനത്തോട് ഭക്തി ബഹുമാനാദരവോടുകൂടി ഇരിക്കുന്ന അടിയങ്ങളുടെ ഓമല്ലൂർ പള്ളിയിൽ എഴുന്നെള്ളി ആശിർവദിക്കണമെന്ന് അപേക്ഷിക്കുന്നു”. ദു:ഖിതനായ കുര്യാക്കോസ് കശീശ്ശയോട് ഇപ്രകാരം കൽപിച്ചു. നമ്മുടെ അസ്ഥിപഞ്ജരം കൂടി നിങ്ങൾക്ക് വേണമല്ലേ?

## വീണ്ടും സമാധാന ശ്രമങ്ങൾ

സമാധാന പുന:സ്ഥാപനത്തിനായി പരി. പിതാവ് അവസാനമായി വട്ടശേരി തിരുമേനിയുമായി ചർച്ച നടത്തി. 1107 ധനു 16 ന് പാണംപടി പള്ളിയിലെത്തിയ വട്ടശേരി തിരുമേനിയും പരി. ബാവയും തമ്മിൽ നടത്തിയ സംഭാഷണം മലങ്കര സഭാ ചരിത്രത്തിലെ ശ്രദ്ധേയമായ സംഭവങ്ങളിലൊന്നാണ്. ധനു 18 ന് പ്രതിദിനം പത്രത്തിൽ ഈ സംഭാഷണം പ്രസിദ്ധീകരിച്ചിരുന്നു.

പാണംപടി പള്ളിയിലെ താമസത്തോട് വിടപറഞ്ഞ് ചെങ്ങളം പള്ളി സന്ദർശിച്ച ശേഷം പരി. പിതാവ് പള്ളം മോർ ഇഗ്നാത്തിയോസ് പള്ളിയിലെത്തി. ധനാഢ്യനായ കല്ലുപറമ്പിൽ വി.ഐ. മാത്തന്റെ കനിഷ്ഠ പുത്രൻ ജോർജ്കുട്ടിക്ക് ശെമ്മാശുപട്ടം നൽകി. ഏഴാമത്തെ വയസ്സിൽ പിതാവിൽനിന്നും കൈവപ്പ് സ്വീകരിച്ച ബാലനാണ് പിൽക്കാലത്ത് പ്രശസ്തനായ ഫാ.വി.എം. ഗീവറുഗീസ് കല്ലൂപറമ്പിൽ. മലങ്കര സന്ദർശന വേളയിൽ കൈവപ്പ് നടത്തിയിട്ടുള്ളതിൽ ഏറ്റവും പ്രായം കുറഞ്ഞ ബാലൻ എന്ന നിലയിൽ ശെമ്മാശനോട് അതിരറ്റ വാത്സല്യം ഉണ്ടായിരുന്നു.

## അന്ത്യ കൽപന

പള്ളം പള്ളിയിൽ നിന്ന് യാത്രയായ പരി. പിതാവ് തൃക്കോതമംഗലം, പാക്കിൽ, പാലിയേക്കര, തെങ്ങോലി, തിരുവല്ല എന്നീ സ്ഥലങ്ങളിലെ പള്ളികളും സന്ദർശിച്ചു. തിരുവല്ല കട്ടപ്പുറത്ത് പള്ളിയിൽ താമസിക്കുന്ന സന്ദർഭത്തിൽ ശീമയിലുള്ള എല്ലാ പള്ളികൾക്കും നൽകുന്നതിനായി കൽപന തയ്യാറാക്കി. പരി. പിതാവ് അവസാനമായി തയ്യാറാക്കിയ കൽപനയായിരുന്നു അത്.

## മഞ്ഞനിക്കരയിൽ

കൊല്ലവർഷം 1107 മകരം 29-ാം തീയത് മഞ്ഞനിക്കര മാർ സ്തേഫാനോസ് പള്ളിയിൽ എഴുന്നെള്ളി പരി. പിതാവിന്റെ സ്വീക

ശേഷം 9-ാം പേജിൽ

# പരിശുദ്ധ പിതാവ് മലങ്കരയിൽ തുടർച്ച

രണാർത്ഥം ഇലവിലാ മണ്ണിൽ കുറിയാക്കോസ് കശീശ്ശായുടെ നേതൃത്വത്തിൽ വിപുലമായ ഒരുക്കങ്ങളാണ് ക്രമീകരിച്ചത്. മഞ്ഞനിക്കര പള്ളിയിൽ 6 ദിവസം താമസിക്കുന്നതിനാണ് പ്രോഗ്രാം തയ്യാറാക്കിയിരുന്നത്. പള്ളി വികാരി ഇലവിനാമണ്ണിൽ കുറിയാക്കോസ് കശീശ്ശായോട് പരി. പിതാവ് ഇപ്രകാരം കൽപിച്ചു. "കശീശ്ശായ്ക്ക് നം ഇവിടെ 6 ദിവസം താമസിച്ചാൽ പോരായെന്നുണ്ടല്ലേ! എങ്കിൽ നാം 6 മാസം താമസിക്കാം. അതിനായി നീ ഒരുങ്ങി കൊൾക" .

ഇവിടുത്തെ താമസം നമുക്ക് വളരെ സുഖമായി തോന്നുന്നു. ഇവിടെ സ്ഥിരമായി താമസിച്ചാൽ കൊള്ളാമെന്ന് നാം ആഗ്രഹിക്കുന്നു എന്ന് കൽപിച്ച പരി. ബാവായോട് തിരുമനസ്സിലെ താമസം ഞങ്ങൾക്ക് എന്നും സന്തോഷപ്രദമാണ്. എന്നാൽ ഈ പള്ളി വളരെ ചെറുതാണല്ലോ എന്നൊരു വ്യസനമേയുള്ളൂ എന്ന് വികാരിയച്ചൻ ഉണർത്തിച്ചു. "അതിനെക്കുറിച്ച് നിങ്ങൾ വ്യസനിക്കേണ്ട ഈ പള്ളി വലുതാകും" എന്ന് പരി. പിതാവ് കൽപിച്ചു. അന്നേദിവസം സന്ദർശനത്തിനെത്തിയ പട്ടക്കാരോട് :-നിങ്ങളാരും ഇന്ന് പോകരുത്, നാലഞ്ച് ദിവസം നിങ്ങൾക്ക് നമ്മോടുകൂടി താമസിച്ചുകൂടയോ എന്നും കൽപിച്ചു. തന്റെ മരണത്തെക്കുറിച്ച് പരി. പിതാവ് നടത്തിയ പ്രവചനമായിരുന്നു ഇത്. അന്നു വൈകുന്നേരം തിരുമേനിമാരെ എല്ലാവരെയും വിളിപ്പിച്ച് ഇപ്രകാരം കൽപിച്ചു. "നാം നിങ്ങളോട് ഒരു കാര്യം പറയണമെന്നാഗ്രഹിക്കുന്നു. ശത്രുക്കളുടെ ഇടയിൽ കിടന്ന് ബുദ്ധിമുട്ടുന്ന ഈ ചെറിയപള്ളിയേയും പള്ളിക്കാരേയും ഇവിടുത്തെ വികാരിയച്ചനെയും ദൈവം കൂടുതലായി അനുഗ്രഹിക്കുന്നതിനും മരിച്ചുപോയ വിശുദ്ധ പിതാക്കന്മാരുടെ മദ്ധ്യസ്ഥപ്രാർത്ഥന എപ്പോഴും അവർക്കുണ്ടായിരിക്കുന്നതിനും മറ്റുമായി പരിശുദ്ധന്റെ അസ്ഥി ഈ പള്ളിയിൽ സ്ഥാപിക്കണമെന്നാണ് നമ്മുടെ ആഗ്രഹം. നിങ്ങൾക്കുള്ള അഭിപ്രായം അറിയാൻ നാം വാഞ്ചിക്കുന്നു". തിരുമേനിമാരെല്ലാം ഇതിനെ അനുകൂലിച്ചു. "നാളെ മോർ ക്ലിമീസ് വി. കുർബ്ബാന അണയ്ക്കണം. പരിശുദ്ധന്റെ അസ്ഥി നമുക്ക് ഞായറാഴ്ച കുർബ്ബാനയ്ക്ക് ശേഷം ഇവിടെ സ്ഥാപിക്കണമെന്ന് പരി. പിതാവ് കൽപിച്ചു". പരി. പിതാവ് ശീമയിൽ നിന്നും കൊണ്ടുവന്ന പരി. പിതാക്കന്മാരുടെ തിരുശേഷിപ്പുകളെ കുറിച്ചാണ് കൽപിച്ചതെന്നാണ് തിരുമേനിമാർ കരുതിയത്.

### അന്ത്യപ്രഭാഷണം

1107 കുംഭം ഒന്നാം തീയതി ശനിയാഴ്ച മോർ ക്ലിമീസ് തിരുമേനി ദിവ്യബലിയർപ്പിച്ചു. പരി. പിതാവ് കുർബ്ബാന മദ്ധ്യേ വിശ്വാസികൾക്ക് നൽകിയ പ്രബോധനം തന്റെ ഭൗതീക ജീവിതത്തിലെ അന്ത്യപ്രഭാഷണമായിരുന്നു. "നാം ഇൻഡ്യയിലേയ്ക്ക് തിരിച്ചത് സമാധാനം കൈവരുത്താനായിട്ട് മാത്രമാകുന്നു. മലങ്കര നാം എത്തിയ ഉടനെ സമാധാനത്തിന്റെ വാതിൽ തുറക്കുകയും ചെയ്തു. എന്നാൽ ഇതുവരെയും സമാധാനം സംസ്ഥാപിതമായിട്ടില്ല. സമാധാനം ഉണ്ടാകുമോ എന്ന കാര്യവും നമുക്ക് വളരെ സംശയകരമായി തീരുകയും ചെയ്തിരിക്കുന്നു. നമ്മുടെ ശരീരത്തിലെ ഒരു അവയവം നഷ്ടപ്പെടുന്നതിൽ നമുക്ക് അത്യധികമായ സങ്കടമുണ്ട്. നമ്മുടെ ഹൃദയം ഇതാ വെന്തുവെണ്ണീറാവുന്നു. ശരീരത്തിലെ ഏതെങ്കിലും ഒരവയവം ചീഞ്ഞ് നാറുന്ന പക്ഷം അതിനെ മുറിച്ചു കളയാതെ ഗത്യന്തരമില്ല. ബലഹീനനായ നാം അന്ത്യോഖ്യാ സിംഹാസനത്തിലെ 152-മത്തെ പാത്രിയർക്കീസാണ്. ഇന്നുവരെയും പരി. സിംഹാസനം ഏറ്റവും വിശുദ്ധവും മഹനീയവുമായി സ്ഥിതിചെയ്യുന്നു. ആ വി. സിംഹാസനത്തോട് നിങ്ങൾക്കുള്ള അകൈതവമായ സ്നേഹത്തെ നാം ഒരുനാളും മറക്കുന്നതല്ല. നമ്മുടെ മ്ശിഹാ തമ്പുരാന്റെ രണ്ടാമത്തെ വരവിങ്കൽ തന്നോടുകൂടി നാമും ഉണ്ടായിരിക്കണമെന്ന് നമുക്ക് പരിപൂർണ്ണമായ വിശ്വാസമുണ്ട്. ആ അവസരത്തിൽ നമ്മെ സ്നേഹിക്കുന്നവരായ നിങ്ങൾക്ക് വളരെ സന്തോഷമുണ്ടാകുമെന്ന് നാം വിശ്വസിക്കുന്നു. വാത്സല്യ മക്കളെ, അന്ത്യോഖ്യാ സിംഹാസനം നിങ്ങളുടെ തലയായിരിക്കുന്നതിനാൽ നിങ്ങൾക്കുള്ള ബഹുമാനം എത്ര വളരെയാകുന്നു. സർവ്വശക്തനായ ദൈവം നിങ്ങളെയും നിങ്ങളുടെ കുടുംബങ്ങളെയും നിങ്ങൾക്കുള്ള സകലത്തേയും അനുഗ്രഹിക്കുകയും വർദ്ധിപ്പിക്കുകയും ചെയ്യട്ടെ".

### അന്ത്യ നിമിഷങ്ങൾ

1107 കുംഭം ഒന്നാം തീയതി വി. കുർബ്ബാനയ്ക്ക് ശേഷം പരി. പിതാവിനെ സന്ദർശിക്കുന്നതിനെത്തിയ തുമ്പമൺ ഭദ്രാസനത്തിലെ വൈദീകരുമായി ദീർഘനേരം സംസാരിച്ചു. സത്യവിശ്വാസ സംരക്ഷണത്തിന് പരിശുദ്ധന്മാർ അനുഭവിച്ച ക്ലേശങ്ങളെ വിശദീകരിക്കുകയും എല്ലാവിധ ത്യാഗങ്ങളും സഹിച്ച് സത്യവിശ്വാസത്തിൽ നിലനിൽക്കണമെന്ന് പരി. പിതാവ് ഉദ്ബോധിപ്പിക്കുകയും ചെയ്തു. ഉച്ച പ്രാർത്ഥനയ്ക്ക് ശേഷം ഭക്ഷണം കഴിച്ചു. തുടർന്ന് പ്രാർത്ഥനാനന്തരം തുടർച്ചയായി എഴുതിവരുന്ന സഭാനാളാഗമ പുസ്തകം എടുത്ത് എഴുതാനാരംഭിച്ചു. ഈ സമയം ശീമയിലേയ്ക്ക് ഒരു കൽപന തയ്യാറാക്കാൻ പ്രൈവറ്റ് സെക്രട്ടറിയോട് നിർദ്ദേശിച്ചു. അൽപ സമയം കഴിഞ്ഞപ്പോൾ എഴുത്ത് അവസാനിപ്പിച്ച് ഏതാനും നിമിഷങ്ങൾ ധ്യാനനിമഗ്നനായിരുന്നു. പിന്നീട് എഴുന്നേറ്റ് നെറ്റിയിൽ കൈയ്യമർത്തികൊണ്ട് "എന്റെ തല, എന്റെ തല" എന്നു പറഞ്ഞു. ധൃതഗതിയിൽ റമ്പാന്മാർ അടുത്തു ചെന്നു. അപ്പോഴേയ്ക്കും വീഴാൻ തുടങ്ങിയ പരി. പിതാവിനെ താങ്ങിയെടുത്ത് മെത്തയിൽ കിടത്തി. അപ്പോൾ സമയം രണ്ടര മണിയായിരുന്നു. മോർ ക്ലിമീസ്, മോർ മിഖായേൽ ദിവന്നാസ്യോസ് മോർ യൂലിയോസ് എന്നീ തിരുമേനിമാരും പരി. ബാവായുടെ സമീപത്തുണ്ടായിരുന്നു. മോർ മിഖായേൽ ദിവന്ന്യാസോസ് തിരുമേനി യഥോചിതം പ്രാർത്ഥനകൾ നടത്തി. ഏതാനും നിമിഷങ്ങൾക്കകം മഹാപരിശുദ്ധനായ ബാവായുടെ ആത്മാവ് ഭൗതീക ശരീരത്തോട് വിടപറഞ്ഞു.

### കണ്ണീരിൽ കുതിർന്ന കബറടക്കം

പരി.പിതാവ് കാലം ചെയ്തെന്നുള്ള ദു:ഖവാർത്ത നാനാദിക്കിലും എത്തി. ഭക്തജനങ്ങൾ മഞ്ഞനിക്കരയിലേയ്ക്ക് കുതിച്ചു. മോർ ദിയസ്കോറസ്, മോർ അത്താനാസിയോസ് എന്നീ തിരുമേനിമാർ രാത്രിയിൽ തന്നെ മഞ്ഞനിക്കരയിലെത്തി. പരി. ബാവായുടെ സഹയാത്രികർ ദു:ഖത്തിലായി. മോർ ദിവന്നാസിയോസ് മീഖായേൽ തിരുമേനി എല്ലാവരെയും ആശ്വസിപ്പിക്കാൻ ശ്രമിച്ചുവെങ്കിലും ഫലവത്തായില്ല. വെളുപ്പിന് 3 മണി ആയപ്പോഴേയ്ക്കും വിദൂര ദിക്കുകളിലുള്ള പട്ടക്കാരും സമുദായ പ്രധാനിമാരും ബഹുജനങ്ങളും വന്ന് തുടങ്ങി. പള്ളിപറമ്പിലും ചുറ്റുമുള്ള പുരയിടങ്ങളിലും ജനങ്ങൾ നിറഞ്ഞു കവിഞ്ഞ നിലയായി. മെത്രാപ്പോലീത്തന്മാരായ മോർ അത്താനാസിയോസ്, മോർ ദിയസ്കോറസ് എന്നീ തിരുമേനിമാരും വന്നെത്തി.

നേരം പ്രഭാതമായി. മോർ ക്ലിമീസ് മെത്രാപ്പോലീത്ത അനേകം പട്ടക്കാരുടെ സഹകരണത്തോടുകൂടി സംസ്കാര ശുശ്രൂഷയിൽ മിക്കഭാഗവും നിർവ്വഹിച്ചു. നാലഞ്ചു നാഴിക പുലർന്നപ്പോൾ മലങ്കരയുടെ മോർ ദിവന്നാസിയോസ് മെത്രാപ്പോലീത്ത പള്ളിയിൽ വരികയും ബാവായുടെ തിരുശരീരം കോട്ടയം പഴയസെമിനാരിയിൽ സംസ്കരിച്ചാൽ കൊള്ളാമെന്നുള്ള തന്റെ അഭിപ്രായം പ്രസ്താവിക്കുകയുണ്ടായി. ബാവാ തിരുമനസ്സിലെ മഹനീയ ദേഹം എവിടെയാണ് കബറടക്കം ചെയ്യേണ്ടതിനെപ്പറ്റി അപ്പോൾ തന്നെ റമ്പാൻമാരാദിയായ ശീമക്കാരും ദിവ്യശ്രീ. കോടിയാട്ട് കുറിയാക്കോസ് കോറെപ്പിസ്കോപ്പ, മെ.പി.റ്റി. തോമസ് (പാലമ്പടം), ഇ. പി.മാത്യു, അക്കര സി. ജോൺ (കൊച്ചു പാപ്പി), വാഴയിൽ ജോസഫ്, അഞ്ചേരിയിൽ പാപ്പച്ചൻ, കോടിയാട്ട് കെ.ജെ. എബ്രഹാം, പുത്തൻകളത്തിൽ കുര്യൻ, ഏറിക്കാട്ട് എം. സക്കറിയ, കെ,ജെ. അലക്സാണ്ടർ മുതലായ സമുദായ പ്രധാനന്മാരും കൂടി ഒരു ആലോചന നടത്തി. ഓരോരുത്തരും തങ്ങളുടെ അഭിവന്ദ്യ പിതാവിന്റെ തിരുശരീരം അഭിമാനത്തോടും ബഹുമാനത്തോടും കൂടി കൊണ്ടുപോയി സംസ്കരിച്ചുകൊള്ളാമെന്ന് സസന്തോഷം പ്രസ്താവിച്ചു. പ്രൈവറ്റ് സെക്രട്ടറിയും സഹോദരപുത്രനുമായ മി. സക്കറിയ തുടങ്ങിയുള്ള ശീമക്കാർ അവർക്കുള്ള പ്രത്യേകാവകാശവും ആഗ്രഹവും പ്രതിപാദിച്ചു. തിരുമനസുകൊണ്ട് എവിടെ കാലം ചെയ്തുവോ ആ പള്ളിക്കാർ (ഓമല്ലൂർ മഞ്ഞനിക്കര സ്തേഫാനോസ് പള്ളി) അവരുടെ ആഗ്രഹവും നിർബന്ധവും വെളിപ്പെടുത്തി. ഒടുവിൽ കബറിടം പണിയും മറ്റും ത്ധടിതിയിൽ ആരംഭിച്ചു.കബറിനുവേണ്ട കല്ലുകൾ ഒന്നരനാഴിക ദൂരെ ഒരു സ്ഥലത്ത് നിന്ന് കൊണ്ടുവരേണ്ടിയിരുന്നു. വി. പിതാവിനോടുള്ള ഭക്ത്യാദിരേകത്താൽ അവിടെ കൂടിയിരുന്ന ജനങ്ങൾ കുലീനത്വമോ ആഭിജാത്യമോ കാരുതാതെ ഒന്നരനാഴിക ദൂരത്തിൽ അണിനിരന്ന് കല്ലുകൾ കൈമാറിക്കൈമാറി അതിവേഗം ഉദ്ധിഷ്ട സ്ഥലത്ത് എത്തിച്ച കാഴ്ച കാണേണ്ടതായിരുന്നു.പകൽ 12 മണിയായി. ബാവാതിരുമനസിലെ തിരുശരീരം പള്ളിക്കുള്ളിൽ നിന്നും പുറത്തേയ്ക്ക് എടുത്ത് പടിഞ്ഞാറുവശത്തേ വാതിൽക്കൽ സകലമാന പേർക്കും കാണത്തക്കവിധത്തിൽ ഒരുയർന്ന പീഢത്തിൽ ആസ്ഥാനമാക്കി. പിന്നീട് അഭിവന്ദ്യ തിരുമേനിമാരുടെയും അനവധി പട്ടക്കാരുടെ സഹകരണത്തോടുകൂടി ശുശ്രൂഷകൾ വീണ്ടും ആരംഭിച്ചു. ഇത് ഒരു മണിക്കൂർ കൊണ്ട് അവസാനിച്ചു. അനന്തരം കൈമുത്താരംഭിച്ചു. 6 മണിക്കൂറിലധികം നീണ്ടുനിന്നു. പിന്നീട് പള്ളിയുടെ കിഴക്കുവശത്ത് കൊണ്ടുവന്നു. അവിടെ നഗരികാണിക്കൽ എന്ന മർമ്മഭേദകമായ കർമ്മം നിർവ്വഹിച്ചു. അനന്തരം തിരുശരീരത്തോട് തൊട്ട് പുരോഭാഗത്തായി കൈയ്യിൽ കത്തിച്ച മെഴുകുതിരികളോടു കൂടി രണ്ട് വരിയായി നിരന്നു നിന്ന പട്ടക്കാർ ഉൾപ്പെടെ ഒരു ഫോട്ടോ എടുത്തു.

മണി ഏകദേശം അഞ്ചായി. അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും ശ്ലീഹായ്ക്കടുത്ത സിംഹാസനത്തിന്റെ നി.വ.ദി.മ. ശ്രീ. മോറോൻ മോർ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവ തിരുമനസിലെ ഭൗതീക ദേഹം കബറിനുള്ളിൽ നിക്ഷേപിക്കപ്പെട്ടു. 5 മിനിട്ട് നേരത്തേയ്ക്ക് സുഖാവഹമായ ഒരു പൊടിമഴ പൊഴിഞ്ഞു. ശേഷിച്ച ശുശ്രൂഷകളും യഥാവിധി നിർവ്വഹിച്ചു. കബറടക്കസമയത്ത് കല്ലറയുടെ വക്കിൽ തിരുവിതാംകൂർ ഗവൺമെന്റിന്റെ പ്രതിനിധികളായി കൊല്ലം ഡി. മജിസ്ട്രേറ്റ് മി. റ്റി.പി. രാമസുബ്ബയ്യരും, പത്തനംതിട്ട തഹസിൽദാരും, എ.എസ്സ്.പി.മി. അച്യുതൻപിള്ളയും പോലീസ് ഇൻസെപ്കടറും നിന്നിരുന്നു. കബറടക്ക ശുശ്രൂഷയ്ക്കിടയിൽ അടുത്തുനിന്ന എല്ലാവരും കണ്ണുനീർകൊണ്ട് കബറിന്റെ ഭിത്തികളെ അഭിഷേകം ചെയ്തു. ജനസംഘം വാവിട്ട് നിലവിളിച്ചു. ഒന്നുരണ്ട് അച്ചൻമാർ ബോധരഹിതരായിത്തീർന്നു. മോർ അത്തനാസ്യോസ് തിരുമേനിക്ക് ദു:ഖപാരവശ്യത്താൽ ചെറിയ വിവശത ബാധിച്ചു. ബാവാ തിരുനസ്സിലെ സഹോദരപുത്രനായ മി. സക്കറിയ കഠിന കദനത്താൽ കരളുരുകി കരയുന്ന കാഴ്ച കല്ലിന് പോലും കണ്ടുനിൽക്കാൻ കഴിയുന്നതല്ലായിരുന്നു. വൈദീക കർമ്മങ്ങളുടെ അവസാനത്തിൽ അനേകായിരം ജനങ്ങളോടായി മോർ മിഖായേൽ ദിവന്നാസിയോസ് മെത്രാപ്പോലീത്ത തിരുമനസ്സുകൊണ്ട് പ്രസംഗം ചെയ്തു.

"പ്രിയരെ! ഇതൊരു നഷ്ടമായി കരുതി നിങ്ങൾ കരയരുത്. ഇത് നമുക്കൊരു ലാഭമാണ്. ദുരന്തദുരിത പൂർണ്ണമായ ഈ ലോകം ക്ഷണഭംഗുരമാണെന്നും മായാവിലാസത്താൽ തോന്നുന്ന മതി മോഹം ഇവിടെയുള്ളുവെന്നും നിത്യവും സ്തുത്യർഹവുമായ വാസ്തവലോകം വേറെയാണെന്നും വിശ്വസിക്കുന്ന നമുക്ക് ദു:ഖിക്കുവാൻ അവകാശമില്ല. നമ്മുടെ വി. പിതാവ് ഇന്ന് നിത്യലോകത്തിൽ പ്രവേശിച്ചിരിക്കുന്നു. ഇവിടെയിരുന്നുകൊണ്ട് നമുക്കുവേണ്ടി പ്രവർത്തിക്കുവാൻ അദ്ദേഹത്തിന് കഴിയുമായിരുന്നതിൽ അനേകമടങ്ങ് കൂടുതലായി അവിടെ അഖിലേശ്വര സന്നിധിയിൽ ഇരുന്നുകൊണ്ട് അദ്ദേഹത്തിന് പ്രവർത്തിക്കുവാൻ കഴിയും. സംശയമില്ല. പരേതനായ ഈ പരി. പിതാവിൽ പരിശോഭിച്ചിരുന്ന പരമോൽകൃഷ്ട ഗുണങ്ങൾ പലതുമാണെങ്കിലും അവയിൽ യഥാർത്ഥ പരമാർത്ഥത, ആദ്യന്തികമായ സഹനശക്തി എന്നിവ സർവ്വദാ പ്രകീർത്തിതങ്ങളത്രെ". അവിടുത്തെ മഹാമനസ്കത, നിഷ്കളങ്ക സ്നേഹം, ഭക്തവാത്സല്യം, കറകളഞ്ഞ ദൈവഭക്തി എന്നിവയെല്ലാം അദ്ദേഹവുമായി അൽപസമയത്തേക്കെങ്കിലും പരിചയപ്പെടുവാൻ ഭാഗ്യം സിദ്ധിച്ച ഒരുവനെങ്ങനെ മറക്കാൻ കഴിയും? എതിരാളികളിൽ നിന്നുവരുന്ന ഏതുമാതിരി ഉപദ്രവവും ക്ഷമയോടെ സഹിച്ച് അവരോട് സ്നേഹവാത്സല്യപൂർവ്വം വർത്തിക്കുവാൻ തക്കവണ്ണം അദ്ദേഹത്തിനുണ്ടായിരുന്ന ഹൃദയവിശാലത ശത്രുക്കൾ പോലും സമ്മതിക്കുന്നതാണ്. പരി.പിതാവിന്റെ മുഖത്ത് നോക്കികൊണ്ട് അദേഹത്തിനെതിരായി അവിവേകം സംസാരിക്കുവാൻ ദൈവദത്തമായ ഹൃദയമുള്ള ഒരുമനുഷ്യനും സാധിക്കുന്നതല്ല. അത്രമാത്രം ദൈവവിലാസമായിരുന്നല്ലോ അവിടുത്തെ തിരുമുഖത്ത് കളിയാടിയിരുന്നത്. അവിടുന്ന് ഈ മലങ്കര സഭയിൽ പാദസ്പർശം ചെയ്ത നാൾ മുതൽ അവിടുത്തെ സന്തത സഹചാരികളായിരുന്ന ഞങ്ങൾക്ക് അദ്ദേഹത്തിൽനിന്ന് അനവധി ഗുണപാഠങ്ങൾ പഠിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കഷ്ടതയും ഞെരുക്കവും എന്നുവേണ്ട സകലവിധ ദുരിതങ്ങളും സഭയ്ക്കുവേണ്ടി സഹിക്കുവാനുള്ള ഒരു മന:സ്ഥിതി അദ്ദേഹത്തിൽ നിന്നും ഞങ്ങൾ പഠിച്ചുകഴിഞ്ഞിരുന്നു. നിങ്ങൾ അദ്ദേഹത്തിന്റെ മഹാ പരിശുദ്ധതയിലും മദ്ധ്യസ്ഥപ്രാർത്ഥനയിലും പൂർണ്ണമായി വിശ്വസിക്കുവീൻ. ജഗന്നിയന്താവായ ദൈവം എല്ലാവരെയും അനുഗ്രഹിക്കട്ടെ.

കാലം ചെയ്ത ദിവസം പരി.പിതാവ് പതിവിൽ കൂടുതൽ സമയം പ്രാർത്ഥനയിലും ധ്യാനത്തിലും കഴിച്ചുകൂട്ടി. മറ്റിടവകകളിൽ നിന്ന് വന്നിരുന്ന വൈദീകരെയെല്ലാം അടുക്കൽ വിളിച്ച് "നിങ്ങളാരും ഇന്ന് പോകേണ്ട, ഒരഞ്ചുദിവസംകൂടി നിങ്ങൾ നമ്മോടൊന്നിച്ച് താമസിക്കണം" എന്ന് തിരുമേനി കരുണാപൂർവ്വം കൽപിച്ചരുളി ചെയ്തു എന്നുള്ളതും ഈ അവസരത്തിൽ ശ്രദ്ധേയമാണ്.

അന്ന് വൈകുന്നേരം വി.പിതാവ് പള്ളിയുടെ വടക്കുവശത്ത് മെത്രാപ്പോലീത്തമാർക്ക് താമസിക്കാനായി ഉണ്ടാക്കിയിരുന്ന താൽക്കാലിക ഷെഡ്ഡിൽ യാദൃശ്ചികമായി വന്നിരുന്നു. മോർ യൂലിയോസ് തിരുമേനിയും മറ്റും വി. പിതാവിന്റെ ചുറ്റിനും നിന്നിരുന്നു. ഓരോ കാര്യങ്ങളെപ്പറ്റി അപ്പോൾ സംഭാഷണം ചെയ്ത കൂട്ടത്തിൽ മേൽപട്ടക്കാർക്കുവേണ്ടി നടത്തപ്പെടുന്ന അന്ത്യകൂദാശ സംബന്ധിച്ച് കേവലം അപ്രകൃതമെന്നപോലെ ബാവാ തിരുമനസ്സുകൊണ്ട് കൽപിച്ചു തുടങ്ങി. വി. പിതാക്കന്മാരാൽ ക്രമപ്പെടുത്തിയിരിക്കുന്ന ആ ശുശ്രൂഷാ ക്രമങ്ങളിൽ കുറെ ഭാഗം ബാവാതിരുമനസ്സുകൊണ്ടുതന്നെ ചൊല്ലി. അതിനെപ്പറ്റി മെത്രാപ്പോലീത്തന്മാരോട് ചിലതെല്ലാം ചോദിക്കുകയുണ്ടായി. അപ്പോൾ ആ സംഭവത്തിന് എന്തെങ്കിലും പ്രത്യേകതകൾ ഉള്ളതായി ആരും കരുതിയിരിക്കുവാനിടയായില്ല. എന്നാൽ ഇന്നാകട്ടെ ആ സംഭവം യശ:ശരീരനായ അദ്ദേഹത്തെ പിരിഞ്ഞ് ഇവിടെ ജീവിക്കുന്ന തൃപ്പാദഭക്തന്മാരുടെ ഹൃദയത്തെ എത്രകണ്ട് വികാരതരളിതമാക്കി തീർക്കുന്നു എന്ന് വിവരിക്കുവാൻ പ്രയാസം. പാത്രിയർക്കീസ് ബാവ ശീമയിൽ നിന്ന് ഇങ്ങോട്ട് പോരുമ്പോൾ മൂന്ന് സഹദേന്മാരുടെ തിരുശേഷിപ്പുകൾ (പരിശുദ്ധന്മാരുടെ അസ്ഥികൾ) കൂടി കൊണ്ടുപോന്നിരുന്നു. അവയിൽ ഒന്ന് മോർ അത്താനാസ്യോസ് തിരുമേനിക്കും, ഒന്ന് മോർ ദിയസ്കോറസ് തിരുമേനിക്കും കൽപിച്ച് ദാനം ചെയ്ത് കഴിഞ്ഞിരുന്നു. ബാക്കി ഒരെണ്ണം ബാവാ തിരുമനസ്സിലെ കൈവശം ഉണ്ടായിരുന്നു.

സാധാരണയായി തിരുമനസുകൊണ്ട് ഏതെങ്കിലും പള്ളിയിലെഴുന്നെള്ളിയാൽ അവിടെനിന്ന് നീങ്ങുന്ന ദിവസമോ അതിന്റെ തലേ ദിവസമോ ആണ് ആ പള്ളിയിലെ പട്ടക്കാർക്കും മറ്റും വൈദീകസ്ഥാനമോ സമ്മാനാദികളോ കൊടുക്കാറ് പതിവ്. ഇതിന് വ്യത്യാസമായിട്ടാണ് മഞ്ഞനിക്കരയിൽ പ്രവർത്തിച്ചത്. വി. പിതാവ് കാലം ചെയ്ത ദിവസമായ ശനിയാഴ്ച രാവിലെ മെത്രാപ്പോലീത്തൻമാരെയും റമ്പാന്മാരെയും അടുക്കൽ വിളിച്ച് 'നമ്മുടെ ഇങ്ങോട്ടുള്ള വരവിൽ ഇത്രയധികം പ്രയാസങ്ങളും ക്ലേശങ്ങളും സഹിച്ച ഈ വികാരിക്ക് (ഇലവിനാമണ്ണിലച്ചന്) നമ്മുടെ കൃതജ്ഞത സൂചകമായി എന്തോന്നാണ് കൊടുക്കേണ്ടതെന്ന്' "തിരുമനസ്സുകൊണ്ട് ചോദിച്ചു. അതൊക്കെ പോകാറാകുമ്പോൾ പോരായോ? എന്ന് ആരോ ഉടനെ സൂചിപ്പിച്ചു. അപ്പോൾ അങ്ങനെയല്ല, ആ കൃത്യം ഇപ്പോൾ തന്നെ നടക്കണമെന്ന് നമുക്ക് നിർബന്ധമുണ്ട്" എന്നാണ് വി. പിതാവ് കൽപിച്ചത്. കോറെപ്പിസ്കോപ്പ സ്ഥാനം, സ്വർണ്ണ സ്ലീബ എന്നിങ്ങനെ ഓരോ അഭിപ്രായങ്ങൾ പുറപ്പെടുവിച്ചു. ഇതെല്ലാം കേട്ടുകഴിഞ്ഞ ശേഷം ബാവ തിരുമനസ്സുകൊണ്ട് നമ്മുടെ അഭിപ്രായം ഈ വികാരിക്ക് "ശ്മശാനതിരുശേഷിപ്പുതന്നെ കൊടുക്കണമെന്നാണ്" എന്നു കൽപിച്ചു. അത്ഭുതം!

# വടക്കൻ മേഖല മഞ്ഞനിക്കര തീർത്ഥയാത്ര– ഉത്ഭവവും ചരിത്രവും

റോയി. ഡി. പോൾ, വള്ളവത്താട്ടിൽ, പിറവം (സെക്രട്ടറി അന്ത്യോഖ്യാസിംഹാസന വിശ്വാസതീർത്ഥയാത്രാസംഘം)



ഇന്ത്യയിലെ എന്നല്ല, ലോകത്തിലെ തന്നെ ഏറ്റവും വലിയ കാൽനട തീർത്ഥയാത്രയായ വടക്കൻ മേഖലയിൽ നിന്നും ഉള്ള മഞ്ഞനിക്കര തീർത്ഥയാത്ര പരിശുദ്ധൻ കാലം ചെയ്ത 1932-ൽ തന്നെ ആരംഭിച്ചു. മഹാ പരിശുദ്ധനായ ഏലിയാസ് തൃതീയൻ ബാവ മഞ്ഞനിക്കര മാർ സ്തേഫാനോസ് പള്ളിയിൽ 1932 ഫെബ്രുവരി 12-ാം തീയതി കാലം ചെയ്യുകയും ഫെബ്രുവരി 13-ാം തീയതി കബറടക്കപ്പെടുകയും ചെയ്തതാണല്ലോ. പരിശുദ്ധന്റെ 40-ാം അടിയന്തിരത്തിൽ സംബന്ധിക്കുന്നതിനായി എറണാകുളം ജില്ലയിലെ മണീട് ഗ്രാമത്തിൽ നിന്നും 7 പേർ കാൽനടയായി നോമ്പു നോറ്റ് മഞ്ഞിനിക്കരയ്ക്ക് നടന്നുപോയി. അന്ന് നെച്ചൂർ സെന്റ് തോമസ് യാക്കോബായ സുറിയാനി പള്ളിയുടെ വകയായി മണീടിൽ ഉണ്ടായിരുന്ന മോർ കുര്യാക്കോസ് സഹദാ ചാപ്പലിൽ കൂടിയ ഇവരിൽ 6 പേർ നെച്ചൂർ പള്ളി ഇടവകാംഗങ്ങളും ഒരാൾ സമീപത്തുള്ള ആരക്കുന്നം പള്ളി ഇടവകാംഗവുമായിരുന്നു. ശ്രീ. വി. എം. പീറ്റർ കൊള്ളിനാലിന്റെ നേതൃത്വത്തിൽ ശ്രീ. വി. വി. കുര്യൻ കൊള്ളിനാൽ, മത്തായി പുളിയ്ക്കമറ്റം, ഉതുപ്പു വർക്കി കുരൂർ പുത്തൻപുര, മാത്യു ചെറിയ വാളാടിയിൽ, വർക്കി ചെറിയ മുറങ്കോട്ടിൽ തുടങ്ങിയ 7 പേരടങ്ങുന്ന യാത്ര കാൽനടയായി മഞ്ഞിനിക്കരയിൽ എത്തുകയും അവിടെ നിന്നും തിരിച്ച് കാൽനടയായിത്തന്നെ മണീടിൽ എത്തുകയും ചെയ്തു. യാത്രാ മദ്ധ്യേ കഴിക്കുന്നതിനുള്ള ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങളും, ഭക്ഷണ സാധനങ്ങളും അവർതന്നെ കരുതി യാത്രാ വേളയിൽ സ്വയം പാകം ചെയ്ത് കഴിച്ചുപോന്നു.

**വി. എം. പീറ്റർ കൊള്ളിനാൽ, മണീട്**



1932 ൽ ആദ്യമായി പരി. മോറാന്റെ കബറിങ്കലേയ്ക്കുള്ള തീർത്ഥയാത്രയ്ക്ക് നേതൃത്വം നൽകി. പരിശുദ്ധന്റെ ശ്രാദ്ധപെരുന്നാളിനോടനുബന്ധിച്ച് വർഷാവർഷം മണീട് പള്ളിയിൽനടത്തുന്ന ശ്രാദ്ധ സദ്യ ഇദ്ദേഹം നിർവ്വഹിച്ചുപോന്നു. വടക്കൻ മേഖല തീർത്ഥയാത്രയുമായി ബന്ധപ്പെട്ട ചെലവുകൾക്ക് രണ്ടര ഏക്കർ തോട്ടം മണീട് പള്ളിയിലേയ്ക്ക് ദാനമായി നൽകി.

പിറവം പെരുവ വഴി കോട്ടയത്ത് എത്തി സിംഹാസന പള്ളിയിൽ വിശ്രമിച്ച് പിറ്റേന്ന് രാവിലെ 10 മണിക്ക് യാത്ര തിരിച്ചു. കുമരകം, പാക്കിൽ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നുമുള്ള 20 പേർ കൂടി ഈ യാത്രയിൽ ചേർന്നിരുന്നു. ചിങ്ങവനം പള്ളിയിൽ എത്തി വിശ്രമിച്ച് വീണ്ടും യാത്ര ആരംഭിച്ചു. അവിടെ നിന്നും ആരംഭിച്ച യാത്ര്രയിൽ 100 ഓളം പേർ ഉണ്ടായിരുന്നു. ഉച്ചയോടെ ആറന്മുളയിൽ എത്തി വിശ്രമിച്ച് പുറപ്പെട്ട യാത്ര വൈകിട്ട് വിശുദ്ധന്റെ കബറിൽ എത്തി പ്രാർത്ഥിച്ചു. പിറ്റേന്ന് വി. കുർബ്ബാനക്കു ശേഷം കാൽനടയായി തന്നെ തിരിച്ചു പോന്നു.

പിന്നീട് എല്ലാ വർഷവും പരി. ബാവായുടെ ശ്രാദ്ധപെരുന്നാളിന് മണീടിൽ നിന്നും കാൽ നടയായി യാത്ര പൊയ്ക്കൊണ്ടിരുന്നു. താമസംവിനാ സമീപമുള്ള പള്ളികളിൽ നിന്നും ചാപ്പലുകളിൽ നിന്നും യാത്ര ആരംഭിക്കുകയും തീർത്ഥാടകരുടെ എണ്ണം നാൾക്കു നാൾ വർദ്ധിക്കുകയും ചെയ്തു.

കേവലം ഏഴുപേർ പ്രാർത്ഥിച്ച് ആരംഭിച്ച വടക്കൻ മേഖല തീർത്ഥയാത്ര ഇന്ന് എറണാകുളം ജില്ലയിലെ 600 ഓളം കേന്ദ്രങ്ങളിൽ നിന്നു പുറപ്പെടുന്നു ഓരോ വർഷം കഴിയുന്തോറും തീർത്ഥയാത്രയിൽ പങ്കെടുക്കുന്നവരുടെ എണ്ണം അത്ഭുതകരമായി വർദ്ധിക്കുകയാണ്. കോതമംഗലം-ഹൈറേഞ്ചിൽ ഉള്ള ചെമ്മണ്ണാർ മാർ ഏലിയാസ് കുരിശും തൊട്ടിയിൽ നിന്നും ആരംഭിക്കുന്ന യാത്ര ആറാം ദിവസമാണ് കബറിങ്കൽ എത്തുക.

തുടക്കം മുതൽ ഇന്നോളം മണീട് പള്ളിയാണ് വടക്കൻ മേഖല മഞ്ഞനിക്കര തീർത്ഥയാത്രയുടെ ആസ്ഥാനം. വടക്കൻ മേഖലയിൽ നിന്നും പുറപ്പെടുന്ന യാത്രികരിൽ നല്ലൊരു ശതമാനവും ഈ പള്ളിയിൽ വന്നതിനു ശേഷം പോകുന്നു.

പതിറ്റാണ്ടുകളോളം ശ്രീ കോള്ളിനാൽ വി.എം.പീറ്ററിന്റെയും മത്തായി പുളിക്കമറ്റത്തിന്റെയും നേതൃത്വത്തിൽ പുറപ്പെട്ടിരുന്ന തീർത്ഥയാത്ര പിന്നീടു കോട്ടയം ആസ്ഥാനമായി ശ്രീ. റ്റി.വി.തര്യൻ, റ്റി.പി.ഫിലിപ്പോസ് എന്നിവരുടെ നേതൃത്വത്തിൽ എല്ലാ മേഖലകളിലേയും തീർത്ഥയാത്ര ഏകോപിപ്പിക്കുന്നതിനായി രൂപം കൊടുത്ത മഞ്ഞനിക്കര തീർത്ഥാടക സമൂഹത്തിന്റെ നേതൃത്വത്തിലായി.

പിന്നീട് പ്രായോഗികമായ പല ബുദ്ധിമുട്ടുകളുടേയും ഫലമായി 1984ൽ വടക്കൻ മേഖല മഞ്ഞനിക്കര തീർത്ഥയാത്ര കമ്മറ്റി ഷെവലിയാർ വി.കെ ഫിലിപ്പ്, പി.സി.സൈമൺ, സി.എം. തങ്കച്ചൻ എന്നിവരുടെ നേതൃത്വത്തിൽ മണീട് ആസ്ഥാനമായി വീണ്ടും ആരംഭിക്കുകയും തുടർന്ന് പ്രവർത്തിച്ച് വരുകയും ചെയ്യുന്നു.



1996 ൽ വടക്കൻ മേഖല തീർത്ഥയാത്ര **അന്ത്യോഖ്യാ സിംഹാസന വിശ്വാസ തീർത്ഥയാത്ര സംഘം** എന്ന പേരിൽ ട്രസ്റ്റ് ആയി രൂപികരിക്കുകയും പരിശുദ്ധ പാത്രീയർക്കീസ് ബാവായുടെ അനുമതിയോടെയുള്ള ഭരണഘടന പ്രകാരം ഭരിക്കപ്പെടുകയും ചെയ്യുന്നു. ഈ ട്രസ്റ്റിന്റെ നേതൃത്വത്തിൽ കോതമംഗലം. മുളന്തുരുത്തി, വടക്കൻ പറവൂർ, മലേക്കുരിശ് എന്നിവിടങ്ങളിലേക്ക് തീർത്ഥയാത്ര പോകുന്നു ഈ ട്രസ്റ്റിലേക്കായി മുളന്തുരുത്തിയ്ക്കടുത്ത് മെയിൻ റോഡിൽ സ്ഥലം വാങ്ങുകയും ചാപ്പലും ആസ്ഥാനമന്ദിര നിർമ്മാണവും ഉടൻ ആരംഭിക്കുന്നതുമാണ്.

ലക്ഷകണക്കിന് വിശ്വാസികൾ മലങ്കര സഭയുടെ വിവിധ ഭാഗങ്ങളിൽ നിന്നും പരിശുദ്ധന്റെ കബറിലേക്ക് അഭയ യാചനകളുമായി കടന്നു വരുമ്പോൾ പരി.പിതാവ് കാണിച്ചു തന്ന വഴികളിൽ സ്ഥിരപ്പെടുകയാണ്. പ്രതികൂല സാഹചര്യങ്ങളിൽ പരി.ഏലിയാസ് ത്രീതിയൻ ബാവായുടെ ഓർമ്മയും മദ്ധ്യസ്ഥതയും സഭയ്ക്ക് പുത്തൻ ഉണർവ്വും, ഉന്മേഷവും പ്രദാനം ചെയ്യും.

**ഷെവ. വി.കെ. ഫിലിപ്പ്, വെട്ടിക്കാട്ടിൽ**



പതിറ്റാണ്ടുകളോളം വടക്കൻ മേഖലയിൽ നിന്നുമുള്ള മഞ്ഞനിക്കര തീർത്ഥയാത്രയ്ക്ക് നേതൃത്വം നൽകി. ഈ മേഖലയിൽ നിന്നുമുള്ള ആദ്യത്തെ രഥത്തിന്റെ നിർമ്മാണം ഇദ്ദേഹത്തിന്റെ ചുമതലയിൽ നടത്തി. 2005 ൽ പരിശുദ്ധ പാത്രിയർക്കീസ് ബാവ ഷെവലിയർ സ്ഥാനം നൽകി.

## മണീട് കുര്യാക്കോസ് സഹദാ പള്ളി



1916 ൽ മണീട് ദേശത്ത് നെച്ചൂർ സെന്റ് തോമസ് യാക്കോബായ സുറിയാനി പള്ളിയുടെ ചാപ്പലായി (കിളിമംഗലം ചാപ്പൽ) സ്ഥാപിതമായി. 1932 ൽ ഈ ദേവാലയത്തിൽ നിന്നും പരി. മോറോന്റെ കബറിങ്കലേയ്ക്കുള്ള ആദ്യത്തെ തീർത്ഥയാത്ര പുറപ്പെട്ടു. 1969 ൽ അന്നത്തെ കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്ത ഈ ദേവാലയത്തെ ഇടവകയായി ഉയർത്തി. 2006 ൽ പരി. മോറോന്റെ 74-ാം ശ്രാദ്ധപെരുന്നാളിന് ഈ ദേവാലയത്തെ 'രണ്ടാം മഞ്ഞനിക്കര' എന്ന് ശ്രേഷ്ഠ കാതോലിക്ക ബാവ പ്രഖ്യാപിച്ചു.



ഷെവ. പി.സി. സൈമൺ
പുത്തനങ്ങാടി, മുളന്തുരുത്തി



സി.എ. പൗലോസ്
ചേലാമഠം, വരിക്കോലി



കെ.എം. കുര്യൻ
കുരുമങ്ങാട്ട്, തിരുവാങ്കുളം



വർക്കി സ്കറിയ
വടക്കേമൊലിയിൽ, ആരക്കുന്നം



സി.എ. വർഗീസ് ചെറുവള്ളിൽ
കരിങ്ങാചിറ



റ്റി.വി. ജോർജ് തടത്തിൽ
മുളന്തുരുത്തി



കെ.എം. ചിന്നാൻ
മംഗലശ്ശേരി, ഇടയാർ



വി.വി.ജോസ്
വൈശേരിൽ, ആരക്കുന്നം



സി.എം തങ്കച്ചൻ
ചാത്തംകാലായിൽ, മണീട്

# പരി. ബാവ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ



*With Prayers*

**Mrs. & Mr. T.K. Abraham, Thazhathedathu, Manarcadu and Shaji, Sherly, Sherin, Shalin & Angel Houston Texas**

# പുണ്യവാനായ ബാവ: കല്ലൂപ്പറമ്പിൽ ഗീവർഗീസ് കശീശ്ശ അനുസ്മരിക്കുന്നു



മലങ്കര യാക്കോബായ സുറിയാനി സഭ മുൻ വൈദീക ട്രസ്റ്റി, കോട്ടയം സി.എം.എസ്. കോളേജ് അദ്ധ്യാപകൻ, കോലഞ്ചേരി സെന്റ് പീറ്റേഴ്സ്, കോതമംഗലം മാർ അത്തനേഷ്യസ് എന്നീ കോളേജുകളിൽ പ്രിൻസിപ്പൽ എന്നിങ്ങനെ പല നിലകളിലും സ്തുത്യർഹമായ സേവനം അനുഷ്ടിച്ച കല്ലൂപ്പറമ്പിൽ ഗീവർഗീസ് കശീശ്ശ തന്റെ ഏഴാമത്തെ വയസ്സിൽ പുണ്യവാനായ ഏലീയാസ് തൃതീയൻ പാത്രിയർക്കീസ് ബാവയിൽ നിന്ന് ശെമ്മാശുപട്ടം ഏൽക്കുവാൻ ഭാഗ്യം ലഭിച്ച വൈദീക ശ്രേഷ്ഠനാണ്. ബഹു. അച്ചൻ, മഞ്ഞനിക്കര തീർത്ഥാടക സമൂഹം ജന.സെക്രട്ടറി, കരിമ്പനത്തറയിൽ വന്ദ്യ എബ്രഹാം കോറെപ്പിസ്കോപ്പ, ജോ. സെക്രട്ടറി ഷെവ. പി.വി. ജോൺ പുന്നമറ്റം, വിശ്വാസസംരക്ഷകൻ ചീഫ് എഡിറ്റർ ബിബി എബ്രഹാം കടവുംഭാഗം എന്നിവരുമായി നടത്തിയ സംഭാഷണത്തിൽ നിന്നുള്ള ഭാഗങ്ങളാണ് ഇവിടെ ചേർത്തിരിക്കുന്നത്.



പരിശുദ്ധനായ ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായെ ഞാൻ ആദ്യമായി കാണുന്നത് ആലുവ തൃക്കുന്നത്ത് സെമിനാരിയിൽ വച്ചാണ്. എന്റെ പിതാവിനോടുകൂടി സെമിനാരിയിൽ എത്തിയപ്പോൾ വടക്കുവശത്തെ മുറ്റത്തുള്ള പന്തലിൽ ആകാംഷയോടെ കൂടിയിരിക്കുന്ന ജനങ്ങളെ കണ്ട് അവരോട് കൂടെ ഞങ്ങളും ചേർന്നു. അപ്പോൾ കണ്ടത് പരി. പിതാവിന്റെ നിർദ്ദേശപ്രകാരം അന്നു നമ്മുടെ വിഭാഗത്തിൽ പെട്ട മെത്രാപ്പോലീത്തന്മാർ, വട്ടശേരിൽ മോർ ദിവന്നാസിയോസ് തിരുമേനിയെ ചുംബിക്കുന്നതാണ്. അങ്ങന മോർ ദിവന്നാസിയോസിന്റെ മുടക്ക് തീർക്കുന്നതിന് സാക്ഷ്യം വഹിക്കുവാൻ ഞങ്ങൾക്കും അവസരം കിട്ടി.

പിന്നീട് പരി. പിതാവിനെ കണ്ടത് ചിങ്ങവനം മോർ അപ്രേം സെമിനാരിയിൽ വച്ചാണ്. എന്റെ മാതാപിതാക്കൾ എന്നെയും ഒരു സഹോദരനെയും, ഏറ്റവും മുത്ത സഹോദരന്റെ പുത്രനെയും പരി. പിതാവിന്റെ മുമ്പിൽ കൊണ്ടുചെന്നു. ഞങ്ങളിൽ ഒരാൾക്ക് പട്ടം നൽകണമെന്ന് ആവശ്യപ്പെട്ടു. എല്ലാ കാര്യങ്ങളും പരിഗണിച്ച് 'ഈശായുടെ ഇളയ പുത്രനെ തെരഞ്ഞെടുത്തതുപോലെ നിന്റെ ഇളയ പുത്രനെ ഞാൻ തെരഞ്ഞെടുക്കുന്നു' എന്ന് പരി. പിതാവ് കൽപിച്ചു. അങ്ങനെയാണ് ഞാൻ പട്ടം ഏൽക്കുവാൻ ഇടയായത്. ഒരുമാസത്തിനുശേഷം ഞങ്ങളുടെ ദൈവാലയം സന്ദർശിക്കുവാനും 8 ദിവസം അവിടെ ഞങ്ങളുടെ ആതിഥേയത്വം സ്വീകരിച്ച് താമസിക്കുവാനും ഇടവക മെത്രാപ്പോലീത്തായുടെ പ്രേരണയിൽ സമ്മതിച്ചു.

നിശ്ചിത സമയത്ത് പരി. പിതാവും പരിവാരവും ദൈവാലയത്തിൽ എത്തി. ആഘോഷപരമായ സ്വീകരണവും നൽകി. അന്ന് സാമാന്യം വലിപ്പമുള്ള ഒരു ഭവനം തയ്യാറാക്കി അതിൽ പരി. പിതാവും, തന്നെ അനുഗമിച്ചിരുന്ന മോർ ക്ലിമീസും, മോർ യൂലിയോസും, പിന്നീട് അമേരിക്കൻ ആർച്ച് ബിഷപ്പായിത്തീർന്ന യേശുറമ്പാച്ചനും, പിന്നീട് കൈമാഖാം ആയിത്തീർന്ന കുറിയാക്കോസ് റമ്പാച്ചനും ഇടവക മെത്രാപ്പോലീത്ത മോർ മിഖായേൽ ദിവന്നാസിയോസും, സെക്രട്ടറി സഖറിയായും അംഗരക്ഷകൻ ഗബ്രിയേലും നിവസിച്ചു. അവർക്ക് പാശ്ചാത്യ രീതിയിലുള്ള സൗകര്യങ്ങൾ ക്രമീകരിച്ചിരുന്നു.

ആ ദിവസങ്ങളിൽ ആദ്യം തന്നെ ജനുവരി 4-ാം തീയതി എനിക്ക് ശെമ്മാശുപട്ടം പരി. പിതാവ് തന്നു. അന്ന് അദ്ദേഹത്തിന്റെ പരിവാരത്തോടുകൂടെ ക്നാനായ മെത്രാപ്പോലീത്ത മോർ ദിയസ്കോറോസും സംബന്ധിച്ചു.

ഇവിടെ ഉണ്ടായിരുന്ന ദിവസങ്ങളിൽ വൈകുന്നേരം 5 മണിക്ക് സന്ധ്യാനമസ്കാരം ദൈവാലയത്തിൽ വച്ച് നടത്തികൊണ്ടിരുന്നു. അതിനുശേഷം പള്ളിമുറ്റത്ത് വിശ്രമിച്ച് കഴിഞ്ഞ് ആ സംഘം മുഴുവൻ പല കാറുകളിലായി സമീപപ്രദേശങ്ങൾ കാണുവാനും കാറ്റുകൊള്ളുവാനും പോകുമായിരുന്നു. അങ്ങനെ പോകുവാനായിട്ട് സാമാന്യം വലിപ്പമുള്ള ഒരു കാറായിരുന്നു ഒരുക്കിയിരുന്നത്. എങ്കിലും അദ്ദേഹവും മോർ ദിയസ്കോറോസും കൂടെ പിൻസീറ്റിൽ ഇരുന്നാൽ പിന്നെ അതിൽ ഒട്ടുംതന്നെ ഇടം ശേഷിക്കില്ലായിരുന്നു. യാത്ര ആരംഭിക്കുന്നതിന് മുൻപ് പരി. പിതാവ് 7 വയസ്സുകാരനായ എന്നെ 'എന്റെ പ്രാവ്' എന്നുവിളിച്ച് നിർബന്ധിച്ച് കാറിൽ കയറ്റുമായിരുന്നു. തുറന്ന കാറിൽ ഞാൻ നിന്നോളാം എന്നുപറഞ്ഞാൽ സമ്മതിക്കാതെ എന്നെ മടിയിൽ ഇരുത്തിയാണ് പരി. പിതാവ് സവാരിക്ക് പോയിരുന്നത്.

അങ്ങനെ ഒരുദിവസം വൈകുന്നേരം നമസ്കാരത്തിനുശേഷം തിരുമേനിമാരെല്ലാവരും പള്ളിമുറ്റത്ത് വട്ടത്തിലിരുന്ന് കാറ്റുകൊള്ളുമ്പോൾ എന്നെ വിളിച്ച് അറിയാവുന്ന സുറിയാനി ചൊല്ലുവാൻ ആവശ്യപ്പെട്ടു. പട്ടത്വത്തിന് തെരഞ്ഞെടുത്ത നാൾമുതൽ പ്രഗത്ഭനായ സുറിയാനി പണ്ഡിതനായ വെള്ളക്കുന്നത്ത് മത്തായി മൽപാൻ സുറിയാനിയുടെ ആദ്യപാഠങ്ങൾ പഠിപ്പിക്കുന്നുണ്ടായിരുന്നു. അതുകൊണ്ട് സുറിയാനിയിൽ 'നിന്നാൾ സ്തുതിയൊടു രാജമകൾ' തുടങ്ങി 'മക്കളിലപ്പൻ കൃപ ചെയ്‌വതുപോലെ' എന്നതിന്റെ അവസാനം വരെ ഞാൻ അവരുടെ മദ്ധ്യത്തിൽ ഏകനായി ചൊല്ലിത്തീർത്തു. തീർന്ന ഉടനെ പരി. പിതാവ് എന്തോ സുറിയാനിയിൽ പറഞ്ഞു. ഇരുന്നവരെല്ലാം ഉച്ചത്തിൽ ചിരിച്ച് പ്രതികരിച്ചു. ഞാൻ ധരിച്ചത് ഞാൻ ചൊല്ലിയതെല്ലാം പൊട്ടത്തെറ്റാണെന്നാണ് പരി. പിതാവ് പറഞ്ഞതെന്ന്. എന്റെ അഭിമാനത്തിനേറ്റ മുറിവായിരുന്നു അത്. ഞാൻ അവരുടെ മദ്ധ്യത്തിൽനിന്ന് ഉറക്കെ നിലവിളിച്ചുപോയി. അപ്പോഴാണ് പരി. പിതാവ് പറഞ്ഞതെന്താണെന്ന് മനസ്സിലായത്. പരി. പിതാവ് പറഞ്ഞത് 'മരിച്ചവർക്കുവേണ്ടിയുള്ള ധൂപപ്രാർത്ഥന പഠിച്ചിരിക്കുന്നു. അതുകൊണ്ട് നാലുചക്രത്തിനുള്ള വക ഉറപ്പായി കഴിഞ്ഞിരിക്കുന്നു' എന്നായിരുന്നു.

ഞങ്ങളുടെ ദേവാലയത്തിലെ സന്ദർശനം പൂർത്തിയാക്കി പോകുന്നതിനുമുൻപ് എന്റെ മാതാപിതാക്കളും സഹോദരങ്ങളും കാഴ്ചകൾ നൽകുവാനും അനുഗ്രഹങ്ങൾ പ്രാപിക്കുവാനും വിടവാങ്ങുവാനുമായി പരി. പിതാവിനെ സമീപിക്കുകയുണ്ടായി. സമർപ്പിച്ച കാഴ്ചകൾ സ്വീകരിച്ചശേഷം അദ്ദേഹത്തിനും മുൻഗാമികൾക്കും വിവിധ രാഷ്ട്ര തലവന്മാർ നൽകിയിട്ടുള്ള മെഡലുകൾ ഓരോന്നായി എടുത്തുകാണിച്ച് അവയുടെ ചരിത്രവും പ്രസക്തിയും വിവരിച്ചു തന്നു. അവസാനം എന്റെ പിതാവ് ഒരു കവറിൽ 'കൈമുത്ത്' സമർപ്പിച്ചു. അത് സ്വീകരിക്കുന്നതിന് മുൻപ് ദ്വിഭാഷിയായി സഹകരിച്ച മോർ മിഖായേൽ തിരുമേനിയോട് ആ കവർ ചൂണ്ടികാണിച്ചുകൊണ്ട് അതെന്താണെന്ന് പരി. പിതാവ് ചോദിച്ചു. അത് ഈ നാട്ടിലെ രീതിയനുസരിച്ചുള്ള പണമാണെന്ന് തിരുമേനി, പരി. പിതാവിനെ അറിയിച്ചു. ഉടനെ എന്റെ പിതാവിനോട് ബാവാ തിരുമേനിയുടെ പ്രതികരണം ഇതായിരുന്നു. 'മാത്യൂസ് ഞങ്ങളുടെ നാട്ടിൽ ധാരാളം മുന്തിരിതോട്ടങ്ങളുണ്ട്. വഴിപോക്കർക്ക് അവയിൽ പ്രവേശിച്ച് വേണ്ടുവോളം പറിച്ച് ഭക്ഷിക്കാം. ആരും തടസ്സപ്പെടുത്തുകയില്ല. അത് നിയമലംഘനവുമല്ല. എന്നാൽ ആരെങ്കിലും തോട്ടത്തിൽ പ്രവേശിച്ച് അനുവാദ കൂടാതെ മുന്തിരികുലകളറുത്ത് കുട്ടയിൽ സംഭരിച്ച് ചുമന്നുകൊണ്ടുപോകുവാൻ അനുവദിക്കുകയില്ല. അത് നിയമലംഘനമാണ്. ഇപ്പോൾ കഴിഞ്ഞ 8 ദിവസമായിട്ട് നിന്റെ തോട്ടത്തിൽ ഞാൻ പ്രവേശിച്ചു വോണ്ടുവോളം തിന്നുകയായിരുന്നു. ഇപ്പോൾ ഞാൻ കുറെ ശേഖരിച്ച് ചുമന്നുകൊണ്ടുപോകുവാൻ നീ അവശ്യപ്പെടുകയാണ്. അത് ഞങ്ങളുടെ മര്യാദയല്ല. അതുകൊണ്ട് നിന്റെ പാരിതോഷികം ഞാൻ സ്വീകരിക്കുന്നില്ല. അതിനുപകരം നീ എനിക്ക് ചെയ്യേണ്ടത് ഞാൻ പറഞ്ഞുതരാം. ഇപ്പോൾ അടുത്ത 40 ദിവസത്തേയ്ക്കുള്ള സന്ദർശനങ്ങളും പരിപാടികളും ഞാൻ ഏറ്റെടുത്തിട്ടുണ്ട്. ഇനിയും കൂടുതലായി ഒരു പരിപാടിയും സ്വീകരിക്കണമെന്ന് ഞാൻ ഉദ്ദേശിക്കുന്നില്ല. ഏറ്റെടുത്ത പരിപാടികൾ പൂർത്തിയാക്കി തിരികെ ഞാൻ ഇവിടെത്തന്നെ വരും. ഒരു മാസം നിന്റെ ആതിഥേയത്വം സ്വീകരിച്ച് വിശ്രമിച്ച് ക്ഷീണം മാറുമ്പോൾ തിരികെ ഹോംസിലേയ്ക്ക് പോകാനാണ് ആഗ്രഹിക്കുന്നത്. അങ്ങനെ പോകുമ്പോൾ നീയും നിന്റെ മകൻ ശെമ്മാശനും എന്നെ അനുഗമിച്ച് രണ്ടു മാസമെങ്കിലും എന്റെ കൂടെ താമസിച്ചിട്ട് തിരിച്ചുപോരുവാൻ നീ സമ്മതിക്കണം. നിന്റെ കൈമുത്തിനുപകരം ഈ നിർദ്ദേശം നീ സമ്മതിച്ചാൽ മതിയാകും'. പക്ഷെ ഇവിടുന്നു പോയി 40-ാം ദിവസം അദ്ദേഹം നിര്യാതനായി.

ആ ദുരന്തത്തെപ്പറ്റിയുള്ള വാർത്ത വിശ്വസനീയമായി ലഭിച്ചപ്പോൾ സമയം കടന്നുപോയതുകൊണ്ട് അദ്ദേഹത്തിന്റെ സംസ്കാര കർമ്മങ്ങളിൽ പങ്കെടുക്കുവാൻ സാധിച്ചില്ല. പരി. പിതാവിന്റെ ഒന്നാം ചരമവാർഷികത്തിന് ഒരു മാസം മുമ്പ് കബറിങ്കലേയ്ക്ക് തീർത്ഥയാത്ര പോകുവാനായിട്ട് ഉദ്ദേശിക്കുന്നെന്നും അതിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ 8 ദിവസം മുമ്പ് പള്ളിയിൽ വാഴ്ത്തിയ കുരിശ് ധരിക്കണമെന്നും പെരുന്നാൾ ദിവസം വരെ നോമ്പാചരിക്കണമെന്നും പള്ളിയിൽ വിളിച്ചുപറഞ്ഞിരുന്നു. തീർത്ഥയാത്രയിൽ സംബന്ധിക്കുന്നവർ വഴിക്കുള്ള ഭക്ഷണത്തിന് വേണ്ടത് കൈയ്യിൽ കരുതികൊള്ളണമെന്നും ഹോട്ടലുകളിൽ പ്രവേശിക്കുവാൻ അനുവദിക്കുകയില്ലെന്നും അറിയിച്ചിരുന്നു. ഈനിബന്ധനകൾക്ക് അനുസരണമായി ഞങ്ങളുടെ ഇടവകയിൽനിന്നും മാത്രം മൊത്തം 50-ൽ താഴെ ആദ്യത്തെ തീർത്ഥയാത്രയിൽ സംബന്ധിച്ചു. അടുത്ത ആണ്ടിൽ ചുറ്റുപാടുമുള്ള മറ്റ് ഇടവകകളിൽനിന്നും വളരെയധികം തീർത്ഥാടകർ ആയി മുന്നോട്ട് വന്നു. ആ ആണ്ടിൽ മാതാപിതാക്കളോടും സഹോദരങ്ങളോടുമൊപ്പം നടക്കുകയുണ്ടായി. എന്നാൽ മഞ്ഞനിക്കര എത്തിയപ്പോൾ പലർക്കും നിരാശ ഉണ്ടാകത്തക്കവണ്ണം അവിടെ സ്ഥലവാസികളുടെയും ചുമതലക്കാരുടെയും പ്രകടമായ സംഘർഷം ഉണ്ടായി. അതാണ് കബറിങ്കലേയ്ക്ക് ഒരേക്കർ സ്ഥലം വാങ്ങികൊടുക്കുവാൻ എന്റെ പിതാവിനെ പ്രേരിപ്പിച്ചത്.


ഞാൻ പ്രൈമറി 4-ാം ക്ലാസ്സുകഴിഞ്ഞ മദ്ധ്യവേനലവധിക്ക് ഒരു സഹായിയോടുകൂടി എന്നെ ഓമല്ലൂർ ദയറായിൽ സുറിയാനി പഠിക്കുവാൻ ചേർത്തു. മദ്ധ്യവേനലായിരുന്നതുകൊണ്ട് അന്ന് അവിടെ വെള്ളത്തിന് വലിയ ക്ഷാമമായിരുന്നു. പല കിണറുകളും കുത്തിയത് വ്യഥാവായിപോയി എന്ന് ദയറാധിപനായ മോർ യൂലിയോസ് ബാവ എന്റെ പിതാവിനോട് പറയുകയുണ്ടായി. അപ്പോൾ 'ഞാൻ ഒന്ന് പരിശോധിക്കട്ടെ, വെള്ളം ഈ സ്ഥലത്ത് ഉണ്ടോ എന്നറിയട്ടെ', എന്ന് പറഞ്ഞ് എന്റെ പിതാവ് ദയറായുടെ പറമ്പ് മുഴുവൻ നടന്ന് വെള്ളം ഉണ്ടോ എന്ന് അന്വേഷിച്ചു. തിരികെ വന്ന് താൻ വാങ്ങികൊടുത്ത സ്ഥലത്ത് വെള്ളം കിട്ടുമെന്ന് ബോധ്യപ്പെട്ടെന്നും, കേവലം 22 അടി താഴ്ചയിൽ വെള്ളം ലഭിക്കുമെന്നും ബാവാ തിരുമേനിയെ അറിയിച്ചു. അത് ബാവായ്ക്ക് ഒട്ടും വിശ്വസനീയമല്ലായിരുന്നു. എങ്കിലും മറ്റു മാർഗ്ഗങ്ങളില്ലാതിരുന്നതിനാൽ അടുത്തദിവസം തന്നെ കിണറുകുത്തുവാൻ ആളുകളെ നിയോഗിച്ചു. ഓരോ യാമപ്രാർത്ഥന കഴിയുമ്പോഴും ബാവ സ്ഥലത്തുചെന്ന് ആകാംക്ഷയോടെ നോക്കുമായിരുന്നു. ഒരുദിവസം ഉച്ചനമസ്കാരം കഴിഞ്ഞ് ബാവ നോക്കി നിൽക്കുമ്പോൾ കിണറുകുഴിക്കുന്നവർ ആയുധം കൊണ്ട് വെട്ടി ഒരു പാളി കല്ല് നീക്കിയപ്പോൾ വെള്ളം മേൽപ്പോട്ട് കുതിച്ചു. ബാവ തിരുമനസ്സ് സന്തോഷിച്ച് ഉടൻ തന്നെ ദയറാ വാസികൾക്കും പണിക്കാർക്കും പായസം തയ്യാറാക്കി സൽക്കരിച്ചു. ഏറെനാളത്തേയ്ക്ക്, വേനൽകാലത്ത്, പെരുന്നാളിനും മറ്റും എഴു കപ്പി വരെ ഇട്ട് വെള്ളം കോരുമായിരുന്നു. ഇന്നും സമൃദ്ധമായിട്ട് ആ കിണറ്റിൽ നിന്നാണ് വെള്ളം ലഭിച്ചുകൊണ്ടിരിക്കുന്നത്.

എന്നെ ദയറായിലാക്കി ഒരാഴ്ച കഴിഞ്ഞപ്പോൾ എന്റെ സ്ഥിതി അറിയുവാൻ വേണ്ടി അപ്പനും അമ്മയും ദയറായിലെത്തി. അപ്പോൾ കുറച്ചുകൂടെ പ്രായമായിട്ട് ഇങ്ങോട്ട് അയച്ചാൽ മതി എന്നു പറഞ്ഞു ബാവ എന്നെ അവരുടെ കൂടെ തിരികെ അയച്ചു. അങ്ങനെ എന്റെ ദയറാവാസം കേവലം ഒരാഴ്ചയായി പരിമിതപ്പെടുത്തേണ്ടിവന്നു.

പരി. പിതാവിനോടുള്ള എന്റെ വ്യക്തിപരമായ സ്നേഹവും ആദരവും മൂലം എന്റെ മാതാപിതാക്കൾക്കും മഞ്ഞനിക്കര ദയറായോട് അവാച്യമായ ബന്ധമുണ്ടായിരുന്നു. അവിടെ സംഘർഷമുണ്ടായ കാലത്ത് എന്റെ സഹോദരൻ ശ്രീ. വി. എം. കുര്യൻ പെരുന്നാളിന് ദിവസങ്ങൾ മുമ്പേ തന്നെ അനുയായികളോടുകൂടി ദയറായിൽ താമസിച്ച് പെരുന്നാളിനുവേണ്ട ക്രമീകരണങ്ങൾ ചെയ്യുമായിരുന്നു. ദയറാപള്ളിയുടെ പണിയിൽ കാര്യമായിട്ട് സഹകരിക്കുവാൻ എന്റെ പിതാവിന് സന്തോഷമായിരുന്നു. ഇന്നും എന്റെ കുടുംബത്തിന്റെ പ്രധാന ആലംബം ആ പരിശുദ്ധ പിതാവിന്റെ മദ്ധ്യസ്ഥതയാണ്.

പട്ടമേൽക്കുന്ന സമയത്ത് ഞാൻ പ്രൈമറി മൂന്നാം ക്ലാസിൽ പഠിച്ചുകൊണ്ടിരിക്കുകയായിരുന്നു എന്നുള്ള വസ്തുത പരിഗണിച്ചായിരിക്കണം, രണ്ടു കാര്യങ്ങൾ മാത്രമെ പരി. പിതാവ് എന്നെകൊണ്ട് സത്യം ചെയ്യിപ്പിച്ചിരുന്നുള്ളൂ. (1) നുണ പറയരുത്. (2) അയൽ വീടുകളിൽ പോയി കളിക്കരുത്.


**In Loving Memories**



**P.T. Abraham (Joychayan)**
**Kadavumbhagom,**
**Pulickalkavala, Vazhoor**

# വിശിഷ്ട സിദ്ധികളുടെ വിശുദ്ധ സംഗമം

ഫാ. അലക്സ് തോമസ്, പാമ്പാടി



ലോകെ താത-സഹോദരർ, ജാതിയതും, തറവാടും- ആകെ ഉപേക്ഷിച്ച് ഭാരതത്തിലെ യാക്കോബായ സുറിയാനി സഭയിലെ തന്റെ ആത്മീയ മക്കൾക്കായി 39 വർഷം അത്യദ്ധ്വാനം ചെയ്ത മാർ യൂലിയോസ് ഏലിയാസ് ബാവ മലങ്കരസഭയ്ക്ക് നവചൈതന്യം പ്രദാനം ചെയ്ത മഹാപ്രധാനാചാര്യനാണ്. സഭാശുശ്രൂഷകർക്ക് അനുപേക്ഷണീയമായി തിരുവെഴുത്തിൽ നിർദ്ദേശിച്ചിരിക്കുന്ന യോഗ്യതകളെല്ലാം അദ്ദേഹത്തിൽ പൂർത്തിയായിരുന്നു.

''വിശ്വസ്തനും, ബുദ്ധിമാനുമായ ദാസൻ...., പരിശുദ്ധാത്മാവും വിജ്ഞാനവും നിറഞ്ഞ വ്യക്തി...., ഘനശാലിയായ ശുശ്രൂഷകൻ, വിശ്വാസത്തിന്റെ മർമ്മം ശുദ്ധ മനസാക്ഷിയിൽ വച്ചുകൊള്ളുന്ന ആൾ''- യൂലിയോസ് ബാവ വിശ്വാസവും, വിശ്വസ്തതയും, വിജ്ഞാനവും വിശുദ്ധിയും നിറഞ്ഞ താപസശ്രേഷ്ഠനായിരുന്നു.

1881 ആഗസ്റ്റ് ഒന്നിന് തുർക്കിയിലെ മർദ്ദിൻ പട്ടണത്തിൽ മൽക്കൈ കോറയുടെ പുത്രനായി ഭൂജാതനായ അദ്ദേഹം മർദ്ദിനിലെ 40 സഹദേന്മാരുടെ വിദ്യാലയത്തിൽ പഠനം ആരംഭിച്ചു. 24 മത്തെ വയസ്സിൽ ദയറായ വസ്ത്രം അണിഞ്ഞു. മലങ്കര സഭയുടെ സമാധാനത്തിനായി പ്രവർത്തിക്കുവാൻ സമാധാന ദൂതനായി അയയ്ക്കപ്പെട്ട ബാവ തിരുമേനി 1926 ൽ മിഖായേൽ അച്ഛനേയും തോമസ് അച്ഛനേയും കൊണ്ട് ഊർശ്ലേമിലേയ്ക്ക് പോകുകയും അവരെ മെത്രാപ്പോലീത്തന്മാരായി വാഴിക്കുന്നതിന് വേണ്ട ക്രമീകരണങ്ങൾ ചെയ്യുകയും ചെയ്തു.

മഞ്ഞനിക്കര ദയറ പണികഴിപ്പിക്കുന്നതിൽ ഏറ്റവുമധികം ത്യാഗം സഹിച്ച ബാവായുടെ ശ്രേഷ്ഠമായ പരിശ്രമത്താൽ ആണ് കോട്ടയം, പാമ്പാടി, മുളന്തുരുത്തി, തുമ്പമൺ, കല്ലുങ്കത്തറ, ആലപ്പുഴ, എണ്ണയ്ക്കപിള്ളി എന്നീ സ്ഥലങ്ങളിൽ സിംഹാസനപള്ളികൾ സ്ഥാപിക്കപ്പെട്ടത്. മോറാൻ മോർ ഇഗ്നാത്തിയോസ് യാക്കോബ് മൂന്നാമൻ പാത്രിയർക്കീസ് ബാവ തിരുമേനി റമ്പാച്ചൻ ആയിരുന്നപ്പോൾ അദ്ദേഹത്തോടൊപ്പം മഞ്ഞിനിക്കര ദയറായിൽ വൈദീക വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിൽ അതീവ ശ്രദ്ധ ചെലുത്തിയതിന്റെ ഫലമായിട്ടാണ് കേരളത്തിന്റെ നാനാഭാഗങ്ങളിലും സത്യവിശ്വാസികളായ വൈദീകർ ഉണ്ടായത്.

ദൈവരാജ്യം എന്ന നിധി കണ്ടെത്തി തനിക്കുള്ളതെല്ലാം ഉപേക്ഷിച്ച് ധർമ്മത്തിന്റെയും സത്യത്തിന്റെയും മുള്ളുനിറഞ്ഞതായ ഇടുങ്ങിയ വഴിയിലൂടെ സഞ്ചരിച്ച അദ്ദേഹം സത്യവിശ്വാസത്തിന്റെ ദിവ്യമായ അഗ്നിജ്വാല ഹൃദയത്തിൽ പേറികൊണ്ട് കേരളത്തിലെത്തി. അത്യദ്ധ്വാനത്തിലൂടെ ആയതിന് ചിറകുകൾ മുളപ്പിച്ച് അത്യുന്നതങ്ങളിലേയ്ക്ക് പറന്നുയർന്നു.

ബലവാന്മാരുടെ കാമവും രാഗവും ചേരാത്ത ബലം ഞാനാണ് എന്ന് ഭഗവത് ഗീതാവചനം അദ്ദേഹത്തിൽ അന്വർത്ഥമായിരുന്നു. ബാവ അതിശക്തനായിരുന്നു. പ്രലോഭനങ്ങളോ, ഭീഷണികളോ അദ്ദേഹത്തെ തളർത്തിയില്ല. അകമെ വിരോധവും പുറമെ സ്നേഹവും അദ്ദേഹം ഭാവിച്ചിട്ടില്ല. ആർക്കെല്ലാം ഇഷ്ടപ്പെട്ടാലും ഇഷ്ടപ്പെട്ടില്ലെങ്കിലും വിശ്വസിച്ച സത്യം ശക്തമായി പറയും. ദ്രവ്യാഗ്രഹമോ, കപടഭക്തിയോ ബാഹ്യ പ്രകടനമോ ഒന്നും അദ്ദേഹത്തെ അൽപം പോലും പ്രലോഭിതനാക്കിയില്ല. ആരുടെ എങ്കിലും പ്രീതിക്കുവേണ്ടിയോ ആദായത്തിനുവേണ്ടിയോ ഒരിടത്തും മുട്ടുമടക്കിയില്ല. ത്യാഗമാണ് മനുഷ്യനെ മനുഷ്യനാക്കുന്നത് എന്ന സത്യം തിരിച്ചറിഞ്ഞ്, നശ്വരമായതെല്ലാം അനശ്വരമായതിനുവേണ്ടി ത്യജിച്ച ആ കർമ്മയോഗി 1962 ഫെബ്രുവരി 19 തിങ്കളാഴ്ച കാലം ചെയ്തു തന്റെ ജനത്തോടു ചേർന്നു.

പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിന്റെ അതിശ്രേഷ്ഠനായ പ്രതിനിധി മാർ യൂലിയോസ് ഏലിയാസ് ബാവ മഞ്ഞിനിക്കര ദയറായിലേയ്ക്ക് കണ്ടെത്തിയ അമൂല്യമുത്തായിരുന്നു മാർ യൂലിയോസ് യാക്കോബ് മെത്രാപ്പോലീത്ത. മോർ യൂലിയോസ് ബാവയുടെ വിശ്വസ്തനായ സെക്രട്ടറിയും ദ്വിഭാഷിയും ഹൃദയം സൂക്ഷിപ്പുകാരനുമായിരുന്നു അദ്ദേഹം. വന്ദ്യ മോശ സലാമ റമ്പാൻ, വന്ദ്യ അപ്രേം പൗലോസ് റമ്പാൻ എന്നിവരോടൊപ്പം മഞ്ഞിനിക്കര ദയറായിൽ സേവനമനുഷ്ടിച്ചു. മോർ തീമോത്തിയോസ് അപ്രേം ആബൂദി തിരുമേനി മലങ്കരയിലെ സിംഹാസന പ്രതിനിധിയായിരുന്ന കാലഘട്ടത്തിൽ അദ്ദേഹത്തിന് ഏറ്റവും പ്രിയപ്പെട്ട സന്തതസഹചാരിയായിരുന്നു വന്ദ്യ യാക്കോബ് റമ്പാച്ചൻ.

1912 ഡിസംബർ 27 ന് പാമ്പാടി മാടപ്പാട്ട് ചാക്കോയുടെയും അന്നമ്മയുടെയും മകനായി ജനിച്ച അദ്ദേഹത്തിന്റെ നന്നേ ചെറുപ്പത്തിൽ തന്നെ മാതാപിതാക്കൾ നഷ്ടപ്പെട്ടു.



ഏലിയാസ് മോർ യൂലിയോസ് ബാവ



യാക്കോബ് മോർ യൂലിയോസ് മെത്രാപ്പോലീത്ത



ബന്യാമിൻ മോർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത

നിരാലംബരായ ആളുകളെക്കുറിച്ച് സംസാരിക്കുമ്പോൾ 'ഞാനും ഒരു അനാഥനായിരുന്നു' എന്ന് അദ്ദേഹം പലപ്പോഴും പറയുകയുണ്ടായിരുന്നു. അതുകൊണ്ടുതന്നെ സ്വകാര്യസ്വത്തുക്കൾ സമ്പാദിക്കുന്നതിൽ വിമുഖനായിരുന്ന യഥാർത്ഥ സന്യാസിയായിരുന്നു അദ്ദേഹം. ലൗകീക കാര്യങ്ങളിൽ തികഞ്ഞ അനാസക്തനായിരുന്ന യൂലിയോസ് തിരുമേനി അസീസിയിലെ വിശുദ്ധ ഫ്രാൻസിസിനെപ്പോലെ ദാരിദ്ര്യം സ്വയം വരിച്ചയാളായിരുന്നു. വസ്ത്രധാരണത്തിലും പെരുമാറ്റത്തിലും ഭക്ഷണരീതിയിലും അങ്ങേയറ്റത്തെ ലാളിത്യമാണ് അദ്ദേഹം കൈകൊണ്ടത്.

'എന്റെ കർത്താവായ ക്രിസ്തു യേശുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശ്രേഷ്ഠത നിമിത്തം ഞാൻ സർവ്വവും എണ്ണുന്നു' എന്ന ഭാഗ്യവാനായ പൗലോസ് അപ്പസ്തോലന്റെ വാക്യം അക്ഷരംപ്രതി അനുസരിച്ച തിരുമേനിയുടെ ജീവിതശൈലി ഈ കാലഘട്ടത്തിൽ ശ്രദ്ധിക്കപ്പെടേണ്ടതായിട്ടുണ്ട്. പ്രകടനങ്ങളുടെയും പ്രഹസനങ്ങളുടെയും പ്രചാരണങ്ങളുടെയും കാലഘട്ടത്തിൽ സത്യസന്ധമായ ജീവിതചര്യ നിലനിർത്തിയ തിരുമേനി പലപ്പോഴും ആരുമാരും ശ്രദ്ധിക്കപ്പെടാതെ കഴിച്ചുകൂട്ടുന്നതിൽ ആത്മാർത്ഥമായ ആനന്ദം അനുഭവിച്ചു. അദ്ദേഹം സുറിയാനിയുടെ ആദ്യാക്ഷരങ്ങൾ എഴുതികൊടുത്ത് പഠിപ്പിച്ച ശിഷ്യന്മാർ മെത്രാപ്പോലീത്തന്മാരായപ്പോൾ എത്ര വലിയ ബഹുമാനവും ആദരവും അവർക്ക് നൽകിയിരുന്നു എന്നുള്ളതും ഈ ലേഖകൻ നേരിട്ട് കണ്ടിട്ടുള്ളതാണ്.

ദൈവം ഒരു മനുഷ്യനിൽ ഉണ്ടായിക്കാണുവാൻ ആഗ്രഹിക്കുന്നതെന്തല്ലാമാണോ അതെല്ലാം യൂലിയോസ് തിരുമേനിയിൽ ഉണ്ടായിരുന്നു. അദ്ദേഹം ഈ സഭയുടെ മഹാപ്രധാനാചാര്യനായത് സഭയ്ക്ക് ഒരു മഹാഭാഗ്യമായിരുന്നു. സഭയുടെ വിശ്വാസത്തെപ്പറ്റിയും ആരാധനാസംഹിതയെപ്പറ്റിയും അദ്ദേഹത്തിന് അസാമാന്യമായ പാണ്ഡിത്യം ഉണ്ടായിരുന്നു. സുറിയാനി ഭാഷയിൽ അഗാതമായ അറിവുണ്ടായിരുന്നു. സാധാരണയിൽ വളരെ കവിഞ്ഞ പാവനത്വത്തിന്റെ ഉത്തുംഗ ശ്രേണിയിലാണ് തിരുമേനി നിലകൊണ്ടത്.

പിതാക്കന്മാരുടെ പിതാവായ പരിശുദ്ധ ഇഗ്നാത്തിയോസ് സഖാ ഇവാസ് ബാവ അദ്ദേഹത്തെ മേശബ്ലോനോതോബോ (ആത്മീയ ഗുരുശ്രേഷ്ഠൻ) എന്ന ബഹുമതി നൽകി അനുഗ്രഹിച്ച ശ്ലൈഹീക കൽപനയിൽ നിന്ന്

.... (No.143/90 dt 24.10.1990) മ്ശിഹായുടെ അജവൃന്ദത്തെ എല്ലായ്പ്പോഴും കരുതുന്ന വി. സുറിയാനി ഓർത്തഡോക്സ് സഭയുടെ പൊതു പിതാവ് എന്ന നിലയിൽ നമ്മുടെ ആത്മീയ വത്സലരായ മെത്രാപ്പോലീത്തന്മാരുടെ പ്രശംസനീയമായ സേവനത്തിൽ നാം അത്യന്തം സന്തോഷിക്കുന്നു. തങ്ങൾക്ക് ഭരമേൽപ്പിക്കപ്പെട്ടിട്ടുള്ള മ്ശിഹായുടെ അജവൃന്ദത്തെ പാലയനം ചെയ്യുന്നവർക്ക് നിങ്ങൾ ഉത്തമമാതൃകയായി നാം കാണുന്നു. നിങ്ങളുടെ ജീവിതം വഴിയായി ദൈവത്തിന്റെ വി. സഭയ്ക്ക് യഥാർത്ഥ ശുശ്രൂഷകനായി നിങ്ങൾ നമ്മുടെ വീക്ഷണത്തിൽ കാണപ്പെട്ടിരിക്കുന്നു. മുൻപുണ്ടായിരുന്നവരും ഇപ്പോൾ ഉള്ളവരുമായ മെത്രാപ്പോലീത്തന്മാരിൽ അനേകർക്കും ഇന്ത്യയിലെ നമ്മുടെ സുറിയാനി സഭയിൽ സേവനം ചെയ്യുന്ന ആചാര്യന്മാരിൽ ഒട്ടനവധി പേർക്കും നിങ്ങൾ കുറ്റമറ്റ മൽപ്പാനായിരുന്നു കൊണ്ട് വി. സഭയാകുന്ന വയലിലും മുന്തിരിതോപ്പിലും പ്രയത്നശാലിയായ പ്രവർത്തകനായും നമുക്ക് നിങ്ങളെ തൃപ്തിയായിരിക്കുന്നു. പിതാവ് എന്ന നിലയിൽ നിങ്ങളുടെ പ്രയത്നങ്ങൾക്ക് യുക്തമായ പ്രതിഫലം നൽകേണ്ടത് നമ്മുടെ ചുമതല യാകയാൽ 'ഉത്തമ ആത്മീയ ഗുരുശ്രേഷ്ഠൻ' എന്ന ബഹുമതി നിങ്ങൾക്ക് പ്രദാനം ചെയ്യുന്നത് നല്ലതെന്ന് നമുക്ക് ബോധ്യമായിരിക്കുന്നതിനാൽ ആ പാത്രിയർക്കാ ബഹുമതി ഇതിനാൽ നാം നിങ്ങൾക്ക് നൽകിയിരിക്കുന്നു.

ഉത്തമ ആത്മീയഗുരുശ്രേഷ്ഠന്റെ ശ്രേഷ്ഠനായ ശിഷ്യനും പിൻഗാമിയുമായ മാർ ഒസ്താത്തിയോസ് ബന്യാമിൻ ജോസഫ് മെത്രാപ്പോലീത്ത മൂന്ന് പതിറ്റാണ്ടുകാലം മലങ്കര യാക്കോബായ സുറിയാനി സഭയുടെ ചരിത്രത്തിൽ നിർണ്ണായകമായ ഭാഗധേയത്വം വഹിക്കുവാൻ ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട മഹാപ്രധാനാചാര്യനായിരുന്നു. തന്റെ പ്രവർത്തനങ്ങളിലെല്ലാം സത്യസന്ധതയോടെയും ആത്മാർത്ഥതയോടെയും വ്യാപരിച്ച് ആത്മീയ സൗന്ദര്യത്താൽ പരിശുദ്ധ സഭയെ തിലകച്ചാർത്തണിയിച്ച തിരുമേനി മഹാവിഹായസിലെ വെള്ളിപ്പറവയെപ്പോലെ അത്യുന്നതങ്ങളിലേയ്ക്ക് പറന്നുപോയപ്പോഴും തന്റെ ചുണ്ടുകളാൽ ഉച്ചരിച്ചുകൊണ്ടിരുന്നത് അന്ത്യോഖ്യാ സിംഹാസനം എന്ന് മാത്രമായിരുന്നു.

1949 ജൂൺ 24 -ാം തീയതി കുന്നംകുളം പനയ്ക്കൽ തറവാട്ടിൽ ജോസഫിന്റെയും താണ്ടുവിന്റേയും മകനായി പിറന്ന ബന്നി 1972 ൽ മഞ്ഞിനിക്കര ദയറായിൽ വൈദീക പഠനത്തിനെത്തി. മാർ തീമോത്തിയോസ് അപ്രേം അബൂദി തിരുമേനിയുടെ സെക്രട്ടറിയായി സേവനം അനുഷ്ടിച്ച അദ്ദേഹം 1974 ൽ വേദശാസ്ത്രത്തിൽ ഉപരിപഠനത്തിനായി ലബനോനിലെ മാർ അപ്രേം വൈദീക സെമിനാരിയിലേയ്ക്ക് യാത്രയായി. മൂന്ന് സംവത്സരങ്ങൾക്ക് ശേഷം മാർ ഇഗ്നാത്തിയോസ് യാക്കോബ് മൂന്നാമൻ പാത്രിയർക്കീസ് ബാവ തിരുമനസ്സുകൊണ്ട് അദ്ദേഹത്തിന് റമ്പാൻ സ്ഥാനവും 1979 ജൂലായ് മാസം 15-ാം തീയതി കശീശ്ശ സ്ഥാനവും നൽകി അനുഗ്രഹിച്ചു. സെന്റ് അപ്രേം സിറിയൻ ഓർത്തഡോക്സ് സെമിനാരിയിൽ വൈസ് പ്രിൻസിപ്പിളായി സ്തുത്യർഹമായ സേവനം അനുഷ്ടിച്ച ശേഷം ജോർദ്ദാൻ ഇടവകയുടെ വികാരിയായി ശുശ്രൂഷ നടത്തി. യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവയുടെയും സാഖാ പ്രഥമൻ പാത്രിയർക്കീസ് ബാവയുടെയും പ്രധാന സെക്രട്ടറിയായി ദീർഘനാൾ സേവനം ചെയ്യുവാൻ അദ്ദേഹത്തിന് ഭാഗ്യം ലഭിച്ചു.

1984 ഒക്ടോബർ 7 ന് ദമസ്ക്കോസിലെ സെന്റ് ജോർജ് കത്തീഡ്രലിൽ വച്ച് ആകമാനി സുറിയാനി സഭയുടെ പരമാധ്യക്ഷൻ മാർ ഇഗ്നാത്തിയോസ് സഖാ പ്രഥമൻ ബാവ തിരുമനസ്സുകൊണ്ട് ബന്യാമൻ റമ്പാനെ മാർ ഒസ്താത്തിയോസ് എന്ന നാമത്തിൽ മെത്രാപ്പോലീത്തയായി മഞ്ഞിനിക്കര ദയറായിലെത്തിയ തിരുമേനിമാർ യൂലിയോസ് യാക്കോബ് തിരുമനസ്സിനോടൊപ്പം സിംഹാസനപള്ളികളുടെ ബഹുമുഖ പുരോഗതിക്കാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിയ ബന്യാമിൻ തിരുമേനിയുടെ സംഘടനശേഷികൊണ്ട് സിംഹാസനപള്ളികളുടെ മാത്രമായ വൈദീകസംഘം, മർത്തമറിയം വനിതാ സമാജം, സണ്ടേസ്കൂൾ അസോസിയേഷൻ, വിദ്യാർത്ഥി പ്രസ്ഥാനം തുടങ്ങിയ ആത്മീയ സംഘടനകളെല്ലാം കാര്യക്ഷമമായും കുറ്റമറ്റ നിലയിലും പ്രവർത്തിച്ചു തുടങ്ങി.

അബ്രഹാമിന്റെ വിശ്വാസം ശമുവേലിന്റെ പരിശുദ്ധി, ദാവീദിന്റെ ഭക്തി, ഇയ്യോബിന്റെ മനോധൈര്യം ഇവയെല്ലാം ഒത്തുചേർന്ന് ഒരാളിൽ കാണുന്നത് ബന്യാമിൻ തിരുമേനിയിൽ മാത്രമായിരുന്നു.

രാവും പകലും മഴയത്തും വെയിലത്തും അക്ഷരാർത്ഥത്തിൽ തന്നെ അദ്ദേഹം സഭയാകുന്ന മുന്തിരി തോട്ടത്തിൽ അത്യദ്ധ്വാനം ചെയ്തു. പഴയനിയമത്തിലെ യാക്കോബ് പറയുന്നതുപോലെ പകൽ വെയിലുകൊണ്ടും രാത്രി ശീതം കൊണ്ടും ക്ഷയിച്ചു. കണ്ണിന് ഉറക്കമില്ലാതെയായി. സത്യവിശ്വാസസംരക്ഷണ സമിതിയുടെ പ്രസിഡന്റായി അദ്ദേഹം നടത്തിയ കഠിനമായ വിശ്രമമില്ലാത്ത ജോലികളാണ് അദ്ദേഹത്തിന്റെ ആരോഗ്യം വളരെ വേഗം മോശമാകാൻ കാരണമായത്.

2004 ജൂൺ മാസം 17-ാം തീയതി വ്യാഴാഴ്ച വെളുപ്പിന് (പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിന്റെ അതിശ്രേഷ്ഠമായ പ്രതിനിധി മാർ തീമോത്തിയോസ് അപ്രേം ആബൂദി മെത്രാപ്പോലീത്ത, മഞ്ഞിനിക്കര ദയറായിൽ വച്ച് ഞങ്ങളെ ശെമ്മാശന്മാരാക്കി അനുഗ്രഹിച്ചതിന് ശേഷം 31 വർഷവും ഒരു ദിവസവും കഴിഞ്ഞപ്പോൾ) ബന്യാമിൻ തിരുമേനി താൻ സ്നേഹിച്ചവരെയും തന്നെ സ്നേഹിച്ചവരെയും പിന്നിൽ നിർത്തി തന്റെ നാഥനിലുള്ള പ്രത്യാശയിൽ യാത്രയായി.

ഞങ്ങൾ ഒരുമിച്ച് സുറിയാനിയുടെ ആദ്യാക്ഷരങ്ങൾ ഉരുവിട്ട് പഠിച്ച ആ പരിപാവനമായ സ്ഥലത്ത് ഞങ്ങളുടെ ഗുരുകുലത്തിന്റെ പിതൃപിതാമഹനായിരുന്ന മോർ യൂലിയോസ് തിരുമേനിയുടെ കബറിനോട് ചേർന്ന് മാർ ഏലിയാസ് ബാവയുടെയും മാർ യൂലിയോസ് ബാവായുടെയും തിരുശേഷിപ്പുകൾ അടക്കം ചെയ്തതിനടുത്തുതന്നെ അദ്ദേഹത്തിന്റെ ഭൗതീകശരീരവും നിക്ഷേപിക്കപ്പെട്ടു.

കഴിഞ്ഞ ദീർഘമായ മുപ്പത്തിമൂന്ന് സംവത്സരങ്ങളിൽ എന്നെ ഏറ്റവും അധികം സ്വാധീനിച്ച വ്യക്തിത്വത്തിന്റെ ഉടമകളായ എന്റെ ശ്രേഷ്ഠനായ ഗുരുനാഥന്റെയും അദ്ദേഹത്തിന്റെ ഗുരുഭൂതന്റെയും, എന്റെ സന്തോഷത്തിലും സന്താപത്തിലും ഇണക്കത്തിലും പിണക്കത്തിലും വിജയങ്ങളിലും പരാജയങ്ങളിലും വിശാല ഹൃദയത്തോടെ സ്നേഹിച്ച് പ്രോത്സാഹിപ്പിച്ച ധന്യനായ സതീർത്ഥ്യന്റെയും അതിശ്രേഷ്ഠമായ ജീവിതങ്ങളുടെ ചില അംശങ്ങളെങ്കിലും ഉൾകൊള്ളുവാൻ വായനക്കാരെ ആഹ്വാനം ചെയ്തുകൊണ്ടും ഈ മാധ്യമം വഴിയായി ഇങ്ങനെ ഒരു അവസരം ഉണ്ടാക്കിയ എന്റെ ആത്മസുഹൃത്ത് ബിബി എബ്രഹാം കടവുംഭാഗത്തിന് കൃതജ്ഞത സമർപ്പിച്ചുകൊണ്ടും അദ്ദേഹത്തിന്റെ സഭാസേവനങ്ങൾക്ക് സർവ്വശക്തനായ ദൈവം പ്രതിഫലം നൽകട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ടും ഈ ലേഖനം ഉപസംഹരിക്കുന്നു.

# മഞ്ഞനിക്കര – വിശുദ്ധിയുടെ വിളനിലം ചരിത്രത്തിലൂടെ





പരി. യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവ (അബ്ദുൾ ആഹാദ് റമ്പാൻ)



ശ്രേഷ്ഠ കാതോലിക്ക ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവ



മോർ ക്രിസോസ്റ്റം മോശ സലാമ മെത്രാപ്പോലീത്ത (വന്ദ്യ മോശ സലാമ റമ്പാൻ)



മീഖായേൽ മോർ ദിവന്നാസ്യോസ് മെത്രാപ്പോലീത്ത




ബെയ്റൂട്ട് മെത്രാപ്പോലീത്ത മോർ അത്തനാസിയോസ് അഫ്രേം (അഫ്രേം പൗലോസ് റമ്പാൻ)



അമേരിക്കയിലെ യേശു സമുവേൽ മോർ അത്തനാസിയോസ് (യേശു റമ്പാൻ)



അഫ്രേം ആബൂദി റമ്പാൻ (അഫ്രേം ആബൂദി മോർ തീമോത്തിയോസ്)




റവ. ഇ.എസ്. കുറിയാക്കോസ് കശീശ്ശ, ഇലവിനാമണ്ണിൽ



ഡോ. പി.റ്റി. തോമസ് പാലാമ്പടം



ശ്രീ. മാത്തച്ചൻ കല്ലൂപറമ്പിൽ



വന്ദ്യ പുളിക്കപ്പറമ്പിൽ ജോസഫ് കോറെപ്പിസ്കോപ്പ



ഷെവ. കമാണ്ടർ ടി.യു. കുരുവിള

അന്ത്യോഖ്യാ മലങ്കര ബന്ധത്തിന്റെ പ്രത്യക്ഷ തെളിവായി ശോഭിക്കുന്ന മഞ്ഞനിക്കര ദയറ നാനാ ജാതി മതസ്ഥർക്ക് എന്നും ആശ്രയവും അത്താണിയുമാണ്. അനേകം അനുഗ്രഹങ്ങൾ സത്യവിശ്വാസികൾക്ക് പ്രദാനം ചെയ്തുകൊണ്ട് മഞ്ഞനിക്കര ദയറ നാടിന്റെ വിളക്കായി ശോഭിക്കുന്നു. മലങ്കരയിൽ സമാധാനം സംസ്ഥാപിക്കുവാൻ അന്ത്യോഖ്യയിൽ നിന്ന് എഴുന്നെള്ളിയ മഹാപരിശുദ്ധനായ ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവ 1932 ഫെബ്രുവരി 13-ാം തീയതി മഞ്ഞനിക്കര മോർ സ്തേഫാനോസ് പള്ളിയിൽ വച്ച് ഭാഗ്യമരണം പ്രാപിച്ചു. പരി. പിതാവിന്റെ ഭൗതീകാവശിഷ്ടം ഇവിടെ സ്ഥിതി ചെയ്യുന്നതിനാലാണ് ഈ ദയറ മഞ്ഞനിക്കരയിൽ സ്ഥാപിതമായത്.

പരി. പിതാവ് മഞ്ഞനിക്കരയിലേയ്ക്കെഴുന്നെള്ളുമ്പോൾ ഇവിടെ വരാന്തയോടുകൂടിയ ഒരു ചെറിയ ദേവാലയമേ ഉണ്ടായിരുന്നുള്ളൂ. ബഹു. കെ.വി. ഗീവർഗീസ് റമ്പാച്ചനായിരുന്നു കബറിന്റെ സ്ഥാനം നിശ്ചയിച്ചത്. പഴയദേവാലയം പുതുക്കിപണിയുമ്പോൾ ബാവായുടെ കബറ് വടക്കുവശത്തും മൽപാനച്ചന്റെ കബർ തെക്കുവശത്തും വരത്തക്കവണ്ണമായിരുന്നു തീരുമാനം. ഈ വശത്തു തന്നെയായിരുന്നു ബാവ തിരുമേനി വന്നപ്പോൾ താത്കാലിക മദ്ബഹ നിർമ്മിച്ചത്.

1932 ഫെബ്രുവരി 28-ാം തീയതി കബർ സ്ഥിതി ചെയ്യുന്ന സ്ഥലം 2645-ാം നമ്പർ ഇഷ്ടദാന തീറാധാരപ്രകാരം അന്നത്തെ അന്ത്യോഖ്യാ സിംഹാസന പ്രതിനിധി മോർ യൂലിയോസ് ഏലിയാസ് ബാവായുടെ പേർക്ക് ഇലവിനാമണ്ണിൽ സ്കറിയ കത്തനാർ, സൈമൺ, ജേക്കബ് എന്നിവർ എഴുതി കൊടുത്തു. ഒരു പള്ളിയും ദയറായും പണിയണമെന്ന ആഗ്രഹത്തിലാണ് ഇങ്ങനെ ചെയ്തത്. 1932 മാർച്ച് 14-ാം തീയതി യാണ് 30-ാം ദിവസം നടത്തേണ്ടിയിരുന്നത്. എന്നാൽ അന്ന് വലിയ നോമ്പായിരുന്നതിനാൽ 30-ാം ദിവസത്തെ വി. കുർബ്ബാന മാർച്ച് 10-ാം തീയതി വ്യാഴാഴ്ച (27-ാം ദിവസം) ആചരിച്ചു. വി. മൂന്നിന്മേൽ കുർബ്ബാനയ്ക്ക് പ്രധാന ത്രോണോസിൽ മോർ അത്തനാസിയോസ് തിരുമേനിയും വടക്കേ ത്രോണോസിൽ മോർ യൂലിയോസ് ഏലിയാസ് ബാവായും തെക്കേതിൽ മോർ ദിയസ്കോറോസ് തിരുമേനിയുമായിരുന്നു. വി. കുർബ്ബാന കഴിഞ്ഞ് മോർ മിഖായേൽ തിരുമേനി പ്രസംഗിച്ചു. ഈ സമയമായപ്പോഴേയ്ക്കും കബർ ഒരു കെട്ടിടത്തിനുള്ളിലാക്കിയിരുന്നു.

കിഴക്ക് പടിഞ്ഞാറായി പരി. അന്ത്യോഖ്യാ സിംഹാസനത്തിന് ലഭിച്ച 30 സെന്റ് സ്ഥലത്തിന് വീതി കുറവായതിനാൽ കിഴക്ക് മൂന്നേക്കറിലധികം സ്ഥലം 1936 ൽ മഞ്ഞനിക്കര നന്ത്യാട്ടുമലയിലെ വസ്തു തീറായി മോർ യൂലിയോസ് ഏലിയാസ് ബാവായുടെ പേർക്ക് സിംഹാസനത്തിനുവേണ്ടി വാങ്ങിച്ചു. തുടർന്ന് 1937, 1939 എന്നീ വർഷങ്ങളിലും ഒരേക്കർ സ്ഥലം വിലയാധാരമായി വാങ്ങുകയുണ്ടായി. കാര്യങ്ങൾ എല്ലാം ക്രമീകരിച്ച ശേഷം പാത്രിയർക്കാ തെരഞ്ഞെടുപ്പിനായി സിംഹാസന പ്രതിനിധി യൂലിയോസ് ബാവ ഹോംസിലേയ്ക്ക് പോയി. ഒരാണ്ട് ഇലവിനാമണ്ണിൽ കുറിയാക്കോസച്ചന്റെ ചുമതലയിലാണ് നടന്നത്. ദയറാപള്ളിയുടെ വടക്കുവശത്ത് കാണുന്ന ആദ്യത്തെ കെട്ടിടം അച്ചന്റെ ഭരണകാലത്ത് പണിതതാണ്.

1932 ഫെബ്രുവരി മുതൽ പരിശുദ്ധ മോറോന്റെ കൂടെ വന്ന യേശു റമ്പാൻ (പിന്നീട് അമേരിക്കയിലെ ആർച്ച് ബിഷപ്പ് യേശു ശാമുവേൽ മോർ അത്തനാസിയോസ്) മഞ്ഞനിക്കര താമസിച്ച് കബറിങ്കൽ ശുശ്രൂഷകൾ നിർവ്വഹിച്ചു. 1932 ഏപ്രിൽ 4-ാം തീയത് മോർ യൂലിയോസ് ഏലിയാസ് ബാവ യേശു റമ്പാന് കശീശ്ശ പട്ടം കൊടുത്തു. 1932 അവസാനം റമ്പാച്ചൻ യേരുശലേമിലേയ്ക്ക് മടങ്ങിപോയി.

യൂലിയോസ് ബാവ മർദീനിൽ നിന്നും തിരികെ വന്നപ്പോൾ വൈദീക വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിനുവേണ്ടി പണ്ഡിതനും സമർത്ഥനുമായ അബ്ദുള്ളാഹാദ് റമ്പാച്ചനെയും കൂടെ കൊണ്ടുവന്നിരുന്നു. 1946 വരെ അദ്ദേഹം സ്തുത്യർഹമായ സേവനം ഇവിടെ അനുഷ്ടിച്ചു (കാലം ചെയ്ത യാക്കോബ് തൃതീയൻ ബാവ).

1938 മുതൽ ബഹു. പി.ജെ. പൗലോസച്ചൻ (പിന്നീട് ശ്രേഷ്ഠ കാതോലിക്ക ബാവ) മോർ യൂലിയോസ് ബാവായുടെ സെക്രട്ടറിയും മഞ്ഞനിക്കര ദയറായിലെ മൽപാനുമായിരുന്നു. അക്കാലത്ത് വി. കുർബ്ബാന അനുഷ്ടിച്ചിരുന്ന ഷെഡ് തടി കൊണ്ട് പുതുക്കി പണിതു. ഏകദേശം 10 വർഷം കഴിഞ്ഞ ശേഷം യൂലിയോസ് ബാവ ഇന്നു കാണുന്ന പള്ളിയും കബറിടവും പുതിക്കി പണിതു. ഡോ. പി.റ്റി. തോമസ് പാലമ്പടവും, ശ്രീ. വി. ഐ. മാത്തൻ കല്ലൂപ്പറമ്പിലും കൂടിയാണ് ദയറായുടെ കിഴക്കുവശത്ത് കാണുന്ന മറ്റ് സ്ഥലങ്ങൾ വാങ്ങികൊടുത്തത്.

മഞ്ഞനിക്കര ദയറായുടെ വളർച്ചയിൽ ഈ മഹാരഥന്മാർ ചെയ്ത സേവനങ്ങൾ എന്നും നന്ദിയോടെ മാത്രമെ സ്മരിക്കുവാൻ സാധിക്കുകയുള്ളു. 1951 അവസാനത്തോടെ വന്ദ്യ മോശ സലാമ റമ്പാച്ചൻ (പിന്നീട് തെക്കെ അമേരിക്കൻ ഭദ്രാസനത്തിന്റെ മോർ ക്രിസോസ്റ്റം മോശ സലാമ മെത്രാപ്പോലീത്ത) മഞ്ഞനിക്കരയിൽ വന്നു. ഇദ്ദേഹം മഞ്ഞനിക്കരയിലെ വൈദീക വിദ്യാർത്ഥികളെ അഭ്യസിപ്പിക്കുകയും ഏതാനും പുസ്തകങ്ങൾ രചിക്കുകയും ചെയ്തു. വന്ദ്യ മോശ സലാമ റമ്പാച്ചന്റെ ദ്വിഭാഷിയും സഹായിയുമായിരുന്നു ബഹു.റ്റി.ജെ.അബ്രഹാം മൽപാനച്ചൻ.

1962 മുതൽ 1964 വരെ സിംഹാസന പ്രതിനിധിയായി അപ്രേം പൗലോസ് റമ്പാച്ചൻ പ്രവർത്തിച്ചു. ഇദ്ദേഹത്തിന്റെ കാലത്ത് കബറിടം പരിഷ്കരിക്കുകയും അതിനോട് ചേർന്ന് ഒരു വരാന്ത പണിയുകയും ചെയ്തു. ഇദ്ദേഹത്തിന്റെ കാലത്ത് സഭയിൽ പൊതുവെ സമാധാനവും ശാന്തതയും നിറഞ്ഞ അന്തരീക്ഷം ആയിരുന്നു. ഇവിടെ വച്ച് 'ശീമക്കാരായ പിതാക്കന്മാർ, വെള്ളി നക്ഷത്രങ്ങൾ' എന്നീ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയുണ്ടായി. ഇപ്പോൾ ബയ്റൂട്ട് മെത്രാപ്പോലീത്തയായി സേവനം അനുഷ്ടിക്കുന്നു.

1952 മുതൽ 1982 വരെ ബഹു.എം.എസ്. (തുമ്പമൺ) ഫിലിപ്പോസ് അച്ചൻ (പിന്നീട് വന്ദ്യ ഫിലിപ്പോസ് റമ്പാച്ചൻ) ദയറായിലെ കൃഷികാര്യങ്ങൾ നോക്കി നടത്തി.

യൂലിയോസ് ബാവ മലങ്കരയിൽ അന്ത്യോഖ്യാ സിംഹാസന പ്രതിനിധിയായി 39 വർഷം പ്രവർത്തിച്ചു. ഈ കാലഘട്ടത്തിൽ കുന്നംകുളം ഒഴികെയുള്ള എല്ലാ സിംഹാസന പള്ളികളും പണിയിപ്പിക്കുന്നതിന് നേതൃത്വം നൽകി. തന്റെ അവസാനം വരെ വിശ്വാസസംരക്ഷണത്തിനുവേണ്ടി കഠിനാദ്ധ്വാനം ചെയ്തു. 1962 ഫെബ്രുവരി 19-ാം തീയതി തിങ്കളാഴ്ച രാവിലെ മഞ്ഞനിക്കര ദയറായിൽ വച്ച് കാലം ചെയ്ത അഭിവന്ദ്യ പിതാവിന് ഭക്തിനിർഭരമായ അന്തരീക്ഷത്തിൽ വന്ദ്യ തിരുമേനിമാരുടെ നേതൃത്വത്തിൽ കബറടക്ക ശുശ്രൂഷ നടത്തപ്പെട്ടു.

ബഹു. പൗലോസ് റമ്പാച്ചന്റെ പിൻഗാമിയായി വന്ന ആബുദി റമ്പാച്ചൻ (1964–1973) മഞ്ഞനിക്കരയിൽ നിന്നും ശീമ വാർത്തകൾ (പിന്നീട് സിംഹാസനം) എന്ന പേരിൽ ഒരു പ്രസിദ്ധീകരണം തുടർച്ചയായി പ്രസിദ്ധീകരിച്ചിരുന്നു. 1972 മുതൽ സഭയിൽ കക്ഷിവഴക്കുകൾ ആരംഭിച്ചു. അന്ത്യോഖ്യാ മലങ്കര ബന്ധത്തെ ഉറപ്പിക്കുന്നതിനുവേണ്ടി ധീരതയോടെ പ്രവർത്തിച്ചതിന്റെ ഫലമായി എതിർകക്ഷികളുടെ രാഷ്ട്രീയ സ്വാധീനത്തിൽ അദ്ദേഹത്തിനിവിടെ നിന്നും തിരികെ പോകേണ്ടതായി വന്നു. ഇപ്പോൾ കാനഡായിലെ ആർച്ച് ബിഷപ്പായി സേവനം അനുഷ്ടിക്കുന്നു. വിസ ക്യാൻസൽ ചെയ്യിപ്പിച്ചതിനെ തുടർന്ന് തിരികെ പോയപ്പോൾ വന്ദ്യ മാടപ്പാട്ട് എം. സി. യാക്കോബ് റമ്പാച്ചൻ, ബഹു. എ. ജേക്കബ് കുരീക്കൽ അച്ചൻ, ബഹു. ഇലവിനാമണ്ണിൽ കുര്യാക്കോസച്ചൻ എന്നീ മൂന്നംഗ കമ്മിറ്റിയെ ഭരണകാര്യങ്ങൾ നിർവ്വഹിക്കുന്നതിനായി ചുമതലപ്പെടുത്തി. 1975 മുതൽ ബഹു. പി. ഇ. മാത്യൂസ് അച്ചനെ മോർ യൂലിയോസ് യാക്കോബ് മെത്രാപ്പോലീത്തായെ ദയറാ ഭരണത്തിൽ സഹായിക്കുന്ന

ശേഷം 18-ാം പേജിൽ

# മലങ്കരയുടെ മാണിക്യം : മോറാൻ മോർ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ ബാവ

**കുര്യാക്കോസ് കോറെപ്പിസ്കോപ്പ മൂലയിൽ**



അന്ത്യോഖ്യാ മലങ്കര ബന്ധത്തിന്റെ അനശ്വര പ്രതീകവും വിശ്വാസ സഹസ്രങ്ങളുടെ അഭയകേന്ദ്രവുമായ പരി. മോറാൻ മോർ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ മഹാമദ്ധ്യസ്ഥത മൂലം ദൈവികകൃപ പ്രാപിച്ചിട്ടുള്ള അനേകശതം വിശ്വാസികളിൽ ഒരുവനാണീ ലേഖകൻ. ദൈവേഷ്ടത്തിന് സ്വയം സമർപ്പിക്കുന്നതിനുള്ള സന്നദ്ധതയ്ക്ക് തയ്യാറാകുന്ന മാതൃകയും പ്രേരണയുമാണ് പരിശുദ്ധന്മാർ. 'നാം ദൈവസുതന്മാരാവാൻ അവർ ജീവിച്ചിരുന്നപ്പോൾ നമ്മെ പഠിപ്പിച്ച പിതാക്കന്മാരെ നാം പ്രാർത്ഥനകളിലും കുർബ്ബാനകളിലും ഓർക്കുമ്പോൾ' അവരുടെ ശ്രേഷ്ഠ മാതൃക നമുക്കും ദൈവിക പാതയിൽ ജീവിക്കുവാൻ പ്രചോദനം ലഭിക്കുകയാണ്.

മുളന്തുരുത്തി സുന്നഹദോസ് വഴിയായി പരി. പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവ മലങ്കര സഭയ്ക്ക് തന്ന കെട്ടുറപ്പുള്ള ഭരണസംവിധാനങ്ങളെല്ലാം തല്ലിത്തകർത്ത അധികാര മത്സരമായിരുന്നു വട്ടശേരിൽ മാർ ദിവന്നാസ്യോസ് തിരുമേനി നേതൃത്വം നൽകിയ അന്ത്യോഖ്യാ വിരുദ്ധ പ്രവർത്തനങ്ങൾ. തൽഫലമായി മലങ്കരയിലെ കലഹത്തിൽ വിരിഞ്ഞ തർക്ക കേന്ദ്രമായി 1912 ലെ കാനോനികേതര കാതോലിക്കാ സ്ഥാപനം. പതിറ്റാണ്ടുകളിലൂടെ വട്ടിപ്പണികേസായി സഭാസമാധാനം നശിപ്പിച്ച ഈ പ്രശ്നപരിഹാരത്തിനായിട്ട് വന്നുചേർന്ന പരി. ഏലിയാസ് തൃതീയൻ ബാവായുടെ ആദ്ധ്യാത്മിക ശോഭ മലങ്കരസഭയിൽ ആചന്ദ്രതാരം നിലനിൽക്കുവാൻ ദൈവം ഇടയാക്കി എന്നത് സഭാമക്കളുടെ മഹാഭാഗ്യം തന്നെയാണ്.

ലോകചരിത്രത്തിൽ അനന്യവും അപൂർവ്വവുമായ മഞ്ഞനിക്കര തീർത്ഥയാത്രയുടെ പ്രാരംഭമായി കാണാവുന്ന ഒരു ചരിത്രരേഖയും ആ പരിശുദ്ധന്റെ കബറിടത്തിൽ നടന്നതായി 1932 ൽ രേഖപ്പെടുത്തി പ്രസിദ്ധീകരിച്ച മറ്റൊരു ചരിത്രരേഖയും ഈ പെരുന്നാൾ സപ്ലിമെന്റിൽ പുനഃപ്രസിദ്ധീകരിക്കുവാൻ കഴിയുന്നതിൽ ഈ ലേഖകൻ സംതൃപ്തനാണ്. ഒരു പക്ഷേ ഈ ലേഖകന്റെ ശേഖരത്തിൽ ഒഴിച്ച് മറ്റൊരിടത്തും കാണുവാൻ സാദ്ധ്യതയില്ലെന്നാണ് എനിക്ക് തോന്നുന്നത്. 1933 ജനുവരി 14-ാം തീയതി പ്രസിദ്ധീകരിച്ച സുറിയാനിസഭാ സന്ദേശം ദ്വൈമാസികയുടെ 10-ാം ലക്കം ആറാം പേജിൽനിന്നുമാണ് ഒന്നാമത്തെ രേഖ. മഞ്ഞിനിക്കര തീർത്ഥയാത്ര സംബന്ധിച്ച പ്രാരംഭ ആലോചനയും പ്രേരകഘടകവും യാത്രാ രീതിയുമെല്ലാം അടങ്ങുന്ന ഒന്നാം രേഖ ഇന്നത്തെ പദയാത്രീകർക്കും പ്രചോദനം നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു (ഇപ്രകാരം തന്നെ മണീട് പള്ളിയിൽനിന്നും ആരംഭിച്ച വടക്കൻ മേഖല യാത്ര സംബന്ധിച്ച പ്രാരംഭവും സ്മരണീയമാണ്).

(സുറിയാനി സഭാ സന്ദേശം മാസികയിൽനിന്ന്)

## 1. തിരുസന്നിധാനത്തിങ്കലേയ്ക്കുള്ള തീർത്ഥയാത്ര

**സ്വന്തം ലേഖകൻ പള്ളം ധനു 25**

**(തീർത്ഥയാത്രയ്ക്കുവേണ്ടിയുള്ള ആദ്യയോഗ റിപ്പോർട്ട് സുറിയാനി സഭാ സന്ദേശത്തിൽ നിന്ന്)**

“കാലം ചെയ്ത വി. ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവ തിരുമനസ്സിലെ ആണ്ടുശ്രാദ്ധം അടുത്ത കുംഭമാസം ഒന്നാം തീയതി ചൊവ്വാഴ്ച ഓമല്ലൂർ മഞ്ഞനിക്കര മോർ ഇഗ്നാത്തിയോസ് ദയറായിൽ വെച്ച് സാഘോഷം നടത്തുന്നതിന് തീരുമാനിച്ച് കഴിഞ്ഞിരിക്കുകയാണല്ലോ. ഈ മഹോത്സവത്തിൽ സ്ഥലത്തെ യാക്കോബായ സമുദായാംഗങ്ങൾ എപ്രകാരം സംബന്ധിക്കണമെന്നും മറ്റും തീരുമാനിക്കുന്നതിനുമായി, സ്ഥലത്തെ മോർ ഇഗ്നാത്തിയോസ് ദേവാലയത്തിൽ വച്ച് ചിങ്ങവനം ശാലേം പള്ളി, ചിങ്ങവനം മാർ അപ്രേം ദയറ, പാക്കിൽ സെന്റ് തോമസ് ദേവാലയം, പള്ളം മാർ ഇഗ്നാത്തിയോസ് പള്ളി എന്നീ ഇടവകാംഗങ്ങളുടെ ഏകോപിപ്പിച്ചുള്ള ഒരു യോഗം ദിവ്യ ശ്രീ. പഴയമഠത്തിൽ മാത്യൂസ് കത്തനാർ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. യോഗോദ്ദേശ്യത്തെ പുരസ്ക്കരിച്ചുള്ള പ്രസംഗങ്ങൾക്ക് ശേഷം പ്രസ്തുത മഹോത്സവത്തിൽ കഴിവുള്ളവർ എല്ലാം തന്നെ സംബന്ധിക്കേണ്ടതാണെന്ന് ഏകകണ്ഠമായി തീരുമാനിച്ചു. തദനന്തരം താഴെ പറയുന്ന നിർദ്ദേശങ്ങൾ ഓരോരുത്തർ അവതരിപ്പിക്കുകയും അവ പാസാക്കപ്പെടുകയും ചെയ്തു.

മുൻപ്രസ്ഥാവിച്ച 4 ഇടവകകളിൽ നിന്നും, ശ്രാദ്ധത്തിൽ സംബന്ധിക്കുവാൻ ഉദ്ദേശിക്കുന്നവരെല്ലാം ഒരു സംഘമായി ചേർന്ന് മഞ്ഞനിക്കരക്കുന്നിൽ സ്ഥിതി ചെയ്യുന്ന വിശുദ്ധ കബറിടത്തെ ലക്ഷ്യമാക്കി തീർത്ഥാടനാർത്ഥം പുറപ്പെടണം. മഹോത്സവത്തിൽ സംബന്ധിക്കുവാൻ ആഗ്രഹിക്കുന്നവർ പ്രാരംഭമായി 8 ദിവസത്തെ നോയമ്പ് ആചരിക്കേണ്ടതാണ്. കഴിവുള്ളവർ ഈ എട്ട് ദിവസങ്ങളിലും ദേവാലയത്തിലെത്തി രണ്ടുനേരത്തുമുള്ള പ്രാർത്ഥനകളിൽ സംബന്ധിക്കേണ്ടതാണ്. നോമ്പ് ആചരിക്കുന്നവർ ബാഹ്യ ലക്ഷ്യമായി ഓരോ കുരിശ് ധരിക്കേണ്ടതാണ്.

തീർത്ഥയാത്രക്കാർ ഓമല്ലൂർ മോർ ഇഗ്നാത്തിയോസ് ദയറാ വരെയുള്ള ദൂരം കാൽ നടയായി തന്നെ സഞ്ചരിക്കേണ്ടതാണ്. മാർഗ്ഗമദ്ധ്യേ യാതൊരുവക സാധനങ്ങളും വാങ്ങിക്കൂടാവുന്നതല്ല. ആവശ്യമുള്ള ഭക്ഷണസാധനങ്ങൾ കൈയ്യിൽ കൊണ്ടുപോകേണ്ടതും അവരവർ തന്നെ ക്രമപ്പെടുത്തേണ്ടതുമാണ്. യാത്രയ്ക്ക് കുട ഉപയോഗിക്കുവാൻ പാടില്ല. കൂടാതെ അനാവശ്യ സംസാരത്തേയും നിരോധിച്ചിരിക്കുകയാണ്. പ്രാർത്ഥനയിലോ ധ്യാനത്തിലോ സന്ദർഭോചിത ഗാനാലാപനങ്ങളിലോ സംഘാംഗങ്ങൾ തങ്ങളുടെ സമയം വിനിയോഗിക്കേണ്ടതാണ്.

പുണ്യയാത്രക്കാർ ഓരോ മെഴുകുതിരിയോ എണ്ണത്തിരിയോ മറ്റോ കരുതിയിരിക്കേണ്ടതാണ്. മേൽ നിർദ്ദേശങ്ങൾ അനുവദിച്ചുകിട്ടുന്നതിനായി മിഖായേൽ മോർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സിലേയ്ക്കും മോർ ദീയസ്കോറോസ് മെത്രാപ്പോലീത്താ തിരുമനസ്സിലേയ്ക്കും അപേക്ഷ അയച്ചിട്ടുണ്ട്. കുംഭം 7-ാം തീയതി ഞായറാഴ്ച 2 മണിക്ക് പാക്കിൽ പള്ളിയിൽ നിന്നും തിരുയാത്രാസംഘം പുറപ്പെട്ട് രണ്ടരമണിയോടുകൂടി പള്ളം മോർ ഇഗ്നാത്തിയോസ് പള്ളിയിൽ എത്തണമെന്നും തദനന്തരം ചിങ്ങവനം ശാലേം പള്ളി, മോർ അപ്രേംദയറ എന്നിവിടെ അൽപനേരം താമസിച്ച് വിശ്രമിച്ചിട്ട് കൃത്യം 3 മണിക്ക് അവിടെനിന്നും ഓമല്ലൂർക്ക് യാത്ര തിരിക്കണമെന്നുമാണ് ഉദ്ദേശിക്കുന്നത്. അന്നേദിവസം തിങ്കളാഴ്ച സന്ധ്യാപ്രാർത്ഥനയ്ക്ക് മുമ്പായി പ്രസ്തുത സംഘം മഞ്ഞിനിക്കര ദയറായിൽ എത്തുവാൻ തക്കവണ്ണമാണ് അനന്തരയാത്രാ കാര്യപരിപാടി തയ്യാറാക്കിയിട്ടുള്ളതെന്നും കാണുന്നു. ദയറായിൽ എത്തിയാൽ കബറിടം സന്ദർശിക്കുമ്പോൾ തീർത്ഥയാത്രക്കാർ കത്തിച്ച മെഴുകുതിരിയോടുകൂടി അവിടെ പ്രദക്ഷിണം നടത്തുന്നതാണ്.

മകരം മൂന്നാം തീയതി പാക്കിൽ പള്ളിയിൽ വച്ച് വീണ്ടും ഒരു യോഗം കൂടുവാൻ ഇപ്പോൾ തീർച്ചയാക്കിയിട്ടുണ്ട്. തീർത്ഥയാത്രാ സംഘത്തിന്റെ വിശദമായ യാത്രാപരിപാടി നിർദ്ദേശിക്കുക എന്നതാണ് യോഗോദ്ദേശ്യം. കാലം ചെയ്ത പിതാവ് കഴിഞ്ഞ കൊല്ലം ഇതേസമയത്ത് പള്ളത്ത് മോർ ഇഗ്നാത്തിയോസ് പള്ളിയിലും പാക്കിൽ പള്ളിയിലും കഴിച്ചുകൂട്ടിയതിനെ അനുസ്മരിച്ചുകൊണ്ടാണ് അതേ തീയതികളിൽ തന്നെ ആ പുണ്യശ്ലോകന്റെ ശ്മശാന തിരുസന്നിധാനത്ത് സന്ദർശനത്തിനുള്ള കാര്യപരിപാടി തയ്യാറാക്കുന്നതിന് പാക്കിൽ പള്ളിയിൽ വെച്ചും ഓരോ യോഗം നടത്തുവാൻ തീരുമാനിച്ചതെന്നുള്ള വസ്തുതയും പ്രത്യേകം പ്രസ്ത്യാവ്യമാണ്”.

## 2. വിശുദ്ധ കബറിലെ അത്ഭുതങ്ങൾ

ഈ തലക്കെട്ടോടെ സുറിയാനി സഭാ സന്ദേശത്തിൽ പ്രസിദ്ധീകരിച്ച ലേഖനം (1932 ഡിസംബർ 31-ാം തീയതിയിലെ 9-ാം ലക്കം) എഴുതിയിരിക്കുന്നത് വി.സി. സാമുവേൽ, ഓമല്ലൂർ എന്ന വ്യക്തിയാണ്. വി.പിതാവിന്റെ കബറിടത്തിൽ സ്ഥാപിതമായ വൈദിക പഠനകേന്ദ്രത്തിൽ വിദ്യാർത്ഥിയും, പിന്നീട് അദ്ധ്യാപകൻ ആയിരിക്കുകയും പിന്നീട് മറുകക്ഷിയിൽ ചേർന്ന് പ്രവർത്തിക്കുകയും ചെയ്ത റവ. ഡോ.വി.സി. ശമുവേൽ ആയിരിക്കും ഈ കുറിപ്പ് തയ്യാറാക്കിയതെന്ന് വിശ്വസിക്കുന്നു.

### വി.സി. സാമുവേലിന്റെ ലേഖനത്തിൽ നിന്ന്

“അന്ത്യോഖ്യായുടെയും, കിഴക്കൊക്കയുടെയും ശ്ലൈഹീക സിംഹാസനത്തിൻമേൽ കർത്തവ്യം ചെയ്തിരുന്ന നി.വ.ദി.മ. ശ്രീ. മോറോൻ മോർ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവ തിരുമനസ്സുകൊണ്ട് സമാധാന പുനസ്ഥാപനാർത്ഥം മലങ്കരയിലേയ്ക്ക് എഴുന്നള്ളിയതിൽ ഇവിടെയുള്ള ഒരുകൂട്ടം ജനങ്ങൾ അദ്ദേഹത്തിനെതിരായി നിന്ന് തന്റെ നിഷ്കളങ്കമായ ഹൃദയം വേദനപ്പെടുത്തക്കവിധം തന്നോട് പെരുമാറുകയാണെല്ലോ ഉണ്ടായത്. 'ഇവനെ ഞങ്ങൾക്ക് വേണ്ട, ബറബാസിനെ ഞങ്ങൾക്ക് വിട്ടുതരിക' എന്ന് ഏകദേശം 2000 വർഷങ്ങൾക്കുമുമ്പ് യറുശലേം നഗരത്തിൽ വെച്ച് ഒരു കൂട്ടം ജനം ആർത്തതുപോലെ ശഠിക്കുവാൻ ഈ കൂട്ടർക്ക് മനസ്സു തോന്നിയല്ലോ എന്നോർക്കുമ്പോൾ ആർക്കാണ് സങ്കടം തോന്നാത്തത്. എന്നാൽ അന്ത്യോഖ്യയുടെ അധികാരം നാമാവശേഷമാക്കണമെന്നുള്ള അഹങ്കാരപൂർവ്വമായ അഭിപ്രായ ഗതികൾ കേവലം മണലിൻമേൽ പണിത സൗധം എന്നവണ്ണം ആയിപ്പോയില്ലല്ലോ എന്ന് മഞ്ഞനിക്കര കുന്നിന്മുകളിലേയ്ക്ക് നോക്കുന്നവർക്ക് ഇപ്പോൾ ബോധ്യപ്പെടുന്നതാണ്. അവിടെവച്ച് ഇതാ അദ്ദേഹം തന്റെ അഴിഞ്ഞുപോകുന്ന കൂടാരത്തെ ഉപേക്ഷിച്ച് സർവ്വേശ്വര സന്നിധിയിൽ പ്രവേശിച്ചിരിക്കുന്നു. തിരുമനസ്സിലെ ഭൗതീക ശരീരം കബറിൽവെച്ച അവസരം അശ്രുധാര പൊഴിച്ചുകൊണ്ട് നിന്നിരുന്ന ഭൂവാസികളെ സമാശ്വസിപ്പിക്കുവാനോ എന്ന് തോന്നുമാറ് ആനന്ദത്തിന്റെ പനിമഞ്ഞ് സ്വർഗ്ഗത്തിൽ നിന്നും ചാറുകയുണ്ടായി എന്ന സംഗതി ഇതിനകം ഏറെ കാണുമെന്ന് തോന്നുന്നില്ല. അദ്ദേഹത്തിന്റെ അപ്രതീക്ഷമായ ദേഹവിയോഗം ഭൂവാസികൾക്ക് സന്താപജനകമായിരുന്നു. എങ്കിലും 'തെരഞ്ഞെടുക്കപ്പെട്ടവരുടെ മരണം തിരുമുൻപാകെ വിലയേറിയതാകുന്നു' എന്ന് നമസ്കാരത്തിൽ പറഞ്ഞിരിക്കുന്നതിനാൽ അത് സ്വർഗവാസികൾക്ക് അവർണ്ണനീയമായ സന്തോഷത്തെ ഉളവാക്കി എന്നതിന് പക്ഷാന്തരമില്ല. വി.കബറുകൾ വിവിധതരത്തിലുള്ള അത്ഭുത സംഭവങ്ങൾ നടന്നുകൊണ്ടിരിക്കുന്നുണ്ട്. അവയെക്കുറിച്ച് അറിയുവാനായി പല സ്ഥലങ്ങളിൽനിന്നും പല എഴുത്തുകളും വന്നുകൊണ്ടിരിക്കുന്നുണ്ട്. അതിനാൽ ഇത:പര്യന്തം ഉണ്ടായിട്ടുള്ള അത്ഭുതങ്ങളിൽ ചിലവയെ മാത്രം സംക്ഷിപ്തമാക്കി ഇതിൽ വിവരിക്കാമെന്ന് വിചാരിക്കുന്നു. പ്രസ്തുത സംഭവങ്ങളെ പറ്റി ശരിയായി തിരക്കിയറിഞ്ഞു മാത്രമാണ് ഇതിൽ ചേർത്തിട്ടുള്ളത്.



### വെളിച്ചെണ്ണ വർദ്ധിച്ചത്

ഈ സംഭവം ഇതിനകം കേട്ടറിയാത്തവർ അധികമുണ്ടായിരിക്കാൻ ഇടയില്ല. വി. പിതാവിന്റെ 30 അടിയന്തരത്തിന് ഉപ്പേരിയുണ്ടാക്കുന്നതിന് സാധനങ്ങൾ സംഭരിച്ചു. ഉപ്പേരി വറത്തുകൊണ്ടിരുന്നപ്പോൾ വെളിച്ചെണ്ണ മതിയാകാതെ വന്നു. അതിനാൽ എന്താണ് ചെയ്യേണ്ടതെന്ന് ജോലിക്കാർ വിചാരിച്ചു നിൽക്കുമ്പോൾ (രാത്രിസമയമായിരുന്നതിനാൽ എണ്ണ വാങ്ങുക തൽക്ഷണം പ്രയാസമായിരുന്നു) വറുത്തുകൊണ്ടിരുന്ന പാത്രത്തിൽ എണ്ണ തിളച്ചുപൊങ്ങുന്നതായി കാണപ്പെട്ടു. അപ്പോഴേയ്ക്കും എല്ലാവരും പാത്രത്തിൽനിന്നും ചുറ്റും അടുത്തുകൂടി. പാത്രത്തിൽനിന്നും കവിഞ്ഞൊഴുകാതിരിക്കത്തക്കവണ്ണം എണ്ണ മറ്റുപാത്രത്തിലേയ്ക്ക് കോരി തുടങ്ങി. വന്ദ്യ തിരുമേനിമാരും ബഹു.അച്ചൻമാരും ജനങ്ങളും, വരികയും അത്ഭുതം കണ്ട് വിസ്മയഭരിതരായി തീരുകയും ചെയ്തു. കോരിക്കൊണ്ടിരിക്കുന്ന പാത്രം ഏകദേശം നിറഞ്ഞപ്പോൾ ഇനിയും പാത്രമില്ലല്ലോ എന്നൊരാൾ പറഞ്ഞു. ഉടൻതന്നെ വെളിച്ചെണ്ണ വർദ്ധനവ് നിന്നു. വറത്തുകൊണ്ടിരുന്ന പാത്രത്തിൽ വെളിച്ചെണ്ണ ഒഴിക്കാതെ തന്നെ ഉപ്പേരി മുഴുവനും വറുത്ത് തീർക്കുകയും ചെയ്തു. പകർന്നെടുത്ത എണ്ണ വിശ്വാസികൾക്ക് സർവ്വ നൊമ്പരങ്ങൾക്കും വിടുതൽ നൽകുന്ന സിദ്ധൗഷധമായി തീർന്നിരിക്കുകയാണ്. വി. എണ്ണ ഉപയോഗിച്ച അനേകമാളുകൾ രോഗശാന്തി പ്രാപിച്ചവരായി തീർന്നിട്ടുണ്ട്. ഈ രഹസ്യം മനസ്സിലാക്കി പള്ളിയിൽ വന്നുകൊണ്ടിരുന്ന ജനാവലി എണ്ണകൊണ്ടുപോകുവാൻ കുപ്പികളുമായിട്ടാണ് വന്നുകൊണ്ടിരുന്നത്.

ഇങ്ങനെ സുഖം പ്രാപിച്ച ചിലരുടെ സംഗതി ഇവിടെ പ്രസ്താവിക്കാം. മുപ്പതടിയന്തിരത്തിന്റെ ഒന്നാം ദിവസം ഇവിടെ വന്ന ഒരു ബാലൻ പാമ്പുകടിയേറ്റ് കരഞ്ഞുകൊണ്ടിരിക്കുന്നതായി ആരോ പള്ളി വികാരി ബഹു. അച്ചനെ അറിയിക്കുകയുണ്ടായി. അദ്ദേഹം ഉടൻ തന്നെ വി. എണ്ണ കടിയേറ്റ സ്ഥലത്ത് പുരട്ടി. തൽഫലമായി മാത്രം അവൻ സുഖം പ്രാപിച്ചു.

ഈ ലേഖകന്റെ സഹോദരപുത്രനും 8 മാസം മാത്രം പ്രായമുള്ളവനുമായ ഒരു പൈതൽ രോഗബാധിതനായി രാത്രിയും പകലും കരച്ചിൽമാത്രമായി കഴിച്ചുകൂട്ടിയിരുന്നു. രണ്ട് ദിവസങ്ങളോളം പല ചികിത്സകൾ ചെയ്തുവെങ്കിലും യാതൊരു ഭേദവും കണ്ടില്ല. പരിശുദ്ധ എണ്ണയുടെ തുള്ളികൾ ഒടുവിൽ നെറ്റിയിലും നാവിന്മേലും തൊട്ടു. തൽക്ഷണം ഫലപ്രാപ്തിയുണ്ടായി.

ഇവിടെ അടുത്ത കൈപ്പട്ടൂർ സ്വദേശിയായ ഒരു മനുഷ്യൻ കൈയ്യിൽ ഉണ്ടായ പരുക്കളിൽ എണ്ണപുരട്ടി കുളിച്ച് കഴിഞ്ഞപ്പോൾ പൂർണ്ണമായി കരിഞ്ഞു. പിന്നീട് ഇതുവരെ ഇയാൾക്ക് സുഖക്കേട് ഉണ്ടായിട്ടുമില്ല. ഒരു കൊല്ലപ്പണിക്കാരനു കാലിലുണ്ടായ വൃണത്തിന് ശമനം എണ്ണമൂലം ഉണ്ടായി. മറ്റുപല രോഗികളും ഇതുപോലെ സുഖം പ്രാപിച്ചതായി അറിയുന്നുണ്ടെങ്കിലും വിസ്താരഭയത്താൽ അവയെ വിട്ടുകളയുന്നു.

### പിശാചുബാധിതരുടെ സൗഖ്യപ്രാപ്തി

പല ഭ്രാന്തന്മാരും പിശാചുബാധിതരും ഇവിടെ വന്ന് സുഖം പ്രാപിച്ചവരായി മടങ്ങിപോയിട്ടുണ്ട്. അവയിൽ ഉദാഹരണത്തിനായി രണ്ട് മൂന്ന് സംഭവങ്ങൾ മാത്രമെ ഇവിടെ

ശേഷം 16-ാം പേജിൽ

# മലങ്കരയുടെ മാണിക്യം : മോറാൻ മോർ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ ബാവ തുടർച്ച........

ചേർക്കുന്നുള്ളു. കഴിഞ്ഞ ഇടവ മാസാവസാനത്തിൽ ഒരു ദിവസം വൈകിട്ട് ഏതാനുപേർ കൂടി ഒരു ഭ്രാന്തനെ ഇവിടെ കൊണ്ടു വന്നു (തിരക്കിയപ്പോൾ അങ്ങാടിക്കൽ എന്ന സ്ഥലത്താണ് അവന്റെ വീടെന്നും അവന്റെ ഭാര്യവീട് ഇവിടടുത്താണെന്നും മനസ്സിലായി). ഇവൻ തന്റെ രോഗത്തിന്റെ പാരമ്യത്താൽ ബോധരഹിതനായി പല വിക്രിയകളും കാണിക്കുയുണ്ടായി. സന്ധ്യാ നമസ്കാരത്തിന് ശേഷം യൂലിയോസ് ബാവ തിരുമനസ്സുകൊണ്ട് അവനുവേണ്ടി പ്രാർത്ഥിച്ചു. തദനന്തരം അവർകൊണ്ടുപോകുകയും ചെയ്തു. മൂന്നുനാല് ദിവസങ്ങൾക്ക് ശേഷം ഈ മനുഷ്യൻ പരിപൂർണ്ണസുഖം പ്രാപിച്ചവനായി ഇവിടെ (തനിയെ) വരികയും ഇവിടെനിന്നും പോകുന്നതിന് മനസ്സില്ലാതെ ഒരു ദിവസം താമസിച്ചതിന് ശേഷം മടങ്ങിപോകുകയും ചെയ്തു.

ഈ ഇടവകയിൽപെട്ട ഒരാളിന്റെ സഹോദരീപുത്രനും അടൂർ സ്വദേശിയുമായ വേറൊരു യുവാവ് ഏതോ പിശാച് ബാധയ്ക്ക് അധീനനായി ഇവിടെ കൊണ്ടുവരപ്പെട്ടു. രണ്ടുമൂന്ന് ദിവസങ്ങൾക്ക് ശേഷം ഇവനും പോയി. അവനും പൂർണ്ണസുഖം പ്രാപിച്ചു. പിന്നീട് ഇവിടെ വരികയും ഞായറാഴ്ച ശുശ്രൂഷകളിൽ സംബന്ധിക്കുകയും ചെയ്തിട്ടുണ്ട്. ചില സ്ത്രീകളും ഇവിടെ വന്ന് പിശാച് ബാധയിൽ നിന്നും സർവ്വശക്തന്റെ ബലമുള്ള തൃകൈയ്യാൽ സുഖം ലഭിച്ചവരായി മടങ്ങിപോയിട്ടുണ്ട്. ചിശാചുബാധിതയായ ഒരു സ്ത്രീയ്ക്കുവേണ്ടി വി. കബറിങ്കൽ വച്ച് ബഹു. കുര്യനച്ചൻ അവർകൾ പ്രാർത്ഥിക്കുകയും സുഖം പ്രാപിക്കുകയുമുണ്ടായി. ഇങ്ങനെ സ്ത്രീകളും പുരുഷന്മാരുമായി അനേകർ പരിശുദ്ധ പിതാവിന്റെ മദ്ധ്യസ്ഥതയിൽ അനുഗ്രഹീതരായി ഭവിക്കുകയും എന്നേയ്ക്കും സർവ്വേശ്വരനെ സ്തോത്രം ചെയ്യത്തക്ക നിലയിൽ വന്നെത്തുകയും ചെയ്തിരിക്കുന്നു.

## രോഗികളുടെ സുഖലബ്ദി

വി. പിതാവിന്റെ പ്രാർത്ഥനാ സഹായത്താൽ ദൈനംദിനം ഉണ്ടായിക്കൊണ്ടിരിക്കുന്ന രോഗികളുടെ സുഖപ്രാപ്തിയെപ്പറ്റി പൂർണ്ണമായി വിവരിക്ക എന്നത് അസാദ്ധ്യം തന്നെ. നിരവധി പുറംജാതികൾ ഇവിടെ വരികയും തങ്ങൾക്ക് ലഭ്യമായ അനുഗ്രഹങ്ങളെപ്പറ്റി പറയുകയും ചെയ്യുന്നുണ്ട്. പുറംജാതികളിൽ വിശിഷ്യ താണജാതികളുടെ സംഖ്യ വിസ്മയാവഹം തന്നെ. അവരിൽ ചിലർ കബറിന്റെ മുമ്പിൽ മുറ്റത്ത് കമിഴ്ന്ന് വീണും സാഷ്ടാംഗ നമസ്കാരം ചെയ്തും മറ്റും തങ്ങളുടെ നിഷ്കളങ്കമായ നന്ദിയെ പ്രദർശിപ്പിക്കുന്ന കാഴ്ച തന്നെ കാണികൾക്ക് അനുകമ്പാജനമാണ്. അതുപോലെ തന്നെ വടക്കൻ പ്രദേശങ്ങളിൽ നിന്നും ക്രിസ്തീയ സഹോദരങ്ങൾ ഒറ്റയായും കൂട്ടമായും ഇവിടെ വരികയും നേർച്ചകൾ കഴിക്കുകയും ചെയ്തുപോരുന്നു. ചില രോഗികളും യഥാശക്തി വൃതത്തോടുകൂടി ഇവിടെ താമസിച്ച് സുഖം പ്രാപിച്ചവരായി തിരിച്ചുപോകുന്നുണ്ട്.

വിശുദ്ധ പെന്തിക്കോസ്തി പെരുന്നാളിന് മുന്നുനാല് ദിവസങ്ങൾക്ക് മുൻപ് മുളംന്തുരുത്തിയിൽ നിന്നും ഒരു യുവാവ് ഇവിടെ വരികയുണ്ടായി. അയാൾ വയറുനോവുള്ള ഒരാളായിരുന്നു. വി. കബറുങ്കൽ വരെ ഭിക്ഷയെടുത്ത് ചിലവുകഴിച്ച് കൊണ്ടുപോകാമെന്ന് ഒരു നേർച്ച നേർന്നതിന്റെ ഫലമായി രോഗത്തിന് വളരെ ഭേദമുണ്ടായി. എന്നാൽ കുറച്ചുനാൾ കഴിഞ്ഞതിനുശേഷം വീണ്ടും



രോഗമുണ്ടായി. ഇതിങ്കൽ അതിയായ സങ്കടമുണ്ടായിട്ട് വീട്ടിൽ ആരോടും പറയാതെതന്നെ യാത്ര തിരിച്ചു. അതിൽ പിന്നെ രോഗം മാറുകയും ചെയ്തു. ഇവിടെ വന്ന് വി. കുർബ്ബാന അനുഭവിക്കുകയും മറ്റുംചെയ്ത് അനുഗ്രഹീതനായി മടങ്ങിപോവുകയും ചെയ്തു. മുളന്തുരുത്തിയിലെത്തിയതിന് ശേഷം തനിക്ക് പൂർണ്ണമായി സുഖം പ്രാപിച്ചിരിക്കുന്നുവെന്ന അയാളുടെ ഒരുഎഴുത്തും കിട്ടി.

ഇതിനടുത്ത് വയറ്റുനോവ് ബാധിതയായ ഒരു സ്ത്രീയും കബറിങ്കൽ നേർച്ച നേർന്നതിന്റെ ഫലമായി രോഗത്തിൽ നിന്നും മോചനം പ്രാപിക്കുകയുണ്ടായി. റാന്നിയിൽ നിന്നും ഒരു മനുഷ്യൻ സർപ്പദംശനം ഏറ്റ് കബറിങ്കലേയ്ക്ക് ഒരു നേർച്ച നേർന്നു. മൂന്നാം ദിവസം ആ മനുഷ്യൻ ഇവിടെ വരികയുണ്ടായി. ഇങ്ങനെ നിരവധി അത്ഭുതങ്ങൾ ഇവിടെ നടന്നുകൊണ്ടിരുന്നു.

## മറ്റ് സംഭവങ്ങൾ

അനേകം പ്രയാസങ്ങളിൽ അകപ്പെട്ടിരിക്കുന്ന ആളുകൾ കബറിങ്കൽ നേർച്ച നേർന്നതിന്റെ ഫലമായി സമാധാനം പ്രാപിച്ചിട്ടുണ്ട്. ചില വസ്തുക്കൾ മോഷണത്തിൽ പോയ ആളുകൾക്ക് അത് തിരികെ കിട്ടിയിട്ടുണ്ട്. കൈപ്പട്ടൂർകാരന്റെ ഒരു സൈക്കിൾ പള്ളിയിൽ വച്ചുതന്നെ മോഷണത്തിൽ പോകുകയുണ്ടായി. കബറിങ്കൽ നേർച്ച നേർന്നതിന്റെ ഫലമായി അതും തിരികെ കിട്ടി.

വെളിയനാട് എന്ന സ്ഥലത്ത് ഒരു മനുഷ്യന്റെ ഏതാനും താറാവുകൾ കാണാതെ പോയി. കബറിങ്കലേയ്ക്ക് ഒരു താറാവിനെയും 2മെഴുകുതിരിയും ആ ആൾ നേരുകയും, രണ്ടുമൂന്ന് ദിവസം തിരക്കിയിട്ടും കാണാതിരുന്നത് രണ്ടുമൂന്ന് മണിക്കൂറിനുള്ളിൽ തിരകെ കിട്ടുകയുമുണ്ടായി. ആ ആൾ നേർച്ച ഇവിടെ കഴിക്കുകയും ചെയ്തു. ഇപ്രകാരം അനവധി അത്ഭുത സംഭവങ്ങൾ ഇവിടെ ദിവസേനെ നടന്നുകൊണ്ടിരിക്കുന്നു. വിസ്താരഭയത്താൽ ഇനിയും ദീർഘിപ്പിക്കുന്നില്ല. നടന്നുകൊണ്ടിരിക്കുന്ന സംഗതികളെ ഇനിയും പ്രസിദ്ധീകരിക്കാമെന്ന് ആശിക്കുന്നു.

ഇന്നും തുടരുന്ന അത്ഭുതങ്ങളും ദൈവാനുഗ്രഹങ്ങളും ആയിരങ്ങളെ തൃക്കബറിലേയ്ക്ക് ആനയിക്കുന്നു. മഞ്ഞനിക്കര കബറിലേയ്ക്ക് പദയാത്ര ചെയ്ത് പ്രാർത്ഥിച്ച് രോഗശാന്തി നേടിയവരും കുടുംബസമാധാനം ലഭിച്ചവരും സന്താനലബ്ദി നേടിയവരും അഭിഷ്ട സിദ്ധി പ്രാപിച്ചവരും അനേകരാണ്. പരിശുദ്ധ പിതാവിന്റെ മദ്ധ്യസ്ഥത നമുക്കെല്ലാം അനുഗ്രഹകരമായി തീരട്ടെ".

**(സുറിയാനിസഭ സന്ദേശത്തിൽ നിന്ന്)**

3. പരി. പാത്രിയർക്കീസ് ബാവയുടെ ദേഹവിയോഗത്തിൽ 1932 ൽ യറുശലേമിലെ ആംഗ്ലിക്കൽ കത്തീഡ്രൽ വികാരിയായിരുന്ന റവ. സി.റ്റി. ബൈഡ്മെൻ അമേരിക്കൻ ആഗ്ലിക്കൻ എപ്പിസ്കോപ്പൽ സഭാനാവായ 'ലിവിങ്ങ് ചർച്ച്' എന്ന പ്രസിദ്ധീകരത്തിൽ ഒരു ലേഖനം ഇവിടെ പുനപ്രസിദ്ധീകരിക്കുകയാണ്. ഇത് സുറിയാനിസഭാ സന്ദേശം പ്രഥമലക്കത്തിൽ ശ്രീ. ഇ.പി. മാത്യു പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിച്ചതാണ്. (1932 സെപ്റ്റംബർ 10) ഇതര സഭാംഗങ്ങൾക്ക് പരി. പിതാവിനെക്കുറിച്ചുണ്ടായിരുന്ന മതിപ്പ് വെളിവാക്കുന്നതാണീ ലേഖനം.

സ്വർഗ്ഗാരോഹണം ചെയ്ത പാത്രിയർക്കീസ് ബാവ തിരുമനസ്സുകൊണ്ട്

## ഒരു ആംഗ്ലേയവൈദീകന്റെ അഭിപ്രായം

സുറിയാനി ക്രിസ്ത്യാനികളുടെ അപ്പോസ്തോലനായ മാർ തോമാശ്ലീഹ തന്റെ സുവിശേഷവേല ഇൻഡ്യയിൽ അവസാനിപ്പിച്ചതുപോലെ ആ പുണ്യവാന്റെ ആധുനിക പിൻഗാമികളിലൊരാളായ അന്ത്യോഖ്യായുടെ പുരാതന സുറിയാനി പാത്രിയർക്കീസ് മോർ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ അപ്പസ്തോല കബറിടത്താൽ പരിപാവനമാക്കപ്പെട്ട രാജ്യത്തുതന്നെ സമാധിയടഞ്ഞിരിക്കുന്നു.

ഈ പിതാവിന്റെ നിര്യാണത്താൽ ശേഷിമാനും വിശ്വസ്തനുമായ ഒരു പ്രധാനാചാര്യൻ പുരാതന സുറിയാനിസഭയ്ക്കും ഭിന്നിച്ചുപോയിട്ടുള്ള ക്രിസ്തീയസഭയുടെ പുനരൈക്യത്തിൽ ഗാഢമായി വിശ്വസിച്ചിരുന്ന ഒരു സമാധാനപ്രിയൻ ലോകത്തിന് പെതുവെയും നഷ്ടപ്പെട്ട് പോയിരിക്കുന്നു. പുരാതന അസ്സിറിയാക്കാരുടെ ആചാര്യരാജാക്കന്മാരെപ്പോലെ സുറിയാനിക്കാരുടെ പാത്രിയർക്കീസന്മാർ അവരുടെ ജനത്തിന്റെ മതതലവന്മാരും ജാതീയനായകന്മാരുമാകുന്നു. കാലം ചെയ്ത പാത്രിയർക്കീസിന്റെ ജീവചരിത്രം അദ്ദേഹത്തിന്റെ ആത്മീയ മക്കളുടെ 30 കൊല്ലമുള്ള ചരിത്രത്തിലെ വിഷമഘട്ടത്തെ സമഷ്ടിയായി വിവരിക്കുന്നു.

## ജനനവും ബാല്യവും

സമാധിയടഞ്ഞ പാത്രിയർക്കീസ് തിരുമനസ്സുകൊണ്ട് മധേഷ്യയിലെ ഏറ്റവും പുരാതനവും മാന്യവുമായ ഒരു കുടുംബത്തിൽപെട്ട കോറി ഇബ്രാഹിം ഷാക്കിർ എന്ന ആചാര്യവര്യന്റെ പുത്രനായി മർദ്ദീനിൽ 100 വർഷങ്ങൾക്കുമുമ്പ് ഭൂജാതം ചെയ്തു. കോറി ഇബ്രാഹിം മരിക്കുന്നതിന് മുൻപ് കോറെപ്പിസ്കോപ്പ അഥവാ മെത്രാന്റെ സഹായി എന്ന സ്ഥാനത്തെ പ്രാപിച്ചു. 12-ാം നൂറ്റാണ്ടുമുതൽ അന്ത്യോഖ്യയിലെ സുറിയാനി പാത്രിയർക്കീസന്മാരുടെ ആസ്ഥാനമായിരിക്കുന്ന മർദ്ദീനിലെ സുപ്രസിദ്ധമായ മഞ്ഞ (കുർക്കുമ) ദയറായിൽ ഭാവി പാത്രിയർക്കീസ് തന്റെ വിദ്യാഭ്യാസകാലം കഴിച്ചുകൂട്ടി. അറബി, തൂർക്കി, സുറിയാനി എന്നീ ഭാഷകളിൽ നല്ല വ്യുൽപത്തിയും അനുകരണീയമായ സ്വഭാവ വിശേഷത്താൽ ഒരു മാതൃകയും വാവു എന്ന പേരും സമ്പാദിച്ച ശേഷം അദ്ദേഹം 20-ാമത്തെ വയസ്സിൽ ദയറായൂസ്സായിൽ പ്രവേശിക്കുകയും പത്രോസ് ചതുർത്ഥകൻ പാത്രിയർക്കീസിന്റെ സെക്രട്ടറിയായി പിന്നീട് നിയമിക്കപ്പെടുകയും ചെയ്തു.

## പൊതുകാര്യ പ്രസക്തി

പാത്രിയർക്കീസിന്റെ സെക്രട്ടറി എന്ന നിലയിൽ ഏലിയാസ് റമ്പാൻ പലപ്പോഴും തർക്കങ്ങൾ കേട്ട് തീരുമാനിക്കുന്നതിനും ജോലികൾ നിർവ്വഹിക്കുന്നതിനുമായി സുറിയാനിസഭയുടെ പല ഭാഗങ്ങളിലേയ്ക്കും നിയോഗിക്കപ്പെട്ടിട്ടുണ്ട്. അദ്ദേഹം 1895 ൽ ഡയർബക്കറിന്റെ ഇപ്രകാരമുള്ള ഒരു ജോലി കൈയേറ്റ് നടത്തിക്കൊണ്ടിരിക്കവെ അവിടെ ഒരു വലിയ ഒരു കൂട്ടക്കൊല നടക്കുകയും അതിൽ അർമേനിയക്കാരും സുറിയാനിക്കാരും ഒരുപോലെ കഷ്ടപ്പെടുകയും ചെയ്തു. മാർ കുറിയാക്കോസിന്റെ വലിയ ദയറായിൽ അദ്ദേഹം അർമേനിയക്കാർക്കും സുറിയാനിക്കാർക്കും ഒരുപോലെ അഭയം കൊടുത്ത് അവരെ രക്ഷിക്കുകയും അവർക്കുവേണ്ട സഹായങ്ങൾ നൽകുകയും ചെയ്തതിനാൽ സ്വജനങ്ങളുടെ സ്നേഹാദരബഹുമാനങ്ങൾ സമാർജിക്കുന്നതിന് അദ്ദേഹത്തിന് സാധിച്ചു. തദനന്തരം പരേതനായ അബ്ദുള്ള പാത്രിയർക്കീസ് ബാവ ഫന്റവു-ൽ അദ്ദേഹത്തെ ഡയർബക്കറിലെ മെത്രാനായി വാഴിച്ചു. അവിടെ അദ്ദേഹം പള്ളികളും വിദ്യാലയങ്ങളും സ്ഥാപിക്കുന്നതിൽ വളരെ ശുഷ്കാന്തി പ്രദർശിപ്പിക്കുകയും എല്ലാവരുടെയും പ്രീതി സമ്പാദിക്കുകയും ചെയ്തു. 1912ൽ അദ്ദേഹത്തെ മൂസൽ ഇടവക ഭരണാധികാരിയായി നിയോഗിച്ചു.

## സ്ഥാനാരോഹണം

ലോകമഹായുദ്ധത്തിനിടയ്ക്ക് 1915 ൽ അബ്ദുള്ള പാത്രിയർക്കീസ് ബാവ കാലം ചെയ്തപ്പോൾ മാർ ഈവാനിയോസ് മെത്രാനെ - കഥാനായകൻ-ആദ്യം കൈമാഖാമായിട്ടും പിന്നിട് 1917 ൽ പാത്രിയർക്കീസായിട്ടും തെരഞ്ഞെടുത്തു. സുറിയാനിസഭയിലെ പതിവനുസരിച്ച് അദ്ദേഹം അന്ത്യോഖ്യായിലെ വലിയ സഹദ ആയിരുന്ന മോർ ഇഗ്നാത്തിയോസിന്റെ നാമം സ്ഥാനനാമമായി സ്വീകരിച്ച് സ്വന്തപേരിനോട് കൂട്ടിചേർത്തു.

മർദ്ദീനിലെ പാത്രിയർക്കാ അരമന (കുർക്കുമാദയാറാ) യുദ്ധം നിമിത്തം കഷ്ടപ്പെട്ട സുറിയാനിക്കാർക്ക് ഒരു അഭയസ്ഥാനമായിരുന്നു. തുറബ്ദീനിലെ ഗ്രാമങ്ങളിൽ നിന്നും ഇതരസ്ഥലങ്ങളിൽ നിന്നും ഓടിപ്പോകുവാൻ നിർബന്ധിതരായ സുറിയാനിക്കാരെല്ലാവരും മർദ്ദീനിലാണ് സങ്കേതം കണ്ടെത്തിയത്. മർദ്ദീനിലും ഏറെക്കുറെ ഉപദ്രവമില്ലാതിരുന്നില്ല. എന്നാൽ സുറിയാനിക്കാരുടെ കഷ്ടതകൾ അർമ്മേനിയാക്കാർക്കുണ്ടായിരുന്നതിനേക്കാൾ കുറവായിരുന്നുവെന്നു മാത്രമേയുള്ളൂ.

## പാഷായുമായുള്ള കൂടിക്കാഴ്ച

യുദ്ധം അവസാനിച്ച് അപകടം നീങ്ങിയെന്നുള്ള ഘട്ടമായപ്പോൾ മാർ ഇഗ്നാത്തിയോസ് തൂർക്കി തലസ്ഥാനമായ കുസ്തന്തീനോസ് പോലീസിൽ എത്തി സുൽത്താനെ മുഖം കാണിച്ചു. തൂർക്കി രാജ്യം അക്കാലത്ത് കമാൽപാഷായുടെ അധികാരസീമയിലേയ്ക്ക് ത്വരിതഗമനം ചെയ്തുകൊണ്ടിരുന്നതിനാൽ സുൽത്താനുമായുണ്ടായ സഖ്യം കൊണ്ട് വലിയ ഫലമുണ്ടായില്ല. എങ്കിലും യൂറോപ്പിലെ ഐക്യകക്ഷികളുടെ കേന്ദ്രസ്ഥാനമായി പരിഗണിച്ചിരുന്ന കുസ്തന്തീനോസ് പോലീസിൽ വച്ച് ആംഗ്ലേയരുമായി ഇടപെടുന്നതിനും അവരുമായി മൈത്രിയിൽ വർത്തിക്കുന്നതിനും പാത്രിയർക്കീസിന് സംഗതിയായി. തൂർക്കിയിലെ നായകൻ സുൽത്താനല്ലെന്നും, മുസ്തഫാകമാലാണെന്നും ക്രിസ്തീയ സമുദായങ്ങളുടെ ഭാവി കമാലിന്റെ കൈയ്യിലാണിരിക്കുന്നതെന്നും പ്രത്യക്ഷമായപ്പോൾ തിരുമേനി കുസ്തന്തീനോസ് പോലീസിൽ നിന്ന് പുതിയ തലസ്ഥാനമായ അങ്കോറായിലേയ്ക്ക് എഴുന്നള്ളി. കമാൽപാഷാ ആകട്ടെ, പാത്രിയർക്കീസിനെ ബഹുമാനപൂർവ്വം സ്വീകരിക്കുകയും തൂർക്കി പാർലമെന്റിന്റെ ഉത്ഘാടന കർമ്മത്തിൽ സംബന്ധിക്കുന്നതിന് തിരുമേനിയെ ക്ഷണിക്കുകയും ചെയ്തു.

## ഇടവക സന്ദർശനവും പരിഷ്ക്കാര ശ്രമങ്ങളും

1923 ൽ പാത്രിയർക്കീസും മർദ്ദീനിലെയ്ക്ക് തിരിച്ചെഴുന്നെള്ളി. എന്നാൽ യുദ്ധാനന്തരമുണ്ടായ ഭരണപരിവർത്തനങ്ങൾ ഹേതുവാൽ മർദ്ദീനിലെ സ്ഥിതിഗതികൾ ഒട്ടും തന്നെ ആശാസ്യമായിരുന്നില്ല. തൂർക്കിയിലെ സുറിയാനിക്കാർ ഫ്രഞ്ചുകാരുടെ വകയായ സിറിയായിലേയ്ക്കും ബ്രിട്ടീഷ് സംരക്ഷണത്തിലുള്ള ഇറാക്കിലേയ്ക്കും ഇക്കാലത്ത് കുടിയേറി താമസിച്ചുകൊണ്ടാണിരുന്നത്. അതിനാൽ സുറിയാനിക്കാരുടെ പുതിയ നിവാസ സ്ഥാനങ്ങൾ സന്ദർശിപ്പാൻ പാത്രിയർക്കീസ് 1925 ൽ മർദ്ദീനിൽ നിന്നും യാത്രയായി. ഈ യാത്രയിൽ അദ്ദേഹം കുറേനാൾ സിറിയായിൽ താമസിച്ചു. ഇവിടെ അൻപതിനായിരത്തിൽ പരം സുറിയാനിക്കാരുണ്ട്. പിന്നീട് രണ്ട് കൊല്ലത്തിനുമേൽ അദ്ദേഹം യേരുശലേമിലുള്ള വിശുദ്ധ മർക്കോസിന്റെ ദയറായിൽ താമസിച്ചു. ഈ ദയറ അനേക ശതാബ്ദങ്ങളായി സുറിയാനി മെത്രാന്മാരുടെ ഒരാസ്ഥാനമാണ്. പാത്രിയർക്കീസ് ഇവിടെയുള്ള ജനത്തിന്റെ ആഭ്യന്തര കാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കുകയും യേരുശലേമിലും ബേത്‌ലഹേമിലും പല വിദ്യാലയങ്ങൾ പുതുതായി സ്ഥാപിക്കുകയും മുൻപുണ്ടായിരുന്നവ പരിഷ്കരിക്കുകയും ബേത്‌ലഹേമിൽ ഒരു പള്ളി പണിയുകയും ചെയ്തു. യേരുശലേമിൽ ആയിരുന്നുപ്പോൾ അദ്ദേഹം അവിടുത്തേയ്ക്ക് ഒരു മെത്രാനെയും ഇൻഡ്യയിലേയ്ക്ക് രണ്ട് മെത്രാന്മാരെയും വാഴിച്ചു.

## ആംഗ്ലേയരുമായി

യേരുശലേം സന്ദർശനം മൂലം തിരുമേനിയോട് കൂടുതൽ സമ്പർക്കം ചെയ്യുന്നതിന് ആംഗ്ലേയർക്ക് സാധിച്ചു. യേരുശലേമിലെ ആഗ്ലോ ബിഷപ്പായിരുന്ന ഡോ. മക്കിന്നിസിന് പാത്രിയർക്കീസിനെ പറ്റി വലിയ മതിപ്പുണ്ടായി. ആഗ്ലോ സഭയും സുറിയാനി സഭയും തമ്മിലുള്ള വിശ്വാസ ഭിന്നതകളെപ്പറ്റി കാന്റെർബറി ആർച്ച് ബിഷപ്പിന്റെ പൗരസ്ത്യ സഭാ കമ്മീഷനുമായി തിരുമേനി എഴുത്ത് കുത്ത് നടത്തി. ഇത് പാശ്ചാത്യ പൗരസ്ത്യ സഭകൾ തമ്മിൽ നടക്കുന്ന പുനരൈക്യ

ശേഷം 18-ാം പേജിൽ

# നി. വ. ദി. മ. ശ്രീ. പാത്രിയർക്കീസ് ബാവ അവർകളുടെ കബറടക്കം



ഓമല്ലൂർ

കുംഭം

ഇന്നലെ രാവിലെ പാത്രിയർക്കീസ് ബാവാ അവർകൾ മഞ്ഞിനിക്കരപള്ളിയിൽവച്ച് വി. കുർബ്ബാനയിൽ സംബന്ധിക്കുകയും ഒരു പ്രസംഗം ചെയ്യുകയും പ്രസംഗാനന്തരം കൈമുത്ത് നടത്തുകയും ചെയ്ത ശേഷം അവിടുത്തെ താമസത്തിനായി തയ്യാറാക്കിയിരുന്ന മുറിയിൽ എത്തി കാപ്പിമേശ കഴിഞ്ഞ് സ്വൽപസമയം ഡയറി എഴുതുന്നതിനായി ഉപയോഗിക്കുകയും ചെയ്തു. അനന്തരം കൂടെയുണ്ടായിരുന്ന പ്രൈവറ്റ് സെക്രട്ടറി മുതലായവരോട് സംഭാഷിച്ചുകൊണ്ട് മുറിയിൽ ഉലാത്തികൊണ്ടിരുന്ന വേളയിൽ സ്വൽപമൊരാലസ്യഭാവത്തോടുകൂടി വയറ്റത്ത് കൈപിടിച്ചു കൊണ്ട് മുമ്പോട്ട് സ്വൽപമൊന്ന് കുനിയുകയും അടുത്തുണ്ടായിരുന്നവർ ഓടിയെത്തി താങ്ങിപിടിച്ചു. കട്ടിലിൽ ഇരുത്തുകയും അതോടുകൂടിത്തന്നെ അദ്ദേഹത്തിന്റെ ആത്മാവ് ജഡത്തിൽനിന്ന് വിട്ടുപിരിയുകയും എല്ലാം ഒരു ക്ഷണനേരത്തിൽ ഒന്നായി കഴിഞ്ഞു. ഉത്തരക്ഷണത്തിൽ പത്തനംതിട്ടയ്ക്കും കോഴഞ്ചേരിക്കും ആൾ പോവുകയും രണ്ട് സ്ഥലത്തുനിന്നും ഡോക്ടർമാർ വന്നുചേരുകയും ചെയ്തു എങ്കിലും ഫലമൊന്നുമുണ്ടായില്ല.

ആൾവാസം വളരെ ചുരുക്കമായി മാത്രമുള്ള ഈ മഞ്ഞിനിക്കരകുന്നിന്റെ മുകളിൽ ഉണ്ടായ ഈ സംഭവം മിന്നൽപിണർ വേഗത്തിൽ കാട്ടുതീ കണക്കെ കർണ്ണാകർണ്ണികയാ ദേശമെങ്ങും പടർന്ന് നാനാഭാഗങ്ങളിൽനിന്നും ജാതിമതഭേദമോ സ്ത്രീപുരുഷ വ്യത്യാസമോ കൂടാതെ ആബാലവൃദ്ധം ജനങ്ങൾ മഞ്ഞിനിക്കരകുന്നിനെ ലക്ഷ്യമാക്കി ഓടി എത്തുന്നു. വരുന്നവർ വരുന്നവർ മാറത്തടിച്ച് നിലവിളിക്കുന്നു. അവിടെ അപ്പോൾ കാണുന്ന കാഴ്ച ഏതു വജ്രഹൃദയത്തെയും ഇളക്കത്തക്കതുതന്നെ. ജനപ്രവാഹം നിമിഷംപ്രതി വർദ്ധിച്ചുവർദ്ധിച്ചുവരുന്നു. അപ്പോഴേയ്ക്കും സ്ഥലം പോലീസ് ഇൻസ്പെക്ടർ മി.പി.എം. മാമ്മൻ ബി.എ.യും അദ്ദേഹത്തിന്റെ കീഴിലുള്ള പോലീസുസൈന്യവും അവിടെ എത്തി വേണ്ട ക്രമീകരണങ്ങളും ക്രമപരിപാലനങ്ങളും നിർവ്വഹിച്ചു തുടങ്ങി.

ഇതിനിടെ ബാവാ അവർകളുടെ ആലസ്യത്തെപ്പറ്റി എവിടേയ്ക്കെല്ലാമോ ചില കമ്പികൾ അടിച്ചിരുന്നുവെന്നും പിന്നീട് ബാവായുടെ ദേഹവിയോഗത്തെപ്പറ്റി തിരുവിതാംകൂർ-കൊച്ചി മഹാരാജാക്കന്മാർക്കും ദിവാൻജിമാർക്കും പൊളിറ്റിക്കൽ ഏജന്റിനും വേറെ പല സ്ഥലങ്ങളിലായി പലർക്കും കമ്പികൾ കൊടുക്കയുണ്ടായി എന്നും അറിയുന്നു. ജനങ്ങൾ കൂട്ടം കൂട്ടമായി വന്നുചേരുന്നു. ഇതിനിടയിൽ മൃതശരീരം കുളിപ്പിച്ച മാർ ക്ലിമ്മീസ്, മാർ യൂലിയോസ്, മാർ മിഖായേൽ മാക്കാം കുന്നു സെമിനാരിയിൽ നിന്ന് അവിടെ എത്തിയിരുന്ന മാർ പിലക്സിനോസ് എന്നീ മെത്രാന്മാരും മറ്റും കൂടി സ്ഥാനത്തിനടുത്ത വസ്ത്രങ്ങൾ മുതലായവ ധരിപ്പിച്ചും വടി, സ്ലീബാ മുതലായവ കൈയ്യിൽ പിടിപ്പിച്ചും പള്ളിയുടെ മദ്ബഹായിൽ ത്രോണോസിന്റെ മുമ്പിൽ പടിഞ്ഞാറോട്ട് മുഖമായി ഒരു കസേരയിൽ ഇരുത്തുകയും ചെയ്തു. ഈ ഇരുപ്പിൽ അദ്ദേഹത്തെ ദർശിക്കുന്നവർക്ക് അവിടുത്തെ കണ്ണുകൾ അടഞ്ഞിരുന്നു എന്നല്ലാതെ ജീവൻ വേർപെട്ട ഒരു ദേഹമാണ് അവിടെ സ്ഥിതി ചെയ്യുന്നതെന്ന് തിരിച്ചറിയുന്നതിലേയ്ക്കുള്ള മറ്റ് യാതൊരു ലക്ഷണങ്ങളും കാൺമാനില്ലായിരുന്നു.

നേരം രാത്രിയായിട്ടും ജനപ്രവാഹം വർദ്ധിച്ചുകൊണ്ടുതന്നെ ഇരുന്നു. രാത്രി മുപ്പതു നാഴികയും സമീപയും ദൂരെയുമുള്ള ഓരോ സ്ഥലങ്ങളിൽ നിന്നായി ആളുകൾ കാൽനടയായും കാറുകളിലായും മറ്റുമായി തുടരെത്തുടരെ വന്നു ചേർന്നു. വന്നുചേരുന്ന ജനങ്ങൾ ബാവയുടെ കൈമുത്തിയ ശേഷം പ്രസ്തുത സ്ഥലത്ത് ഒന്നു വിശ്രമിക്കുന്നതിനുവേണ്ട സൗകര്യം ലഭിക്കാതെ അടുത്തപ്രഭാതത്തെ പ്രതീക്ഷിച്ചു. അനേകായിരങ്ങൾ രാത്രിയിലെ വിശ്രമത്തിനായി അടുത്ത ഓരോ സ്ഥലങ്ങളിയേക്ക് പോയി. ഇങ്ങനെ ജനക്കൂട്ടം വന്നും പോയും രാത്രി ഒരുവിധത്തിൽ കഴിച്ചുകൂട്ടി എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ.

വെളുപ്പിന് അഞ്ചുമണിയോടു കൂടി വി. കുർബ്ബാനയ്ക്കുള്ള പുറപ്പാടായി. പ്രഭാതത്തിന് സ്വൽപം മുമ്പായി മാർ അത്തനാസ്യോസ് മെത്രാപ്പോലീത്തയും ഏതാനും ആളുകളും വടക്കുനിന്നും വന്നു ചേർന്നു. കുർബ്ബാനയ്ക്ക് മുമ്പായി ബാവായുടെ ശരീരം മദ്ബഹായുടെ വാതുക്കൽ നിന്നും എടുത്തു. ഹൈക്കലായുടെ മദ്ധ്യഭാഗത്ത് സ്വൽപം കിഴക്കോട്ടുമാറ്റി രണ്ട് മേശകൾ ചേർത്തിട്ട് അതിന്റെ മുകളിൽ കിഴക്കോട്ടു മുഖമായി മുമ്പിരുന്ന കസേരയോട് കൂടി എടുത്ത് ഇരുത്തുകയും കുർബ്ബാനയ്ക്ക് മുൻപുള്ള പ്രാർത്ഥന ആരംഭിക്കുകയും ചെയ്തു. പ്രസ്തുത പ്രാർത്ഥനയുടെ സമയത്ത് മലങ്കരസഭ ഭാസുരനും വന്ദ്യവയോധികനുമായ മോർ ദിവന്ന്യാസോസ് മെത്രാപ്പോലീത്ത അവർകൾ പള്ളിയുടെ പടിഞ്ഞാറെ വാതിൽ വഴിയായി പള്ളിയിൽ പ്രവേശിക്കുകയും ബാവായുടെ കൈമുത്തിയശേഷം വി. കുർബ്ബാനയിൽ സംബന്ധിക്കുകയും ചെയ്തു. മോർ ക്ലിമ്മീസ് മെത്രാപ്പോലീത്തയാണ് കുർബ്ബാന അനുഷ്ടിച്ചത്. പള്ളി തീരെ ചെറുതാകയാൽ പള്ളിക്കകത്ത് പട്ടക്കാർക്കും പട്ടക്കാരല്ലാത്തവർക്കുമായി വളരെ ചുരുക്കം ചിലർക്കല്ലാതെ പ്രവേശനം അനുവദിച്ചിരുന്നില്ല. കുർബ്ബാനയ്ക്ക് ശേഷം മെത്രാപ്പോലീത്തമാരും മറ്റുപട്ടക്കാരും കൂടി മരണാന്തര ശുശ്രൂഷകളിൽ ഏതാനുംഭാഗം കൂടി നിർവ്വഹിക്കുകയും മെത്രാപ്പോലീത്തന്മാർ പ്രത്യേകം പ്രത്യേകം ധൂപം വച്ച് പ്രാർത്ഥനകൾ നിർവ്വഹിക്കുകയും ചെയ്തു. കാലത്ത് ഏഴരമണിയോടുകൂടി പള്ളിയകത്തെ ശുശ്രൂഷകൾ അവസാനിച്ചു. ഈ സമയമായപ്പോഴേയ്ക്കും പള്ളിയുടെ മുറ്റങ്ങളും പരിസരങ്ങളും അനേകായിരങ്ങളെകൊണ്ട് നിറഞ്ഞുകവിഞ്ഞു. പൂഴിനുള്ളിയിട്ടാൽ താഴാത്തുപോലെ ആയിത്തീർന്നു. തിരുവിതാംകൂറിന്റെ ഒരറ്റം മുതൽ മറ്റെ അറ്റം വരെ നാനാഭാഗങ്ങളിൽനിന്നും ആളുകൾ പിന്നെയും പിന്നെയും വന്നുകൊണ്ടിരുന്നു.

പിന്നീടു നടന്ന പ്രധാന സംഭവം ബാവായുടെ മൃതശരീരം എവിടെയാണ് സംസ്കരിക്കേണ്ടതെന്നുള്ളതിനെപ്പറ്റിയുള്ള ആലോചന ആയിരുന്നു. ഈ സംഗതിയെപ്പറ്റി അഭിപ്രായം പുറപ്പെടുവിക്കുന്നതിലേയ്ക്ക് ശീമമെത്രാന്മാർ എന്നുള്ള നിലയിൽ വിശേഷവിധിയായ അവകാശമൊന്നും ശീമമെത്രാന്മാർക്കില്ലെന്നും ഓരോരുത്തർ അവരവരുടെ സ്വാഭിലാഷസാദ്ധ്യത്തിനായി ഈ വിധത്തിൽ ഓരോ അഭിപ്രായങ്ങൾ പുറപ്പെടുവിക്കുന്നത് വിഹിതമല്ലെന്നും ഇതിനെപ്പറ്റി അഭിപ്രായം പുറപ്പെടുവിക്കുന്നതിനുള്ള അവകാശം മലങ്കരയ്ക്ക് പൊതുവിൽ ഉള്ളതാണെന്നും ആ നിലയ്ക്ക് മറ്റുള്ളവരേക്കാൾ കൂടുതലായി അഭിപ്രായം പുറപ്പെടുവിക്കുന്നതിനുള്ള അവകാശം തനിക്കുണ്ടെന്നും അന്ത്യോഖ്യാസിംഹാസനത്തിന്റെ മഹിമയ്ക്കും മലങ്കരസഭയുടെ സ്ഥിതിക്കും അന്തസിനും അനുയോജ്യമായ വിധത്തിലും സഭയുടെ നന്മയ്ക്കും ദൈവതിരുനാമമഹത്വത്തിനും ഇത് കാരണമായിത്തീരത്തക്കവിധത്തിലും എല്ലാവരുംകൂടി ആലോചിച്ച് ഒരു തീർച്ചയുണ്ടാക്കി നമ്മുടെ സഭയുടെ പ്രധാന ആസ്ഥാനമായ പഴയസെമിനാരിയിൽ കബറടക്കമാണ് വേണ്ടതെന്നും തന്റെ അഭിപ്രായമെന്നും തന്നെ ക്ഷണിക്കപോലും ചെയ്യാതെ താൻ സന്നിഹതനായിട്ടുള്ളതാണെന്നും (ഇവിടെ നിന്നും കമ്പികൾ അടിച്ച കൂട്ടത്തിൽ ഇദ്ദേഹത്തിന് കമ്പി അടിച്ചിട്ടില്ലായിരുന്നുവെന്നും മാർ പിലക്സിനോസ് എപ്പിസ്കോപ്പാ അവർകളുടെ കമ്പികിട്ടി വിവരമറിഞ്ഞാണ് ഇദ്ദേഹം വന്നുചേർന്നതെന്നുമാണറിയുന്നത്.) അതിനാൽ തന്റെ അഭിപ്രായത്തെ വകവയ്ക്കാൻ മനസ്സുണ്ടെങ്കിൽ വകവച്ചാൽ മതിയെന്നും തന്റെ അഭിപ്രായം പ്രസ്താവിച്ചു എന്നേയുള്ളുവെന്നും മെത്രാപ്പോലീത്ത അവർകൾ പ്രസ്താവിച്ചു. കൂടാതെ ഇതിന് മുമ്പ് നമുക്ക് ലഭിച്ച പല അവസരങ്ങളെ നാം നഷ്ടമാക്കി എന്നും ഒടുവിൽ ഇപ്പോൾ ലഭിച്ചിട്ടുള്ള ഒരവസരമാണിതെന്നും ഈ അവസരത്തിൽ എങ്കിലും വേണ്ടവിധത്തിൽ വേണ്ടപ്പെട്ടവരെല്ലാരുമായി ആലോചിച്ച് സംഗതികൾ നിർവ്വഹിക്കുന്നത് നന്നായിരിക്കുമെന്ന് തനിക്ക് അഭിപ്രായമുണ്ടെന്നുകൂടി അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി. വീണ്ടും ഇതിനെപ്പറ്റിയുള്ള ആലോചനകൾ കുറെ നേരത്തേയ്ക്ക് തുടർന്നുകൊണ്ടിരുന്നു. ഇതിനുശേഷം മാർ ദിവന്ന്യാസിയോസ് മെത്രാപ്പോലീത്ത വിശ്രമത്തിനായി അടുത്തുണ്ടായിരുന്ന കെട്ടിടത്തിലേയ്ക്ക് പോകുകയും അവിടെനിന്ന് മാക്കാംകുന്ന് സെമിനാരിയിലേയ്ക്ക് പോകുകയും ചെയ്തു. പിന്നീട് ആലോചനകൾ പൂർത്തിയാക്കിയ ശേഷം ബാവായുടെ ശരീരമെടുത്ത് പള്ളിയുടെ പടിഞ്ഞാറേ മുറ്റത്തുള്ള പന്തലിൽ ഇരുത്തുകയും കൈമുത്ത് തുടർന്നുകൊണ്ടിരിക്കുകയും ചെയ്തു. നാലു മണിയോടുകൂടി കബറടക്കത്തിനുള്ള ചടങ്ങുകൾ ആരംഭിക്കുകയും അവിടെ ഉണ്ടായിരുന്ന മെത്രാൻമാർ, പട്ടക്കാർ മുതലായവരുടെ സാന്നിധ്യത്തിൽ മൃതശരീരം കസേരമേൽ പട്ടക്കാരാദിയായവരാൽ വഹിക്കപ്പെട്ട് പോലീസുകാരുടെ ക്രമപരിപാലനത്തോടും ജനസമൂഹത്തിന്റെ സാന്നിധ്യത്തോടും കൂടി പള്ളിക്ക് പ്രദക്ഷിണം ചെയ്ത് പള്ളിയോടും മറ്റും 'യാത്രചോദിക്ക' മുതലായ ചടങ്ങുകൾ നിർവ്വഹിക്കപ്പെട്ട് പള്ളിയുടെ മദ്ബഹായിക്ക് വടക്കുവശം സ്വൽപം വടക്കോട്ടുമാറി പ്രത്യേകം തയ്യാറാക്കപ്പെട്ട കല്ലറയിൽ വച്ച് ബാക്കി ശുശ്രൂഷകൾ പൂർത്തിയാക്കി കബറടക്കകർമ്മം യഥാവിധി നിർവ്വഹിക്കപ്പെട്ടിരിക്കുന്നു.

ഗവൺമെന്റ് ഉത്തരവനുസരിച്ച് ഏകദേശം നാലുമണിയോടുകൂടി കൊല്ലം ദിവാൻ പേഷ്ക്കാർ, പോലീസ് കമ്മീഷണർ ചാർജ്ജ് വഹിക്കുന്ന മി.ബി.നാണുപിള്ള, ചെങ്ങന്നൂർ എ.എസ്.പി. മി. മേനോൻ, പത്തനംതിട്ട പോലീസ് ഇൻസ്പെക്ടർ മി.മാമ്മൻ, മജിസ്ട്രേറ്റ് മി. കോലപ്പാപിള്ള മുതലായവർ ഈ അവസരത്തിൽ സന്നിഹിതരായി അവശ്യം വേണ്ട സംഗതികൾ ചെയ്തിരുന്നു. ജനക്കൂട്ടം അപ്പോഴും വന്നുകൊണ്ടേയിരുന്നു. കബർ അടച്ചുകഴിഞ്ഞിട്ടില്ല. എല്ലാവരും പ്രത്യേകിച്ച് ശീമമെത്രാന്മാരും ദു:ഖനിമഗ്നനരായി ഇരിക്കുന്ന മാർ യൂലിയോസ് ആത്യന്തം ചിന്താമഗ്നനും പരാങ്മുഖനുമായി കഴിച്ചുകൂടുന്നു.

കടപ്പാട്. മലയാള മനോരമ 16.02.1932

## നന്ദി



**തോമസ് ദാനിയേൽ (റജി ചേപ്പാട്)**



**പി.വി. ജോസഫ് പൊന്നന്താനം**



**ബിജു കുര്യൻ മാത്യൂസ് കളമ്പുകാട്ട്**



**ഗ്ലീസൻ ബേബി സഖറിയ വെട്ടിക്കാട്ടിൽ, ആരക്കുന്നം**



**മനോജ് മാത്യു ആര്യാടൻപാക്കൽ**

മഹാ പരിശുദ്ധനായ പരി. ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ ഓർമ്മ പെരുന്നാളിനോടനുബന്ധിച്ച് വിശ്വാസസംരക്ഷകൻ പ്രസിദ്ധീകരിക്കുന്ന പ്രത്യേക പതിപ്പിന് എല്ലാ നിർദ്ദേശങ്ങളും സഹകരണവും നൽകിയ എല്ലവരോടുമുള്ള നന്ദി വിനപുരസ്കരം രേഖപ്പെടുത്തട്ടെ. ഈ സപ്ലിമെന്റിന് യാഥാർത്ഥ്യമാക്കുന്നതിന് നേതൃത്വം നൽകിയ വന്ദ്യ മൂലയിൽ കുര്യാക്കോസ് കോറെപ്പിസ്കോപ്പ, തോമസ് ദാനിയേൽ (റജി ചേപ്പാട്), പി.വി. ജോസഫ് പൊന്നന്താനം, ബിജു കുര്യൻ മാത്യൂസ് കളമ്പുകാട്ട്, ജോൺ ഫിലിപ്പ് കോട്ടപ്പറമ്പിൽ, ഗ്ലീസൻ ബേബി സഖറിയ വെട്ടിക്കാട്ടിൽ, മനോജ് മാത്യു ആര്യാടൻ പ്ലാക്കിൽ തുടങ്ങിയ എല്ലാവരോടുമുള്ള നന്ദി രേഖപ്പെടുത്തട്ടെ.

ബിബി എബ്രഹാം ചീഫ് എഡിറ്റർ

## മഞ്ഞനിക്കര ബാവായുടെ മദ്ധ്യസ്ഥത ഞങ്ങളുടെ ജീവിതത്തിൽ തന്ന അനുഗ്രഹം

1994ജനുവരിയിൽ വിവാഹിതരായ ഞങ്ങൾക്ക് 1996 വരെ കുട്ടികൾ ഇല്ലായിരുന്നു. വിദഗ്ദ ചികിത്സയ്ക്ക് വിധേയമായെങ്കിലും കുട്ടികൾ ഇല്ലാത്ത സാഹചര്യത്തിൽ 1996 ഫെബ്രുവരി മഞ്ഞനിക്കര തീർത്ഥയാത്രയിൽ ഞങ്ങൾ കുടുംബമായി ഈ ആവശ്യം അപേക്ഷിച്ച് വി. മോറാന്റെ മദ്ധ്യസ്ഥതയിൽ അഭയപ്പെട്ട് നടന്നു. അത്ഭുതമെന്ന് പറയട്ടെ, അടുത്ത വർഷം മഞ്ഞനിക്കര പെരുന്നാളിന്റെ അന്നുതന്നെ ഞങ്ങൾക്ക് ഒരു പുത്രി ജനിച്ചു. വി. മോറാന്റെ അപേക്ഷ ദൈവതിരുസന്നിധിയിൽ എത്തി ദൈവം ഞങ്ങളെ അനുഗ്രഹിച്ചതിനാൽ ദൈവമേ നിനക്ക് നന്ദി. വി. മഞ്ഞനിക്കര മോറാനേ ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമെ.

**ഷിനു ചെറിയാൻ മേട്ടിൻപുറത്ത്**

**നാലുന്നാക്കൽ, വാകത്താനം**

# മഞ്ഞനിക്കര തീർത്ഥാടക സേവക സംഘം അനുപമ ജംഗ്ഷൻ ഓമല്ലൂർ

മലയാളത്തിന്റെ ഭാഗ്യനക്ഷത്രമായ മഞ്ഞിനിക്കര കുന്നിൽ പരിലസിക്കുന്ന പരിശുദ്ധ മോറോൻ മോർ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ ബാവായുടെ 75-ാം ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് ഭാരതനാടിന്റെ നാനാഭാഗങ്ങളിൽനിന്നെത്തുന്ന തീർത്ഥാടകർക്ക് ഓമല്ലൂർ അനുപമ തീർത്ഥാടക സേവ കസംഘത്തിന്റെ ആഭിമുഖ്യത്തിൽ കഴിഞ്ഞ 20 വർഷങ്ങളായി ശ്രാദ്ധനേർച്ച സദ്യ നടന്നുവരുന്നു. ഓമല്ലൂർ സെന്റ് പീറ്റേഴ്സ് യാക്കോബായ പള്ളി ഓഡിറ്റോറിയത്തിൽ സെന്റ് പീറ്റേഴ്സ് യാക്കോബായ ഇടവകാംഗങ്ങളുടെ മുഖ്യനേതൃത്വത്തിലും നാനാജാതി മതസ്ഥരുടെ സഹായ സഹകരണത്തിലുമാണ് സദ്യ നടത്തപ്പെടുന്നത്. ഇതിന് തുടക്കം കുറിച്ചുകൊണ്ട് എല്ലാവർഷവും ഫെബ്രുവരി ഒന്നാം തീയതി പരിശുദ്ധ ബാവായുടെ കബറിൽ സൂക്ഷിക്കുന്ന ചെമ്പ് കബറിങ്കലെ പ്രാർത്ഥനയ്ക്ക് ശേഷം വിശ്വാസികളുടെ സമൂഹം കത്തിച്ച മെഴുകുതിരിയുമായി ഭക്തിപൂർവ്വം എഴുന്നെള്ളിച്ച് ഘോഷയാത്രയായി നേർച്ച കാഴ്ചകൾക്കായി അനുപമ തീർത്ഥാടക സേവകസംഘം ഓഫീസിൽ വയ്ക്കുന്നു. ബാവായുടെ അത്ഭുതങ്ങൾ നിറഞ്ഞ ഈ ചെമ്പിൽ നിന്നാണ് 12-ാം തീയതി എത്തിച്ചേരുന്ന വിശ്വാസ സമുഹത്തിന് നേർച്ചസദ്യ നൽകപ്പെടുന്നത്. പരിശുദ്ധ ബാവയുടെ നേർച്ച സദ്യ പാകം ചെയ്യുവാനുള്ള ദീപം അന്നേ ദിവസം വെളുപ്പിന് 4 മണിക്ക് വിശ്വാസികളുടെ സമൂഹം കബറിങ്കിലെ വിളക്കിൽനിന്നും കൊളുത്തിയ ദീപശിഖ ഘോഷയാത്രയായി സെന്റ് പീറ്റേഴ്സ് പള്ളി അങ്കണത്തിൽ എത്തിച്ചേരുന്നു. അവിടെ ഒരുക്കിയിരിക്കുന്ന ചെമ്പടുപ്പിൽ പ്രാർത്ഥനയ്ക്ക് ശേഷം തീ കൊളുത്തി കൊണ്ട് ശ്രാദ്ധസദ്യയ്ക്ക് ആരംഭം കുറിക്കുന്നു. ഈ ശ്രാദ്ധ സദ്യ രാവിലെ 10 മണിക്ക് തുടങ്ങി രാത്രി 10 മണിക്ക് അവസാനിക്കുന്നു.

## മലങ്കരയുടെ മാണിക്യം : മോറാൻ മോർ 16 – ാം പേജ് തുടർച്ച........

ശ്രമം ഒരടികൂടി മുന്നോട്ട് പ്രയാണം ചെയ്യുന്നതിന് സഹായിച്ചിട്ടുണ്ടെന്ന് പറയാം. തിരുമേനിയേയും അവിടുത്തെ കീഴിൽ സഭയിൽ പ്രധാന സ്ഥാനങ്ങൾ ഇപ്പോൾ വഹിക്കുന്ന സമർത്ഥൻമാരായ ചില റമ്പാന്മാരെയും ഇംഗ്ലീഷ് പഠിപ്പിക്കുന്നതിന് ശ്ശൂ. മർക്കോസിന്റെ ദയറായിൽ പതിവായി പൊയ്ക്കൊണ്ടിരിക്കുന്നതിനാൽ ഈ എഴുത്തുകാരനും തിരുമേനിയുമായി അടുത്ത് പരിചയിക്കുന്നതിന് ഇടയായിട്ടുണ്ട്.

### മൂസൽ

യേരുശലേമിൽ നിന്നും തിരുമേനി മൂസലിലേയ്ക്ക് യാത്രയായി. അവിടെ സുറിയാനിക്കാരുടെ ഒരു വലിയ സമൂഹമുണ്ട്. ആ പട്ടണത്തിലെ പ്രമാണികളും വിദ്യാഭ്യസ്തരും നഗരജീവിതത്തിൽ ഒരു പ്രധാനപ്പെട്ടവരും സുറിയാനിക്കാരായിരുന്നു. ഒരു കാലത്ത് അത് പാത്രിയർക്കീസിന്റെ വികാരിയുടെ സ്ഥാനമുള്ള മപ്രീയന്മാരുടെ ആസ്ഥാനമായിരുന്നു. ഇവിടെ മാർ ഇഗ്നാത്തിയോസ് ഏലിയാസ് താമസിച്ചുകൊണ്ട് ജനത്തിന്റെ ആത്മീകവും വിദ്യാഭ്യാസപരവുമായ അഭിവൃത്തിക്കായി പല ശ്രമങ്ങൾ ചെയ്തു. അദ്ദേഹത്തിന്റെ വലിയ ശ്രമങ്ങളിൽ ഒന്ന് സുറിയാനിസഭയിലെ ഒരു വലിയ സന്യാസിയുടെ നാമത്തോട് സംഘചിപ്പിച്ച് സ്ഥാപിച്ചിട്ടുള്ള പുരാതനമായ മാർ മത്തായിയുടെ ദയറായിൽ ക്രമീക്രതമായ ഒരു വൈദീക സെമിനാരി സ്ഥാപിച്ചു എന്നുള്ളതത്രെ.

1931 ൽ മാർ ഇഗ്നാത്തിയോസ് യാത്രയായി. അവിടുത്തെ യാക്കോബായ സഭയിലെ അഞ്ചുലക്ഷം ക്രിസ്ത്യാനികൾ നിർഭാഗ്യവശാൽ വളരെ വർഷങ്ങളായി പല കക്ഷികളായി പിരിഞ്ഞ് ഓരോ ദേശീയ കാര്യങ്ങളെ പറ്റി വഴക്കടിച്ചുകൊണ്ടിരിക്കുകയും ധനകാര്യ വിഷയങ്ങളിൽ അന്ത്യോഖ്യാ വിഷയങ്ങളിൽ നിന്ന് സ്വാതന്ത്ര്യം പ്രാപിക്കുവാൻ ആഗ്രഹിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. വൈസ്രോയി പദം ഒഴിവായ ഇർവിൻ പ്രഭു ഇന്ത്യൻ സഭയിൽ സമാധാനമുണ്ടായിക്കാണാൻ ആഗ്രഹിച്ചു. മലങ്കര സഭ സന്ദർശിക്കുന്നതിനും തർക്കങ്ങൾ നേരിട്ട് കേട്ടുതീർക്കുന്നതിനുമായി പാത്രിയർക്കീസിനെ ക്ഷണിച്ചു. വൈദ്യോപദേശങ്ങളെ അവഗണിച്ച് പാത്രിയർക്കീസ് ബാവ ഇന്ത്യയിലേയ്ക്ക് പുറപ്പെട്ടു. ന്യൂഡൽഹിയിൽ വെച്ച് വൈസ്രോയിയുടെ ആതിഥ്യം സ്വീകരിച്ചശേഷം തിരുമേനി സ്വജനത്തെ സന്ദർശിപ്പാനായി തെക്കേ ഇൻഡ്യയിലേയ്ക്ക് പോയി. അവിടെ നടന്ന ദീർഘാലോചനകളെപറ്റി ശരിയായ അറിവുകളൊന്നും ലഭിച്ചിട്ടില്ല.

### അന്ത്യഘട്ടം

നിർഭാഗ്യവശാൽ തൃപ്തികരമായ ഒരു തീരുമാനം ഉണ്ടാകുന്നതിന് മുൻപ് പാത്രിയർക്കീസ് ബാവ അഹിതകരമായ കാലാവസ്ഥയ്ക്ക് വിധേയനാകുകതന്നെ ചെയ്തു. തിരുമേനി ഫെബ്രുവരി മാസം ആദ്യത്തെ ആഴ്ചയിൽ തെക്കെ ഇന്ത്യൻ കോട്ടയത്ത് വച്ച് പെട്ടെന്ന് കാലം ചെയ്തു. ഫെബ്രുവരി 13 ന് ആയിരുന്നു കാലം ചെയ്തത് (വിദേശികൾക്ക് മലങ്കര മുഴുവൻ കോട്ടയമായിരിക്കും). ഞായറാഴ്ച യേരുശലേമിൽ ശ്ശൂ. മാർക്കോസിന്റെ ദയറായിൽ വച്ച് ഒരു നമസ്കാര ശുശ്രൂഷ നടത്തി. ആ ശുശ്രൂഷയിൽ എല്ലാ സമുദായത്തിലെയും പ്രതിനിധികളായി വൈദീകന്മാരും മഹാച്ഛക്തികളുടെ പ്രതിനിധികളും അവരുടെ പട്ടാളവും സംബന്ധിച്ചിരുന്നു. തിരുമനസ്സിലെ അപ്രതീക്ഷിതമായ ദേഹവിയോഗം വിദൂരമായ ഒരു സ്ഥലത്തുവച്ച് സംഭവിച്ചതുകൊണ്ട് സഭാകാര്യങ്ങളിൽ അൽപം വിഷമം നേരിട്ടിട്ടുണ്ട്. ഇനി ആദ്യം ചെയ്യുന്നത് മെത്രാൻമാർ കൂടി ഒരു കൈമാഖാമിനെ നിയമിക്കുമായിരിക്കും. അതിന്റെ ശേഷം അവർ ഒരു പുതിയ പാത്രിയർക്കീസിനെ വാഴിക്കും. സിംഹാസനം സിറിയയിലേയ്ക്ക് മാറ്റണമെന്നും ഹോംസിലെ മെത്രാനായ മാർ സേവേറിയോസ് ബർസൂമിനെ കൈമാഖമായി നിയമിക്കണമെന്നും ഒരു അഭിപ്രായമുണ്ട്.

പാത്രിയർക്കീസിന്റെ ആയുസ്സിന്റെ അവസാനത്തെ 10 വർഷങ്ങളെ വിദ്യാലയങ്ങളുടെ കാലഘട്ടമെന്ന് അദ്ദേഹത്തിന്റെ സ്വന്തം ജനത്തിലൊരാൾ പറയുന്നു. അയാൾ വിദ്യാഭ്യാസപരമായി അത്രമാത്രം പരിശ്രമങ്ങൾ തന്റെ ജനത്തിനുവേണ്ടി ചെയ്തിട്ടുണ്ട്. ക്രിസ്തീയ സമൂഹത്തിലെ ഒരു രാജകീയ മേൽപട്ടക്കാരനും അന്ത്യോഖ്യാ സിംഹാസനത്തിന്റെ അവകാശി എന്നനിലയിൽ ശ്ശൂ.പത്രോസിന്റെ പിൻഗാമിയായിരുന്ന കാലം ചെയ്ത പാത്രിയർക്കീസ് ഏറ്റവും വിനീതനും ജനാഭിപ്രായവാദിയും സ്വജനത്തിന്റെ ആത്മീയ ഉയർച്ചയിൽ ആകാംഷയുള്ളവനും വിഷമഘട്ടങ്ങളിൽ നമ്മുടെ കർത്താവിന്റെ ആട്ടിൻകൂട്ടത്തിന്റെ ഒരു വന്ദ്യ ഇടയനുമായിരുന്നു".

## പരിശുദ്ധ പിതാവ് മലങ്കരയിൽ എട്ടാം പേജ് തുടർച്ച....

സ്നേഹം, ഭക്തവാത്സല്യം, കറകളഞ്ഞ ദൈവഭക്തി എന്നിവയെല്ലാം അദ്ദേഹവുമായി അൽപസമയത്തേക്കെങ്കിലും പരിചയപ്പെടുവാൻ ഭാഗ്യം സിദ്ധിച്ച ഒരുവനെങ്ങനെ മറക്കാൻ കഴിയും? എതിരാളികളിൽ നിന്നുവരുന്ന ഏതുമാതിരി ഉപദ്രവവും ക്ഷമയോടെ സഹിച്ച് അവരോട് സ്നേഹവാത്സല്യപൂർവ്വം വർത്തിക്കുവാൻ തക്കവണ്ണം അദ്ദേഹത്തിനുണ്ടായിരുന്ന ഹൃദയവിശാലത ശത്രുക്കൾ പോലും സമ്മതിക്കുന്നതാണ്. പരി.പിതാവിന്റെ മുഖത്ത് നോക്കികൊണ്ട് അദേഹത്തിനെതിരായി അവിവേകം സംസാരിക്കുവാൻ ദൈവദത്തമായ ഹൃദയമുള്ള ഒരുമനുഷ്യനും സാധിക്കുന്നതല്ല. അത്രമാത്രം ദൈവവിലാസമായിരുന്നല്ലോ അവിടുത്തെ തിരുമുഖത്ത് കളിയാടിയിരുന്നത്. അവിടുന്ന് ഈ മലങ്കര സഭയിൽ പാദസ്പർശം ചെയ്ത നാൾ മുതൽ അവിടുത്തെ സന്തത സഹചാരികളായിരുന്ന ഞങ്ങൾക്ക് അദ്ദേഹത്തിൽനിന്ന് അനവധി ഗുണപാഠങ്ങൾ പഠിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കഷ്ടതയും ഞെരുക്കവും എന്നുവേണ്ട സകലവിധ ദുരിതങ്ങളും സഭയ്ക്കുവേണ്ടി സഹിക്കുവാനുള്ള ഒരു മന:സ്ഥിതി അദ്ദേഹത്തിൽ നിന്നും ഞങ്ങൾ പഠിച്ചുകഴിഞ്ഞിരുന്നു. നിങ്ങൾ അദ്ദേഹത്തിന്റെ മഹാ പരിശുദ്ധതയിലും മദ്ധ്യസ്ഥ പ്രാർത്ഥനയിലും പൂർണ്ണമായി വിശ്വസിക്കുവീൻ. ജഗന്നിയന്താവായ ദൈവം എല്ലാവരെയും അനുഗ്രഹിക്കട്ടെ.

കാലം ചെയ്ത ദിവസം പരി.പിതാവ് പതിവിൽ കൂടുതൽ സമയം പ്രാർത്ഥനയിലും ധ്യാനത്തിലും കഴിച്ചുകൂട്ടി. മറ്റിടവകകളിൽ നിന്ന് വന്നിരുന്ന വൈദീകരെയെല്ലാം അടുക്കൽ വിളിച്ച് "നിങ്ങളാരും ഇന്ന് പോകേണ്ട, ഒരഞ്ചുദിവസംകൂടി നിങ്ങൾ നമ്മോടൊന്നിച്ച് താമസിക്കണം" എന്ന് തിരുമേനി കരുണാപൂർവ്വം കൽപിച്ചരുളി ചെയ്തു എന്നുള്ളതും ഈ അവസരത്തിൽ ശ്രദ്ധേയമാണ്. അന്ന് വൈകുന്നേരം വി.പിതാവ് പള്ളിയുടെ വടക്കുവശത്ത് മെത്രാപ്പോലീത്തമാർക്ക് താമസിക്കാനായി ഉണ്ടാക്കിയിരുന്ന താൽക്കാലിക ഷെഡ്ഡിൽ യാദൃശ്ചികമായി വന്നിരുന്നു. മോർ യൂലിയോസ് തിരുമേനിയും മറ്റും വി. പിതാവിന്റെ ചുറ്റിനും നിന്നിരുന്നു. ഓരോ കാര്യങ്ങളെപ്പറ്റി അപ്പോൾ സംഭാഷണം ചെയ്ത കൂട്ടത്തിൽ മേൽപട്ടക്കാർക്കുവേണ്ടി നടത്തപ്പെടുന്ന അന്ത്യകൂദാശ സംബന്ധിച്ച് കേവലം അപ്രകൃതമെന്നപോലെ ബാവാ തിരുമനസ്സുകൊണ്ട് കൽപിച്ചു തുടങ്ങി. വി. പിതാക്കന്മാരാൽ ക്രമപ്പെടുത്തിയിരിക്കുന്ന ആ ശുശ്രൂഷാക്രമങ്ങളിൽ കുറെ ഭാഗം ബാവാതിരുമനസ്സുകൊണ്ടുതന്നെ ചൊല്ലി. അതിനെപ്പറ്റി മെത്രാപ്പോലീത്തന്മാരോട് ചിലതെല്ലാം ചോദിക്കുകയുണ്ടായി. അപ്പോൾ ആ സംഭവത്തിന് എന്തെങ്കിലും പ്രത്യേകതകൾ ഉള്ളതായി ആരും കരുതിയിരിക്കുവാനിടയായില്ല. എന്നാൽ ഇന്നാകട്ടെ ആ സംഭവം യശ:ശരീരനായ അദ്ദേഹത്തെ പിരിഞ്ഞ് ഇവിടെ ജീവിക്കുന്ന തൃപ്പാദഭക്തന്മാരുടെ ഹൃദയത്തെ എത്രകണ്ട് വികാരതരളിതമാക്കിതീർക്കുന്നു എന്ന് വിവരിക്കുവാൻ പ്രയാസം.

പാത്രിയർക്കീസ് ബാവ ശീമയിൽ നിന്ന് ഇങ്ങോട്ട് പോരുമ്പോൾ മൂന്ന് സഹദേന്മാരുടെ തിരുശേഷിപ്പുകൾ (പരിശുദ്ധന്മാരുടെ അസ്ഥികൾ) കൂടി കൊണ്ടുപോന്നിരുന്നു. അവയിൽ ഒന്ന് മോർ അത്താനാസ്യോസ് തിരുമേനിക്കും, ഒന്ന് മോർ ദിയസ്കോറസ് തിരുമേനിക്കും കൽപിച്ച് ദാനം ചെയ്ത് കഴിഞ്ഞിരുന്നു. ബാക്കി ഒരെണ്ണം ബാവാ തിരുമനസ്സിലെ കൈവശം ഉണ്ടായിരുന്നു.

സാധാരണയായി തിരുമനസുകൊണ്ട് ഏതെങ്കിലും പള്ളിയിലെഴുന്നെള്ളിയാൽ അവിടെ നിന്ന് നീങ്ങുന്ന ദിവസമോ അതിന്റെ തലേ ദിവസമോ ആണ് ആ പള്ളിയിലെ പട്ടക്കാർക്കും മറ്റും വൈദീകസ്ഥാനമോ സമ്മാനാദികളോ കൊടുക്കാറ് പതിവ്. ഇതിന് വ്യത്യാസമായിട്ടാണ് മഞ്ഞനിക്കരയിൽ പ്രവർത്തിച്ചത്. വി. പിതാവ് കാലം ചെയ്ത ദിവസമായ ശനിയാഴ്ച രാവിലെ മെത്രാപ്പോലീത്തൻമാരെയും റമ്പാന്മാരെയും അടുക്കൽ വിളിച്ച് 'നമ്മുടെ ഇങ്ങോട്ടുള്ള വരവിൽ ഇത്രയധികം പ്രയാസങ്ങളും ക്ലേശങ്ങളും സഹിച്ച ഈ വികാരിക്ക് (ഇലവിനാമണ്ണിലച്ചന്) നമ്മുടെ കൃതജ്ഞത സൂചകമായി എന്തോന്നാണ് കൊടുക്കേണ്ടതെന്ന്' "തിരുമനസ്സുകൊണ്ട് ചോദിച്ചു. അതൊക്കെ പോകാറാകുമ്പോൾ പോരായോ? എന്ന് ആരോ ഉടനെ സൂചിപ്പിച്ചു. അപ്പോൾ അങ്ങനെയല്ല, ആ കൃത്യം ഇപ്പോൾ തന്നെ നടക്കണമെന്ന് നമുക്ക് നിർബന്ധമുണ്ട്" എന്നാണ് വി. പിതാവ് കൽപിച്ചത്. കോറെപ്പിസ്കോപ്പ സ്ഥാനം, സ്വർണ്ണ സ്ലീബ എന്നിങ്ങനെ ഓരോ അഭിപ്രായങ്ങൾ പുറപ്പെടുവിച്ചു. ഇതെല്ലാം കേട്ടുക്ഴിഞ്ഞ ശേഷം ബാവ തിരുമനസ്സുകൊണ്ട് നമ്മുടെ അഭിപ്രായം ഈ വികാരിക്ക് "ശ്മശാനതിരുശേഷിപ്പുതന്നെ കൊടുക്കണമെന്നാണ്" എന്നു കൽപിച്ചു. അത്ഭുതം!

## മഞ്ഞനിക്കര – വിശുദ്ധിയുടെ.. 14 – ാം പേജ് തുടർച്ച

തിന് നിയേഗിച്ചു.

03-03-1977 ൽ മഞ്ഞനിക്കര ദയറാ പള്ളിയുടെ കിഴക്കുവശത്ത് ബെയ്റൂട്ട് ഭദ്രാസനത്തിന്റെ മോർ അത്തനാസിയോസ് അഫ്രേം പൗലോസ് മെത്രാപ്പോലീത്ത പുതിയ കെട്ടിടത്തിനുള്ള തറക്കല്ലിട്ടു. 13-02-1982 ൽ പരിശുദ്ധ പാത്രിയർക്കീസ് ഇഗ്നാത്തിയോസ് സഖാ ഒന്നാമൻ ബാവ മഞ്ഞനിക്കര സുവർണ്ണ ജൂബിലി പെരുന്നാളിൽ പുതിയ കെട്ടിടത്തിന്റെ ഉത്ഘാടനം നിർവ്വഹിച്ചു. 1983 മുതൽ ദയറാ ഭരണ കാര്യത്തിനായുള്ള കമ്മിറ്റിയുടെ സെക്രട്ടറി എന്ന നിലയിൽ വന്ദ്യ പുളിക്കപ്പറമ്പിൽ ജോസഫ് കോറെപ്പിസ്കോപ്പ നിയമിതിനായി. 1984 മുതൽ മോർ യൂലിയോസ് യാക്കോബ് മെത്രാപ്പോലീത്തായുടെ സഹായ മെത്രാപ്പോലീത്ത എന്ന നിലയിൽ മോർ ഒസ്താത്തിയോസ് ബെന്യാമിൻ ജോസഫ് തിരുമേനി മഞ്ഞനിക്കരയിൽ താമസിച്ച് ഭരണകാര്യങ്ങളിൽ സഹായിച്ച് വന്നു. 7-11-1989 ൽ മഞ്ഞനിക്കര ദയറായുടെ വടക്ക് കിഴക്ക് ഭാഗത്തായി പിൽഗ്രിം സെന്ററിന് കല്ലിട്ടു. 10-2-1996 ൽ കൂദാശ ചെയ്തു. 1992 മോർ യൂലിയോസ് യാക്കോബ് മെത്രാപ്പോലീത്ത കാലം ചെയ്തപ്പോൾ മോർ ഒസ്താത്തിയോസ് ബെന്യാമിൻ തിരുമേനി ദയറായുടെ തലവനായി നിയമിതനായി. 1998 ൽ Elias III Benevolent Society രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചു.

2000 –ാമാണ്ടിൽ അന്ത്യോഖ്യാ സിംഹാസനത്തിനുവേണ്ടി മോർ ഒസ്താത്തിയോസ് ബെന്യാമിൻ തിരുമേനിയുടെ പേർക്ക് 1 ഏക്കർ 16 സെന്റ് സ്ഥലം വാങ്ങുകയുണ്ടായി. 2004 ജൂണിൽ അഭിവന്ദ്യ ബന്യാമിൻ തിരുമേനി കാലം ചെയ്തതിനെത്തുടർന്ന് അഭിവന്ദ്യ മോർ യൂലിയോസ് കുര്യാക്കോസ് മെത്രാപ്പോലീത്ത തിരുമേനിയും അഭിവന്ദ്യ ദിവന്നാസിയോസ് ഗീവറുഗീസ് മെത്രാപ്പോലീത്ത തിരുമേനിയും ഭരണ ചുമതല നിർവ്വഹിക്കുന്നു. 2006 –ാമാണ്ടിൽ ദയറായ്ക്കുവേണ്ടി മോർ യൂലിയോസ് കുറിയാക്കോസ്, മോർ ദിവന്നാസിയോസ് ഗീവർഗീസ് എന്നിവരുടെ പേരിൽ അന്ത്യോഖ്യാ സിംഹാസനത്തിനുവേണ്ടി 55 സെന്റ് സ്ഥലം വാങ്ങുകയുണ്ടായി. ഇപ്പോഴത്തെ ദയറാ കമ്മിറ്റി വിശുദ്ധ മോറോന്റെ നാമത്തിലുള്ള ദയറായുടെയും പള്ളിയുടെയും സൗകര്യങ്ങളും തീർത്ഥാടകർക്കുള്ള ക്രമീകരണങ്ങളും വികസിപ്പിക്കുന്നതിന് ശ്രമിച്ചുവരുന്നു. ദയറാ കമ്മിറ്റിയുടെ സെക്രട്ടറിയായി ബാർ ഈത്തോ ശാറീശോ കമാൻഡർ ടി. യു.കുരുവിള പ്രവർത്തിക്കുന്നു.

## മഞ്ഞനിക്കര കാൽനട തീർത്ഥയാത്രാ സമൂഹം.... 6 – ാം പേജ് തുടർച്ച

തീർത്ഥയാത്ര മഞ്ഞനിക്കരയിൽ എത്തിച്ചേരുമ്പോൾ അതിന്റെ വാർഷികം മുൻകാലങ്ങളിൽ അവിടെ നടക്കുകയും ആദ്യകാലത്ത് പരി. യൂലിയോസ് ബാവായും ഡോ.പി.റ്റി. തോമസും പിന്നീട് അഭി. തിരുമേനിമാരും ഷെവ. റ്റി. പി. ഫിലിപ്പോസും തീർത്ഥാടകരെ അഭിസംബോധന ചെയ്യാറുണ്ടായിരുന്നു. മേഖലകൾ വളർന്നപ്പോൾ ചിട്ടയായും അച്ചടക്കത്തോടുംകൂടി വരുന്ന ഏറ്റവും നല്ല മേഖലയ്ക്ക് മോർ ഏലീയാസ് ട്രോഫി കൊടുക്കുകയും ചെയ്തുവന്നു. എന്നാൽ കാലക്രമത്തിൽ ഈ സമ്മേളനത്തിന് സമൂഹവുമായി യാതൊരു തരത്തിലും ബന്ധമില്ലാതാവുകയും മഞ്ഞനിക്കര ദയറായുടെ ഒരു പരിപാടിയായി പരിണമിക്കുകയും ചെയ്തിരിക്കുന്നു.

### മാനസക്ലേശ അഖണ്ഡ പരിഹാര പ്രാർത്ഥനാ യജ്ഞം

മഞ്ഞനിക്കരയിൽ ഒക്ടോബർ മാസം രണ്ടാം ശനിയാഴ്ച പ്രഭാതത്തിൽ വി. കുർബ്ബാനയോടുകൂടി ആരംഭിച്ച് ഞായറാഴ്ച പ്രഭാതത്തിൽ വി. കുർബ്ബാനയോടും പച്ചോർ നേർച്ചയോടുംകൂടി പര്യവസാനിക്കുന്നു. വി. കുർ ബ്ബാനയെത്തുടർന്ന് പരി. ബാവായുടെ മദ്ധ്യസ്ഥതയിൽ അഭയപ്പെട്ടുകൊണ്ടുള്ളതുമായ പ്രാർത്ഥനകളും അപേക്ഷകളും നടത്തുന്നു. ഇടയ്ക്കിടെ ധ്യാനപ്രസംഗങ്ങളും ഉണ്ടാകും. നാടിന്റെ നാനാഭാഗത്തുനിന്നും കടന്നുവരുന്ന ആയിരക്കണക്കിന് വിശ്വാസികൾ അന്നേദിവസം കുമ്പസാരിച്ച് വി. കുർബ്ബാന അനുഭവിച്ചാണ് മടങ്ങിപോകുന്നത്. രാത്രി 12 മണിക്ക് പാതിരാനമസ്കാരത്തെ തുടർന്ന് വിശ്വാസികളുടെ പ്രത്യേകമായ ആവശ്യങ്ങൾക്കു ള്ളതായ മദ്ധ്യസ്ഥ പ്രാർത്ഥനയും നടക്കുന്നു. ഈ സമയം പ്രാർത്ഥനാ യജ്ഞത്തിനായി കടന്നുവരുന്ന എല്ലാവരും കണ്ണുനീരോടുകൂടി ദൈവസന്നിധിയിൽ പേരുകൾ പറയുന്നവരെ സമർപ്പിച്ച് പരി.ബാവയുടെ മദ്ധ്യസ്ഥതയ്ക്കാ യി യാചിക്കുന്നു. ഈ പ്രാർത്ഥനാ യജ്ഞത്തിൽ സംബന്ധിക്കുന്നവർക്ക് ആവശ്യമായ ഭക്ഷണപദാർത്ഥങ്ങൾ അവിടെത്തന്നെ പാകം ചെയ്ത് നൽകുകയും ചെയ്യുന്നു. അഖില മലങ്കര മഞ്ഞനിക്കര തീർത്ഥാടകസമൂഹത്തിന്റെ ചുമതലയിൽ നടത്തപ്പെടുന്ന ഈ മാനസക്ലേശ പരിഹാര പ്രാർത്ഥനാ യജ്ഞം 27 വർഷങ്ങൾ ഇപ്പോൾ പിന്നിട്ടിരിക്കുന്നു.

# മോർ സ്തേഫാനോസ് യാക്കോബായ സുറിയാനി പള്ളി മഞ്ഞനിക്കര

## മലങ്കരയുടെ മഹാപരിശുദ്ധനായ ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ ശ്ലൈഹീക സന്ദർശനവും ഓമല്ലൂർ, മഞ്ഞനിക്കരയിലേയ്ക്കുള്ള സ്വീകരണവും

**രാജൻ ജോർജ് സെക്രട്ടറി**



രണ്ട് ദശാബ്ദങ്ങളായി മലങ്കര സുറിയാനി സഭയിൽ നിലനിന്നിരുന്ന കലഹങ്ങളും വ്യവഹാരങ്ങളുമൂലം സഭയ്ക്കുണ്ടായ അധ:പതനം അന്നത്തെ ഇൻഡ്യ വൈസ്രോയിയായിരുന്ന ഇർവിൻ പ്രഭുവിന്റെ ശ്രദ്ധയിൽ പെടുകയും അതിനൊരു പരിഹാരമുണ്ടാക്കണമെന്ന് അദ്ദേഹം ആഗ്രഹിക്കുകയും ചെയ്തു. സഭയിൽ ശ്വാശത സമാധാനം സ്ഥാപിക്കുന്നതിന് അന്ത്യോഖ്യാ പാത്രിയർക്കീസ് മോറാൻ മോർ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ ബാവയെ ഇൻഡ്യയിലേയ്ക്ക് ക്ഷണിച്ചു.

സഭാ സമാധാനത്തിനുവേണ്ടി എന്തുത്യാഗവും സഹിക്കാൻ സന്നദ്ധനായിരുന്ന ബാവ തിരുമേനി ക്ഷണം സ്വീകരിച്ച് ഇൻഡ്യാ ഗവൺമെന്റിന്റെ അതിഥിയായി 1931 മാർച്ച് ഒന്നിന് ഡൽഹിയിലെത്തി. വൈസ്രോയി ഇർവിൻ പ്രഭുവിനെ സന്ദർശിച്ചശേഷം തീവണ്ടി മാർഗ്ഗം മദ്രാസിലെത്തി. അവിടെ ഒരാഴ്ച താമസിച്ചതിനുശേഷം ബാവ തിരുമേനിയും സംഘവും 1931 മീനം 8 ന് മലങ്കരസന്ദർശനത്തിന്റെ ഭാഗമായി ആലുവായിലെത്തി. മലങ്കരയുടെ പൗലോസ് മോർ അത്തനാസ്യോസ്, മീഖായേൽ മോർ ദിവന്നാസിയോസ് തുടങ്ങിയ തിരുമേനിമാരും അസംഖ്യം വൈദീകരും ജനലക്ഷങ്ങളും ചേർന്ന് പരി. ബാവായെ രാജോചിതമായി സ്വീകരിച്ചു. പരി. സിംഹാസനത്തോട് മറുതലിച്ചു നിന്നിരുന്ന വട്ടശേരിൽ മാർ ദിവന്നാസ്യോസ് പരി. ബാവായെ സന്ദർശിക്കുകയും സമാധാനം സ്ഥാപിക്കുന്നതിന് സഹായകമാക്കുമാറ് പരി. ബാവ അദ്ദേഹത്തിന്റെ മുടക്ക് തീർത്ത് കൽപന കൊടുക്കുകയും ചെയ്തു. തുടർന്ന് പരി. ബാവ തിരുമേനി മലങ്കരയിലെ പ്രസിദ്ധ ദേവാലയങ്ങളായ ദേവാലയങ്ങളായ കരിങ്ങാച്ചിറ, കുറുപ്പുംപടി തുടങ്ങിയ പള്ളികൾ സന്ദർശിക്കുകയും തിരുവിതാംകൂറിലേയും കൊച്ചിയിലേയും ഭരണാധികാരികളുമായി സംഭാഷണം നടത്തുകയും ചെയ്തു. ഈ സമയത്ത് പല സന്ധിയാലോചനകളുമുണ്ടായെങ്കിലും മെത്രാൻകക്ഷിയുടെ പിടിവാശിമൂലം അവയൊന്നും ഫലപ്രാപ്തിയിലെത്തിയില്ല. സമാധാനപ്രിയനും വിശാലഹൃദയനുമായിരുന്ന പരി. ബാവാ തിരുമേനി നിരാശനായി ശീമയിലേയ്ക്ക് തിരിച്ച് പോകാനാരംഭിച്ചു. തിരിച്ച് പോകുന്നതിന് മുമ്പായി കോതമംഗലം, പുത്തൻകുരിശ്, ക്നാനായ ഭദ്രാസനത്തിൽപെട്ട ചിങ്ങവനം, നീലംപേരൂർ തുടങ്ങിയ പള്ളികൾ സസന്ദർശിച്ചു. ദീർഘമായ യാത്രയ്ക്ക് ശേഷം പാണംപടി പള്ളിയിലെത്തി ഒരുയോഗം വിളിച്ചുകൂട്ടി ഒരു വിടവാങ്ങൽ പ്രസംഗം നടത്തി.



വന്ദ്യ ദിവ്യ ശ്രീ സ്കറിയ മൽപാനച്ചൻ

ഈ പ്രസംഗത്തിന് ശേഷമാ ണ് മഞ്ഞനിക്കര പള്ളി വികാരി ഇ.എസ്.കുറിയാക്കോസ് കത്തനാർ പരി.പിതാവിനോടും പരി. സിംഹാസനത്തോടും ഭക്തിബഹുമാനാദരങ്ങളോട് കൂടിയിരിക്കുന്ന അടിയങ്ങളുടെ പള്ളിയിലേയ്ക്ക് എഴുന്നെള്ളി ആശിർവദിക്കണമെന്ന് അപേക്ഷിച്ചത്.

നിരാശയും ശാരീരിക ക്ഷീണവും ബാധിച്ചിരുന്ന പരി. പിതാവ് 'എന്റെ അസ്ഥി കൂടി നിങ്ങൾക്ക് വേണമോ' എന്ന് ചോദിച്ചു.

1932 മകരം 29-ാം തീയതി പരി. പിതാവ് ഏറ്റവും ചെറുതും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതുമായ മഞ്ഞനിക്കരയിലെ മോർ സ്തേഫാനോസ് പള്ളിയിലേയ്ക്ക് എഴുന്നെള്ളി. ബാവയുടെ സന്ദർശനം പ്രമാണിച്ച് വലിയ ഒരുക്കങ്ങൾ ചെയ്യേണ്ടിയിരുന്നു.

കാർ കടന്നുപോകത്തക്കവണ്ണം റോഡു വെട്ടി, ബാവ തിരുമേനിക്കും സംഘത്തിനും താമസിക്കുന്നതിനുള്ള മുറികൾ, കുളിമുറികൾ തുടങ്ങിയവ യുദ്ധകാലാടിസ്ഥാനത്തിൽ പണിതീർത്തു. ഇടവക ജനങ്ങളും സമീപപ്രദേശങ്ങളിലുള്ള വിശ്വസികളും



ഏലിയാസ് മോർ യൂലിയോസ് ബാവ



യാക്കോബ് മോർ യൂലിയോസ് മെത്രാപ്പോലീത്ത




കുറിയാക്കോസ് മോർ കൂറിലോസ് മെത്രാപ്പോലീത്ത




ബന്യാമിൻ മോർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത

നാനാജാതി മതസ്ഥരായ ആളുകളും ബഹു. കുറിയാക്കോസച്ചന്റെ നേതൃത്വത്തിൽ പരി. ബാവായുടെ എഴുന്നെള്ളത്ത് രാജകീയമാക്കുന്നതിന് രാപകലന്യേ യത്നിച്ചു.

1932 ഫെബ്രുവരി 11-ാം തീയതി വ്യാഴാഴ്ച വൈകിട്ട് കൈപ്പട്ടൂരിലെത്തിയ ബാവ തിരുമേനിക്ക് മഞ്ഞനിക്കര പള്ളിയുടെയും സമീപ ഇടവകകളുടെയും സംയുക്താഭിമുഖ്യത്തിൽ ദേശം അന്നുവരെ ദർശിച്ചിട്ടില്ലാത്ത വിധം അതിഗംഭീരവും രാജകീയവുമായ വരവേൽപ്പ് നൽകി. കൈപ്പട്ടൂർ മുതൽ മഞ്ഞനിക്കര വരെ സുറിയാനി ക്രിസ്ത്യാനികളുടെ പരമ്പരാഗത ആചാരമനുസരിച്ചുള്ള വമ്പിച്ച ഘോഷയാത്രയായി അദ്ദേഹത്തെ എതിരേറ്റു. റോഡിന്റെ ഇരുവശങ്ങളിലും വെള്ള വിരിച്ചും നിലവിളക്ക് കൊളുത്തിയും അലങ്കരിച്ചിരുന്ന കടകളും സ്ഥാപനങ്ങളുമെല്ലാം കൊടി തോരണങ്ങളാൽ അലംകൃതമായിരുന്നു. ക്രൈസ്തവ പ്രമാണിമാരും നാനാജാതി മതസ്ഥരുമടക്കം പതിനായിരങ്ങൾ ഘോഷയാത്രയിലും തുടർന്ന് മഞ്ഞനിക്കര പള്ളിയങ്കണത്തിൽ നടത്തപ്പെട്ട സ്വീകരണയോഗത്തിലും പങ്കെടുത്തു. പ്രസ്തുത എഴുന്നെള്ളത്ത് ഒരു ചരിത്രസംഭവം തന്നെയായിരുന്നു.



റവ. ഇ.എസ്. കുറിയാക്കോസ് കശീശ്ശ



വന്ദ്യ ഇ.ഒ. തോമസ് കോറെപ്പിസ്കോപ്പ

മഞ്ഞനിക്കര പ്രദേശത്തിന് ചുറ്റുമുള്ള മനോഹരങ്ങളായ മലകളും താഴ്വരകളും നെൽപ്പാടങ്ങളും സദാ വീശിക്കൊണ്ടിരിക്കുന്ന കുളിർകാറ്റും പരി. പിതാവിനെ വളരെ ആകർഷിച്ചു. പരി. പിതാവ് സന്തുഷ്ട മാനസനായി വികാരി കുറിയാക്കോസ് അച്ചനോട് ഇങ്ങനെ കൽപിച്ചു. "കശീശ്ശായ്ക്ക് നാം ഇവിടെ 6 ദിവസം താമസിച്ചാൽ പോരായെന്നുണ്ടല്ലേ? എങ്കിൽ നാം 6 മാസം താമസിക്കാം. അതിനായി നീ ഒരുങ്ങി കൊൾക". എന്നാൽ 6 ദിവസത്തെ പ്രോഗ്രാമേ തയ്യാറാക്കിയിരുന്നുള്ളു. ഇതിൽ അച്ചന് വല്ല സന്തോഷക്കുറ വുമുണ്ടായിരിക്കുമെന്ന് കരുതി, പരി. പിതാവ് ഇങ്ങനെ കൽപിക്കുന്നതെന്നല്ലാതെ ഇത് കേട്ടപ്പോൾ അച്ചൻ മറ്റൊന്നും ചിന്തിച്ചില്ല. എന്നാൽ ഇത് പരി. പിതാവിന്റെ ഇവിടുത്തെ നിത്യവിശ്രമത്തെ ധ്വനിപ്പിക്കുന്ന ഒരു പ്രവചനം തന്നെയായിരുന്നു.



അടുത്തദിവസം വെള്ളിയാഴ്ച ബാവ തിരുമേനി പള്ളിപറമ്പിൽ ഉലാത്തുമ്പോൾ കുറിയാക്കോസ് അച്ചനോട് ഇപ്രകാരം കൽപിച്ചു. ഇവിടുത്തെ താമസം നമുക്ക് വളരെ സുഖമായി തോന്നുന്നു. ഇവിടെ സ്ഥിരമായി താമസിച്ചാൽ കൊള്ളാമെന്ന് നാം ആഗ്രഹിക്കുന്നു. ഇതുകേട്ട വികാരിയച്ചൻ തിരുമനസ്സിലെ സാന്നിധ്യം ഞങ്ങൾക്കെപ്പോഴും സന്തോഷപ്രദമാണ്. എന്നാൽ പള്ളി തുലോം ചെറുതാണല്ലോ എന്നൊരു വ്യസനമേയുള്ളൂ എന്നുണർത്തിച്ചു. "അതിനെക്കുറിച്ച് നിങ്ങൾ വ്യസനിക്കേണ്ട ഈ പള്ളി വലുതാകും" എന്ന് പരി. പിതാവ് അരുളിചെയ്തു. അന്നുതന്നെ പിതാവ് തിരുമേനിമാരെ എല്ലാവരെയും വിളിച്ച് ഇങ്ങനെ കൽപിച്ചു. "നാം നിങ്ങളോട് ഒരു കാര്യം പറയണമെന്നാഗ്രഹിക്കുന്നു. ശത്രുക്കളുടെ മദ്ധ്യേ ബുദ്ധിമുട്ടനുഭവിക്കുന്ന ഈ ചെറിയപള്ളിക്കാരെയും ഇവിടുത്തെ വികാരിയച്ചനെയും ദൈവം കൂടുതലായി അനുഗ്രഹിക്കുന്നതിനും മരിച്ചുപോയ വിശുദ്ധ പിതാക്കന്മാരുടെ മദ്ധ്യസ്ഥപ്രാർത്ഥന എപ്പോഴും അവർക്കുണ്ടായിരിക്കുന്നതിനും മറ്റുമായി പരിശുദ്ധന്റെ അസ്ഥി ഈ പള്ളിയിൽ സ്ഥാപിക്കണമെന്നാണ് നമ്മുടെ ആഗ്രഹം. ഇപ്രകാരം കൽപിച്ച പരി. പിതാവ് ശനിയാഴ്ച അപ്രതീക്ഷമായി കാലം ചെയ്യുകയും ഞായറാഴ്ച പരിശുദ്ധന്റെ അസ്ഥി ഇവിടെ സ്ഥാപിക്കപ്പെടുകയുമുണ്ടായി.

**പുണ്യവാനായ ബാവായെ സ്വീകരിച്ച് കൊണ്ടുവന്ന അൽമായ പ്രമുഖർ**



കെ.പി. എബ്രഹാം കൊച്ചുവീട്ടിൽ



കെ. ഇ. ദാനിയേൽ കാരാവള്ളിൽ

ഫെബ്രുവരി 13-ാം തീയതി രാവിലെ മോർ ക്ലിമീസ് വി. കുർബ്ബാന അർപ്പിച്ചു. പരിശുദ്ധ പിതാവ് ആദ്യന്തം തിരുബലിയർപ്പണത്തിൽ സംബന്ധിച്ചു. അതിനുശേഷം അവിടെ കൂടിയ ജനസഹസ്രങ്ങളെ സംബോധന ചെയ്തുകൊണ്ട് തന്റെ അന്ത്യദൂതറിയിച്ചു. 10 മണിയോടുകൂടി മെത്രാൻ കക്ഷിയിലെ ഏതാനും വൈദീകർ തിരുമേനിയുടെ അടുത്തു വന്ന് സമാധാനത്തെക്കുറിച്ച് ദീർഘമായി സംസാരിച്ചു. പരി ബാവ തിരുമേനി അവരോട് ക്രൈസ്തവ തത്വങ്ങൾക്കും പാരമ്പര്യങ്ങൾക്കും നിരക്കാത്ത വട്ടശേരിൽ മെത്രാന്റെ നൂതന വാദമുഖങ്ങൾ മൂലമാണ് തന്റെ സമാധാന ശ്രമങ്ങൾ ഫലിക്കാതിരുന്നതെന്ന് വിശദീകരിച്ചു.

ഉച്ചയ്ക്ക് ശേഷം പരി. പിതാവ് തുടർച്ചയായി എഴുതികൊണ്ടിരുന്ന സഭാനാളാഗമ പുസ്തകം എടുത്ത് എഴുതാനാരംഭിച്ചു. തിരുമനസ്സിലെ ആജ്ഞ അനുസരിച്ച് പ്രൈവറ്റ് സെക്രട്ടറി ശീമയിലേയ്ക്ക് ഒരു കൽപന എഴുതിക്കൊണ്ടിരുന്നു. ഡയറി എഴുതിക്കൊണ്ടിരിക്കുന്നതിനിടയിൽ പരി. പിതാവ് ഏതാനും നിമിഷം ധ്യാനനിമഗ്നനായിരുന്നു. പിന്നീട് എഴുന്നേറ്റ് എനിക്ക് തല ചുറ്റുന്നു എന്നു പറഞ്ഞു മുറിയിൽ മന്ദം നടക്കുവാൻ തുടങ്ങി. റമ്പാന്മാർ അടുത്തുചെന്നപ്പോൾ പരി. പിതാവ് വീഴാൻ തുടങ്ങുകയായിരുന്നു. ഉടനെ എല്ലാവരും കൂടി താങ്ങി കിടക്കയിൽ കിടത്തി. അപ്പോൾ സമയം രണ്ടരമണിയായിരുന്നു. മെത്രാന്മാരായ മോർ ക്ലിമീസ്, മോർ മിഖായേൽ ദിവന്നാസ്യോസ്, മോർ കൂറിലോസ് എന്നിവരും വന്ദ്യ റമ്പാന്മാരും നിരവധി പട്ടക്കാരും പരി.പിതാവിന്റെ ശയ്യക്കടുത്തുണ്ടായിരുന്നു. മോർ മിഖായേൽ ദിവന്ന്യാസോസ് തിരുമേനി വേണ്ട ശുശ്രൂഷകൾ ധൃതിയിൽ നിർവ്വഹിച്ചു. ഏതാനും നിമിഷങ്ങൾക്കകം മഹാപരിശുദ്ധനായ ബാവായുടെ ശരീരം തണുത്തു തുടങ്ങി. യാഥാർത്ഥ്യം അംഗീകരിക്കുവാൻ എല്ലാവർക്കും ബുദ്ധിമുട്ടുണ്ടായി. അന്ത്യോഖ്യയുടെയും കിഴക്കൊക്കയുടെയും ശ്ലീഹായ്ക്കടുത്ത സിഹാസനത്തിൽ ഭാഗ്യമോടെ വാണരുളിയ പരി.ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവ ദൈവത്തിന്റെ സന്നിധിയിലേയ്ക്ക് വിളിക്കപ്പെട്ടു. പിതാക്കന്മാരുടെ നിരയിൽ ചേർക്കപ്പെട്ടു.

പരി. ബാവായുടെ ഭൗതീക ശരീരം സ്ഥാന വസ്ത്രങ്ങളണിയിച്ച് ജനങ്ങൾക്ക് ആദരാജ്ഞലികൾ അർപ്പിക്കുന്നതിനായി മഞ്ഞനിക്കര മോർ സ്തേഫാനോസ് പള്ളിയുടെ മദ്ബഹായിൽ കസേരയിലിരുത്തി. വാർത്ത കാട്ടുതീ പോലെ പടർന്നു. ജനസഹസ്രങ്ങൾ മഞ്ഞനിക്കരയിലേയ്ക്ക് പ്രവഹിച്ചു. മഞ്ഞനിക്കര കുന്ന് ഒരു വിലാപ കേന്ദ്രമായി മാറി.

എല്ലാ മെത്രാപ്പോലീത്ത തിരുമേനിമാരും സമുദായ പ്രമാണികളും ഗവൺമെന്റ് അധികാരികളും എത്തിച്ചേർന്നു. കബറടക്കം എവിടെ നടത്തണമെന്നതിനെപ്പറ്റി അഭിപ്രായ വ്യത്യാസങ്ങൾ ഉയർന്നു. കബറടക്കം കോട്ടയം പഴയസെമിനാരിയിലായിരിക്കണമെന്ന് വട്ടശേരിൽ മോർ ദിവന്നാസിയോസ് അഭിപ്രായമുന്നയിച്ചു. മറ്റുപല പള്ളിക്കാരും തങ്ങളുടെ പള്ളിയിലായിരിക്കണമെന്ന് ആവശ്യപ്പെട്ടു.

എന്നാൽ മോർ സ്തേഫാനോസ് പള്ളി വികാരി കുറിയാക്കോസ് അച്ചനും ഇടവക ജനങ്ങളും നാട്ടുകാരുമായ നാനാജാതി മതസ്ഥരും ബാവ തിരുമേനി അവസാനമായി

ശേഷം 20-ാം പേജിൽ

*Best Compliments.....*







**Members of Internet community of SOCMNet.org**
**(Malankara Jacobite's portal)**
**http://socmnet.org.**

**പരി. ദൈവമാതാവിന്റെയും, വി. ഗീവർഗീസ് സഹദായുടെയും, വി. കുറിയാക്കോസ് സഹദായുടെയും, മഹാ പരിശുദ്ധനായ ഏലിയാസ് തൃതീയൻ ബാവായുടെയും, പരുമല പരി. കൊച്ചുതിരുമേനിയുടെയും, പരി. യെൽദോ മോർ ബസേലിയോസ് ബാവായുടെയും മദ്ധ്യസ്ഥതയിൽ ലഭിച്ച എല്ലാ നന്മകൾക്കുമായി നന്ദി പുരസ്കരം കൂപ്പുകൈകളോടെ സ്നേഹ സ്മരണകൾ**

**ഒരു വിശ്വാസി**

## മലങ്കരയുടെ മഹാപരിശുദ്ധനായ ഏലിയാസ് തൃതീയൻ 19-ാം പേജ് തുടർച്ച

താമസിക്കുകയും വി. കുർബ്ബാനയിൽ സംബന്ധിക്കുകയും സ്ഥിരമായി താമസിക്കുവാൻ ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്ത മഞ്ഞനിക്കര മോർ സ്തേഫാനോസ് പള്ളി തന്നെ ബാവായുടെ അന്ത്യ വിശ്രമസ്ഥാനമായിരിക്കണമെന്ന അഭിപ്രായത്തിൽ ഒറ്റക്കെട്ടായി ഉറച്ചുനിന്നു. ഇടവക മെത്രാപ്പോലീത്ത അഭിവന്ദ്യ മീഖായേൽ മോർ ദിവന്നാസിയോസ് അതിനെ ശക്തമായി പിന്താങ്ങി. തന്മൂലം കബറടക്കം ഇവിടെത്തന്നെ നടത്തുവാൻ തീരുമാനമായി. പരി. ബാവായുടെ കബറിനും അതിനോട് ചേർന്ന ദേവാലയത്തിനും വേണ്ട സ്ഥലം ദാനമായി നൽകാമെന്ന് ബഹുമാനപ്പെട്ട കുറിയാക്കോസ് അച്ചൻ വ്യക്തമാക്കി.

അടുത്തദിവസം കബറടക്കം നടത്താനുള്ള ഒരുക്കങ്ങൾ അപ്പോൾ തന്നെ തുടങ്ങി. കബർ മണിക്കൂറുകൾക്കകം തയ്യാറായി. ഞായറാഴ്ച ഉച്ചകഴിഞ്ഞ് മഞ്ഞനിക്കരയിൽ ബാവയുടെ കബറടക്കം നടന്നു. സന്നിഹിതരായിരുന്ന ജനകോടികൾ കണ്ണീർ വാർത്തു. മെത്രാപ്പോലീത്തന്മാർ ദു:ഖത്താൽ വിവശരായി. ബാവയുടെ സഹോദരപുത്രനായ സഖറിയ ഷബീർ മാറത്തടിച്ച് പെട്ടിക്കരഞ്ഞു. തലേദിവസം തങ്ങളെ പഠിപ്പിച്ച ശവസംസ്കാരക്രമം വിതുമ്പുന്ന അധരങ്ങളാൽ പുരോഹിതർ ഏറ്റുചൊല്ലി. മലങ്കരസഭയുടെ ദു:ഖത്തിൽ പ്രകൃതിയും പങ്കുചേരുന്നതുപോലെ സൂര്യൻ തന്റെ കിരണങ്ങളെ ഒതുക്കി. ഭൗതീക ദേഹം കബറിനുള്ളിൽ വച്ചപ്പോൾ സ്വർഗ്ഗീയ സൈന്യങ്ങളും കരയുന്നതുപോലെ ഏതാനും സമയം ചാറ്റൽ മഴ പെയ്തു. 6 മണിയോടുകൂടി ശുശ്രൂഷകൾ അവസാനിച്ചു.

ബാവ തിരുമേനിയുടെ ഗുണഗണങ്ങളെ പ്രകീർത്തിച്ചും മലങ്കര സഭയ്ക്ക് നേരിട്ട ദുരന്തത്തെ പരാമർശിച്ചും അഭിവന്ദ്യ മിഖായേൽ മോർ ദിവന്നാസിയോസ് തിരുമേനി നടത്തിയ പ്രസംഗം ഹൃദയസ്പർശി ആയിരുന്നു.

പരി. ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ ദേഹവിയോഗം ദു:ഖകരമായിരുന്നുവെങ്കിലും ഇതുമൂലം മലങ്കര മക്കൾക്ക് ഒരു അമൂല്യ നിധിയാണ് ലഭിച്ചത്. അനുഗ്രഹങ്ങളുടെ ഉറവിടമായ കബറിടം അനേകായിരങ്ങൾക്ക് അഭയകേന്ദ്രമായിരിക്കുന്നു. തെക്കൻ ഭദ്രാസനങ്ങളിൽ അന്ത്യോഖ്യാ വിശ്വാസികൾ ന്യൂനപക്ഷമാണെങ്കിലും ഇന്നുള്ള സത്യവിശ്വാസികളും അവരുടെ പള്ളികളും വി. സിംഹാസനത്തിൻ കീഴിൽ ഉറച്ചുനിൽക്കുവാൻ പ്രേരകമായത് ഈ വി. കബറിടമാണ്. മലങ്കര സഭയ്ക്ക് മൊത്തമായി സത്യവിശ്വാസത്തിന്റെ ഉറച്ച കോട്ടയും ആന്ത്യോഖ്യാ മലങ്കര ബന്ധത്തിന്റെ ഉറപ്പുള്ള കണ്ണിയുമായി വി. കബറിടം ശോഭിക്കുന്നു. ഇതിനെല്ലാം മുഖാന്തരമായത് മോർ സ്തേഫാനോസ് പള്ളിയാണെന്നുള്ള വസ്തുത ഒരിക്കലും വിസ്മരിക്കുവാൻ സാദ്ധ്യമല്ല.

പരി. ബാവായുടെ അടിയന്തരം മോർ സ്തേഫാനോസ് പള്ളിയുടെ ചുമതലയിൽ അഖില മലങ്കര അടിസ്ഥാനത്തിൽ ആഘോഷിക്കപ്പെട്ടു. വി. കബറും അതിനോട് ചേർന്ന ദേവാലയത്തിനുമുള്ള സ്ഥലം ഇലവിനാമണ്ണിൽ കുറിയാക്കോസ് അച്ചനും സഹോദരന്മാരായ സൈമണും ജേക്കബും കൂടി 1932 ഫെബ്രുവരി 28-ാം തീയതി അന്ത്യോഖ്യാ സിംഹാസനത്തിനുവേണ്ടി അന്ത്യോഖ്യ പ്രതിനിധി യൂലിയോസ് ബാവയുടെ പേർക്ക് പ്രമാണം എഴുതി രജിസ്റ്റർ ചെയ്ത് യൂലിയോസ് ബാവയ്ക്ക് നൽകി.

പരി. ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവയുടെ ഓർമ്മപെരുന്നാൾ ഫെബ്രുവരി 12, 13 തീയതികളിൽ ഭക്ത്യാദരപൂർവ്വം ആഘോഷിക്കുന്നു. ആദ്യകാലങ്ങളിൽ മോർ സ്തേഫാനോസ് പള്ളിയുടെ ചുമതലയിലായിരുന്നു പ്രസ്തുത പെരുന്നാൾ ആഘോഷിച്ചിരുന്നത്. ഇപ്പോൾ സ്തേഫാനോസ് പള്ളിയുടെയും മോർ ഇഗ്നാത്തിയോസ് ദയറായുടെയും സംയുക്താഭിമുഖ്യത്തിൽ പെരുന്നാൾ കൊണ്ടാടപ്പെടുന്നു. മലങ്കരയുടെ നാനാഭാഗങ്ങളിൽ നിന്നും കാൽനടയായും മറ്റും സഞ്ചരിച്ച് പരി. മോറോന്റെ കബറിങ്കൽ അഭയം തേടിയെത്തുന്ന പതിനായിരങ്ങൾക്ക് മോർ സ്തേഫാനോസ് പള്ളിയുടെയും മോർ ഇഗ്നാത്തിയോസ് ദയറായുടെയും ഓമല്ലൂർ പൗരാവലിയുടെയും സംയുക്താഭിമുഖ്യത്തിൽ അതിഗംഭീരമായ സ്വീകരണം നൽകുന്നു. തുടർന്ന് ഭക്തി പ്രഹർഷത്തിലാവേശം പൂണ്ട് മഞ്ഞനിക്കര കുന്നിലേയ്ക്ക് പ്രയാണം ചെയ്യുന്ന ജനലക്ഷങ്ങൾ പരി. പിതാവ് എഴുന്നെള്ളി അനുഗ്രഹിക്കുകയും ആ പുണ്യാത്മാവിന്റെ അന്ത്യനിമിഷങ്ങൾക്ക് സാക്ഷ്യം വഹിക്കുകയും ആ തിരുശരീരം അംശവസ്ത്രങ്ങളണിയിച്ചിരുത്തുകയും ചെയ്ത മോർ സ്തേഫാനോസ് പള്ളിയെ വലംവെച്ച് വി. മോറോൻ വന്ന പാതയിലൂടെ വി. കബറിങ്കിൽ എത്തിച്ചേരുന്നു. അഹോരാത്രം പരി. പിതാവിന്റെ സന്നിധിയിൽ അഖണ്ഡപ്രാർത്ഥന നടത്തുന്നു.

പെരുന്നാൾ ദിവസം മോർ സ്തേഫാനോസ് പള്ളിയിൽ നടത്തപ്പെടുന്ന ആദ്യത്തെ വി. കുർബ്ബാനയിലും പിന്നീട് ദയറാപള്ളിയിൽ നടത്തപ്പെടുന്ന വി. കുർബ്ബാനയിലും സംബന്ധിക്കുന്ന ഭക്തജനങ്ങൾ അനുഗ്രഹം പ്രാപിച്ച് സംതൃപ്തരായി മടങ്ങിപോകുന്നു.

# ജൂബിലിയുടെ സന്ദേശം

**ഡി. ബാബുപോൾ, ബാറീത്തോ ബ്രീറോ**

പരി.ഏലിയാസ് ബാവായുടെ കബറിങ്കൽ പോയതിനെക്കുറിച്ചുള്ള ചിത്രം മൂടൽ മഞ്ഞിനപ്പുറത്താണ്. ഏഴോ എട്ടോ വയസ്സുകാണും. അമ്മച്ചി (അമ്മയുടെഅമ്മ. എരുത്തിക്കൽ ബാവായുടെ പൗത്രി. പുന്നത്ര മോർ ദിവന്നാസിയോസിന്റെ പ്രപൗത്രസ്നുഷ, 22-ാം വയസ്സിൽ വിധവയായി. 78-ാമത്തെ വയസ്സിൽ അന്തരിക്കുവോളും ഉപവാസവും പ്രാർത്ഥനയും കൊണ്ട് ഏകപുത്രിയുടെ ഭവനാന്തരീക്ഷത്തെ ധന്യമാക്കി. കുറുപ്പംപടിയിലെ കുഴിമാടത്തിൽ നിന്ന് അനിയനും ഞാനും, അന്നാട്ടിൽ അമ്മച്ചിയെ അറിഞ്ഞിരുന്നവരിൽ ജീവനോടിരിക്കുന്ന അംഗുലീപരിമിതരും ഇന്നും അനുഗ്രഹം പ്രാപിക്കുന്നു. നീതിമാന്മാരുടെ ഓർമ്മ വാഴ്വിനായിരിക്കും എന്നത് മാറ്റമില്ലാത്ത സത്യം. ഇത് അനുഭവിച്ചവന്റെ സാക്ഷ്യം. ഈ സാക്ഷ്യം വിശ്വാസ്യം) കൊണ്ടുപോയതാണ് പരുമലയിലും മഞ്ഞനിക്കരയിലും. ഒരു വ്യാഴവട്ടക്കാലത്തെ ഊഷരദാമ്പത്യത്തിനൊടുവിൽ നീലക്കുറിഞ്ഞിയായി തെളിഞ്ഞ ഉർവ്വരതാംബിംബം ആയിരുന്നുവല്ലോ ഞാൻ. നേർച്ചപ്പേരിട്ട് എന്നെ ദാനിയേൽ എന്ന് വിളിച്ചപ്പോൾ മെത്രാനാകാൻ പറഞ്ഞ നേരത്ത് ഒതുങ്ങിയിരുന്ന് പ്രാർത്ഥിക്കാമെന്ന് പറഞ്ഞ് മാറിയ എരുത്തിക്കൽ ദാനിയേൽ കോറെപ്പിസ്കോപ്പായുടെ മദ്ധ്യസ്ഥതയിൽ അഭയപ്പെട്ട അനന്തരവൾ കൃതജ്ഞതാസൂചകം എന്നേ കരുതിക്കാണാനിടയുള്ളൂ. ബാബിലോൺ സിവിൽ സർ വ്വീസിലെ റാങ്കുകാരനായ സുന്ദരപുരുഷനെ ഓർത്തിരിക്കുകയില്ല. ഏതായാലും ദാനിയേലിന്റെ കാലിൽ ഒരു അരിമ്പാറപോലെ എന്തോ വന്നപ്പോൾ ബാലകനോടൊത്ത് തീർത്ഥാടനത്തിന് ഇറങ്ങി ആ ഭക്തികുബേര.

പരുമലയിലേയ്ക്ക് പോകാൻ ഒരു വള്ളത്തിൽ വിരണ്ടിരുന്നത് ഓർമ്മയുണ്ട്. മഞ്ഞനിക്കരയെ സംബന്ധിച്ച് അത്ര പോലും ഓർമ്മ വരുന്നില്ല. എങ്കിലും പിൽക്കാലത്ത് ഏലിയാസ് ബാവായെക്കുറിച്ച് അറിഞ്ഞു. ബാവ മലങ്കരയിൽ വരുന്നതിന് തൊട്ടുമുൻപ് മദിരാശിയിൽ എത്തിയപ്പോൾ അന്ന് അവിടെ വികാരിയായിരുന്ന അച്ഛൻ (കോറൂസോ ദശറോറോ പി.എ. പൗലോസ് കോറെപ്പിസ്കോപ്പ) ആണ് ബാവായെ മെഴുകുതിരി കൊടുത്ത് സ്വീകരിച്ചത്. അന്ന് കേരളത്തിനുപുറത്ത് മറ്റെങ്ങും ഇടവകകൾ ഉണ്ടായിരുന്നില്ല. അതിനാൽ ഒരു ഇടവകയിലേയ്ക്ക് ബാവായെ ആദ്യം സ്വീകരിച്ച വികാരി എന്റെ വന്ദ്യ പിതാവ് ആയിരുന്നു എന്ന് അഭിമാനത്തോടെ അനുസ്മരിക്കുന്നു ഞാൻ. അന്ന് മദ്രാസിൽ ഒരു ഇടവകയെ ഉള്ളൂ. അച്ഛന്റെ മുൻഗാമി 'വിമാനത്തിൽ കയറി തലകറങ്ങിയ പൂക്കുന്നേലച്ചൻ' അങ്കമാലി ഭദ്രാസനത്തിൽനിന്ന് തന്നെ ആയിരുന്നു. എം. എ. യ്ക്ക് പഠിക്കുമ്പോൾ മരിച്ചു. 'വിമാനത്തിൽ കേറി കീഴ്പ്പോട്ട് നോക്കിയതിന്റെ പേടിയായിരുന്നു' എന്നായിരുന്നു വടക്കൻ തിരുവിതാംകൂറിലെ കഥ. ഗിണ്ടി എൻജിനിയറിംഗ് കോളേജ് പ്രിൻസിപ്പാൾ ഡോ. കെ.സി. ചാക്കോയും ബാരിസ്റ്റർ വി. കെ. ജോണും (അദ്ദേഹം പള്ളിയിൽ കയറുമായിരുന്നില്ല പോൽ ! ഭാര്യയെ കാറിൽ വിടും കൃത്യസമയത്തുതന്നെ) ഉൾപ്പെടുന്ന ഇടവകാംഗങ്ങൾ മിക്കവരും മെത്രാൻകക്ഷി. മദ്രാസിൽ പഠിക്കാനെത്തുന്ന അച്ചനെ അവർ കക്ഷി നോക്കാതെ സ്വീകരിച്ചു വന്നു. ബാവായെ സഭാ തലവനായി സ്വീകരിച്ച ഇടവക സഭയിലെ വഴക്കും വക്കാണവും തീർത്തുതരണം എന്ന് അപേക്ഷിക്കുന്ന ഒരു ഹർജ്ജിയും സമർപ്പിച്ചു. ബാവ വന്നതും അതിനായിരുന്നല്ലോ. നമ്മുടെ പടലപിണക്കങ്ങളും താൽപര്യങ്ങളും തന്നെ ആയിരുന്നു ഐക്യത്തിന് തടസ്സം. അന്ന് ഇപ്പോഴത്തെ ദേവലോകം ഭരണഘടനയോ പാത്രിയർക്കീസിനെ ഒഴിവാക്കണം എന്ന ചിന്തയോ മറുപക്ഷത്തിന് ഉണ്ടായിരുന്നില്ല എന്ന് ഓർമ്മിക്കേണ്ടതുണ്ട് ഈ പ്രകൃതത്തിൽ.



സമാധാനത്തിന്റെ മാലാഖ ആയിട്ടാണ് ഏലിയാസ് ബാവ വന്നത്. അദ്ദേഹം മലങ്കര മെത്രാപ്പോലീത്തായുടെ അധികാരം കുറയ്ക്കുവാനോ ഇടവകപള്ളിയിൽ വിധേയത്വം പ്രഖ്യാപിക്കുന്ന ഉടമ്പടികൾ ശേഖരിക്കുവാനോ ശ്രമിച്ചില്ല. എന്നിട്ടും ആ വന്ദ്യ പിതാവിന്റെ സമാധാനാഭിലാഷം നാം തിരിച്ചറിഞ്ഞില്ല. അതിന്റെ ഫലമാണ് ഇന്ന് നാം കാണുന്നതും. റോമാ സഭയിൽ മലങ്കര റീത്തിന്റെ മേജർ ആർച്ച് ബിഷപ്പ് - കാതോലിക്ക കൈയ്യാളുന്ന അധികാരവും അനുഭവിക്കുന്ന സ്വാതന്ത്ര്യവും പോലും മലങ്കര സഭ ആവശ്യപ്പെടാതിരുന്ന കാലത്ത് നിന്ന് കോട്ടയത്തിന്റെ മാർപ്പാപ്പ എന്ന പരിഹാസ്യമായ അവകാശവാദത്തിലേയ്ക്ക് എത്തുവാൻ ദേവലോകക്കാർ ശ്രമിച്ചത്. എന്നിട്ടോ? പാത്രിയർക്കീസിനെ അംഗീകരിക്കാത്തവർ പാത്രിയർക്കീസിനെ അംഗീകരിക്കുന്ന കോടതിവിധി ഉയർത്തിപ്പിടിക്കുകയും കോടതി അംഗീകരിച്ച ഭരണഘടനയിലെ വ്യവസ്ഥകൾ ദുർവ്യാഖ്യാനം ചെയ്യുകയും ചെയ്യുന്നു. ഏലിയാസ് ബാവ ആശിച്ച സമാധാനം അട്ടിമറിച്ചതിനുള്ള ദൈവകോപമാണ് ഇവിടെ കാണുന്നത്. അക്രൈസ്തവർ കോടതിവിധികളിലൂടെ സുവിശേഷ വ്യാഖ്യാനം ചമയ്ക്കപ്പെടുമ്പോൾ നാം ലജ്ജിക്കുന്നില്ല. ഏ. എം. തോമസിന്റെ പത്നിയുടെ ശവസംസ്കാരത്തിന് തടസ്സം സൃഷ്ടിച്ചവരുടെ സംസ്കാരത്തിന് ആരും സൃഷ്ടിക്കാതെ തടസ്സം ഉണ്ടാകുന്നത് നമ്മുടെ കണ്ണ് തുറപ്പിക്കുന്നില്ല. കഴിഞ്ഞവർഷം അച്ചന്മാർ കയറിയല്ലോ, ഈ വർഷം നമുക്ക് കുറെക്കൂടെ മുന്നോട്ട് പോകാം.



ഏലിയാസ് ബാവ മോഹിച്ച ഐക്യം അന്നത്തെ രൂപത്തിൽ ഇനി സാദ്ധ്യമാവുമെന്ന് തോന്നുന്നില്ല. എങ്കിലും ക്രൈസ്തവ സാക്ഷ്യത്തെ വികലമാക്കുന്ന നടപടികളിൽ നിന്ന് ഒഴിഞ്ഞുനിൽക്കാൻ നമുക്ക് ഇരുകൂട്ടർക്കും കഴിയണം. അതാണ് മഞ്ഞനിക്കര ജൂബിലിയുടെ സന്ദേശം.



# MOR ADAI STUDY CENTRE

http://moradaistudycenter.cjb.net/

Members of this special book club are eligible to get the books published by MASC to the face value of Rs.1500 including postage all over the World. They are expected to pay a one time payment of Rs. 5000 in India and $150 abroad

**Ordinary Book Club**

Mor Adai study centre is now promoting the readers to join the book club in which a member is entitled to get books worth Rs.300/- by post in India every year provided he deposits Rs.1000/- with the centre. As long as he keeps this deposit he continues this privilege. This scheme is valid only in India.

## LIST OF BOOKS

1) **Perumpilly Thirumeni: Malankara Sabhayude Kaal Noottandu** Kuriakose Corepiscopa Moolayil pp.315,Rs.150/- ($20)

2) **Jeevante Appam,A Study on the Holy Eucharist,** Kuriakose Corepiscopa Moolayil, pp.120 Rs.15/-

3) **Four Historic Documents,** Kuriakose Corepiscopa Moolayil, Ed.pp.192 Rs.150/- ($20)

4) **The Indian Church of St.Thomas** by E.M.Philip pp.396,Rs.200/-($25)

5) **Sathya Viswasa padanangal,** Kuriakose Corepiscopa and Rev.Dr.George Mathew Nalunnakkal, pp116, Rs.40/- ($10)

6) **Kazchapadukal,** Rev.Dr.George Mathew Nalunnakkal pp106, Rs.40/- ($10)

7) **Suriyani Sabha, Malayalam translation of the book** by H.H.Ignatius Yacoob 111 Price-Rs.200/-($20)pp.396

8) **Eucharistic Service of the Jacobites ,** Kadavil Poulose Mor Athanasius Metropolitan. Price-Rs.100($10)pp.204

9) **English translation of the Common Prayers of the Jacobites for ordinary days and lent days.** Price- Rs.25($3)

10) **English translation of Morning prayers for Sundays in the Syriac tunes** by Kurian Corepiscopa Kanianparampil Price- Rs.10 ($1)

11) **Malayalathulla Suriyani Christianikalude Sabha Charithram.**By Pukadiyil Itoop Writer.3rd Edition Edited by Kuriakoe Moolayil . Price Rs.200($20)

13) **Slaiheeka Sandarsanam:Vivadangalum Visadeekarangalum.**By Kuriakose Corepiscopa Moolayil. Price 25/($5)

14) **Vidhinadathal Harji: Vidhyum Vyakhyanavum** Kuriakose Corepiscopa (Sold Out)

15) **Vishudhanmarum Vangipoyavarum (Sold Out)**

16) **Purvika Pithakanmarum Pothu Sunnahadosukalum** Puthusheri Joseph Kathanar

17) **Guide to the Altar Assistents** by Kuriakose Corepiscopos Moolayil based on Dr. Kadavil Paulose Mor Athanasius

18) **Paurasthya Catholicasthapanathinte yadhardhanila** Ed. by Kuriakose Corepiscopos Moolayil

19) **Mathopadeshapalanam** by E.M Philip

**FORTH COMING BOOK**

2) **Trilinguel Eucharist Service book with 13 naphorate**

(Syriac, English, Malayalam)



ചീഫ് എഡിറ്റർ: ബിബി എബ്രഹാം കടവുംഭാഗം, പുളിക്കൽകവല പി.ഒ.,വാഴൂർ

Ph: 0481-2456498, 2458198, 9446921775,

Sponsored by: Mor adai Study Center http://moradaistudycenter.cjb.net

editor@viswasasamrakshakan.org abrahambibby@yahoo.com